KOTTAYAM PUBLIC LIBRARY

Call No M294 Acc. No 19650

Author നാരായണൻ ഭട്ടതിരിപ്പാട്
മേപ്പത്തൂർ

Title ശ്രീ പാദസപ്തതി

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1021

# ശ്രീപാദസപ്തതി

(ഭാഷാവ്യാഖ്യാനത്തോടു കൂടിയതു്)

ഗ്രന്ഥകർത്താവു്:

മേപ്പത്തൂർ ഭട്ടതിരിപ്പാടു്.

—*—

വ്യാഖ്യാതാവു്:

തെക്കട്ടമാത്തിൽ ശങ്കരൻ നമ്പിടി.

—*—

ഏ. ആർ. പി. പ്രസ്സ്,

കുന്നംകുളം.

1949

വില 1 ക.

[പകർപ്പവകാശം വ്യാഖ്യാതാവിനു്]

M 294

# അവതാരിക.

ശ്രീപാദസപ്തതിയെന്നതു് മൂക്കോലെ ഭഗവതിയെക്കുറിച്ചുള്ള ഒരു സ്തുതിയാകുന്നു. ശ്രീമന്നാരായണീയസ്തോത്രകർത്താവായ മേപ്പത്തൂർ നാരായണഭട്ടതിരിപ്പാട്ടു തിരുമനസ്സുകൊണ്ടാണ് ഈ സ്തോത്രമുണ്ടാക്കിയിട്ടുള്ളതു്. ശ്രീഗുരുവായൂരപ്പൻെറ ഭക്താഗ്രഗണ്യനായ അദ്ദേഹം ഗുരുവായൂരപ്പൻെറ പ്രത്യേകകല്പന പ്രകാരം മുക്തിസ്ഥലം (മൂക്കോലെ) എന്നു പ്രസിദ്ധമായ ദേവീ ക്ഷേത്രത്തിൽ ചെന്നു് ദേവിയെ ഭജിക്കയുണ്ടായിയെന്നും, അതു അദ്ദേഹത്തിൻെറ അന്ത്യദശ അടുത്തൊരവസരത്തിലാണെന്നും, അന്നു ദേവിയെ സ്തുതിക്കാനായി ഉണ്ടാക്കിയിട്ടുള്ളതാണു ശ്രീപാദസപ്തതിയെന്നും ഭക്തന്മാർ പറഞ്ഞു വരുന്നു. സ്തോത്രത്താൽ സന്തുഷ്ടയായ ദേവിയുടെ അനുഗ്രഹത്താൽ തിരുമനസ്സുകൊണ്ടു അവിടെവെച്ചുതന്നെ, നിയമേന അനുഷ്ഠിച്ചുവരാറുള്ള ഭാഗവതപാരായണത്തിൻെറ അവസാനത്തിൽ വിഷ്ണുപാർഷദന്മാരാൽ കൊണ്ടുവരപ്പെട്ട വിമാനത്തിൽ കയറി ഭക്തദൃശ്യനായി വൈകുണ്ഠത്തിലേക്കു എഴുന്നള്ളിയെന്നാണു ഐതിഹ്യം. ക്ഷേത്രത്തിൽ ദർശനത്തിന്നു പോകുന്നവർ അവിടെ മതിലിൻെറ ഒരു വശം തൊട്ടു വന്ദിക്കുന്നതിൻെറ താല്പര്യം, അദ്ദേഹം ദിവ്യശരീരിയായി വിമാനത്തിൽ ആരോഹണം ചെയ്ത സ്ഥലമാണെന്ന സങ്കല്പത്താലാണ്. ലോകാനുഗ്രഹതല്പരനായ ശ്രീഗുരുവായൂരപ്പൻ ഭട്ടതിരിപ്പാട്ടു തിരുമനസ്സിനെക്കൊണ്ടു ശ്രീമന്നാരായണീയ സ്തോത്രമുണ്ടാക്കി

ച്ചതുപോലെ, സന്ദർഭമുണ്ടാക്കിത്തീൎത്തു ഇങ്ങിനെയൊരു വിശിഷ്ട സ്തോത്രവുംകൂടി അദ്ദേഹത്തിനെക്കൊണ്ടു തന്നെ രചിപ്പിച്ചു ഭക്തജനങ്ങളെ അനുഗ്രഹിച്ചു എന്നുമാത്രമെ ഇവിടെ പറയുവാൻ തോന്നുന്നുള്ളു. അമാനുഷനായ ഭട്ടതിരിപ്പാട്ടു തിരുമനസ്സിലെ യോഗ്യതകളെപ്പററി മഹാജനങ്ങൾ ചരിത്രമാൎഗ്ഗേണ നല്ലവണ്ണം ധരിച്ചിരിക്കുമല്ലൊ. അതുകൊണ്ടു കവിയെപ്പററിയ നിരൂപണം ഇവിടെ തീരെ ആവശ്യമില്ല.

മൂക്കോലെ ക്ഷേത്രം, മേലേക്കാവു എന്നും കീഴെക്കാവു (കാത്ത്യായിനീക്ഷേത്രം) എന്നും നാമധേയങ്ങളിൽ രണ്ടായി കാണപ്പെടുന്നതിൽ മേലെക്കാവിലെ വിഗ്രഹം സ്വയംഭൂവാണ്. അവിടെ ഭഗവതിയായിട്ടാണ് സങ്കല്പിച്ചു വരുന്നതു്. വിഗ്രഹത്തിൻെറ സമീപത്തിലായി, വഴ എരഞ്ഞി അശോകം തുടങ്ങിയ വിശിഷ്ട വൃക്ഷങ്ങൾ നില്ക്കുന്നുണ്ടു. മതിൽക്കകത്തുള്ള മററു വൃക്ഷങ്ങളും ഇതുകളെപ്പോലെ മുറിക്കാൻ പാടില്ലാത്തവയാണ്. അവിടെ അസാധാരണമായൊരു തേജസ്സു സാന്നിദ്ധ്യം ചെയ്യുന്നുണ്ടെന്നും, അതു ആരുടെ തേജസ്സാണെന്നു വ്യക്തമായി അറിയുവാൻ യാതൊരാൾക്കും സാധിച്ചിട്ടില്ലെന്നും പ്രസിദ്ധിയുണ്ടു. ജഗൽഗുരു ശ്രീശങ്കരാചാൎയ്യസ്വാമികൾ മൂൎത്തിയെ അറിയണമെന്ന ഉദ്ദേശത്തോടുകൂടി അവിടെ ഭജിച്ചു താമസിക്കയുണ്ടായിയെന്നും, ഏതു സ്വരൂപത്തിൽ ഉപാസിച്ചാലും ആ മൂൎത്തി അതിൽനിന്നു പ്രത്യക്ഷപ്പെടുമെന്നല്ലാതെ അവിടെയുള്ള തേജസ്സിന്നു യാതൊരു കുറവും കാണായ്കയാൽ മൂൎത്തിയെ നിൎണ്ണയിക്കുന്ന കാൎയ്യത്തിൽ ശക്തനായില്ല എന്നും, ദീർഘാലോചന

ചെയ്തതിന്നു ശേഷം ദേവനെന്നൊ ദേവിയെന്നൊ നി ൎണ്ണയിച്ചു പറയാൻ സാധിക്കാത്ത മട്ടിൽ 'മുലയുള്ള വി ഷ്ണു' എന്നിങ്ങിനെ ഒടുവിൽ അരുളിച്ചെയ്തുവെന്നും മഹാ ന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്. അന്നു ആചാൎയ്യസ്വാമികൾക്കു പ്രത്യക്ഷമായ, ശിവൻ വിഷ്ണു കാൎത്ത്യായിനി ഭദ്രകാളി തുടങ്ങിയ മൂൎത്തികളെ ആചാര്യസ്വാമികൾ ക്ഷേത്രപരി സരങ്ങളിൽ പ്രതിഷ്ഠിക്കകയും ചെയ്തു. ഇതിന്നുള്ള തെ ളിവുകളെല്ലാം അവിടങ്ങളിൽ അന്വേഷിച്ചാൽ അറി യാവുന്നതാണ്. പതിവായി നിവേദ്യം കഴിക്കുന്ന സ മ്പ്രദായമല്ലാതെ (പ്രാണാഹുതി ചെയ്യുന്നതു് ഏകദേ ശം ഗുരുവായൂരിലെ രീതിയിലാണെന്നു കൂടി കേട്ടിട്ടു ണ്ടു) അവിടെ സാധാരണയായി പൂജ പതിവില്ലെന്നു ള്ളതും മൂൎത്തിയെ അറിയാൻ സാധിച്ചിട്ടില്ലെന്നുള്ളതി ലേക്കു തെളിവാണല്ലൊ. ഭജനകാലങ്ങളിൽ ആചാര്യ സ്വാമികൾ എഴുന്നള്ളിയിരുന്നതാണെന്നു പറയപ്പെട്ടു ന്നൊരു തറ ക്ഷേത്രത്തിലിന്നുമുണ്ടു. ദേവിയെ ദൎശിക്കാൻ പോകുന്ന ഭക്തന്മാർ അവിടേയും വന്ദിക്കാറുണ്ടു. ശ്രീ കൃഷ്ണഭക്തശിരോമണിയായ ബ്രഹ്മശ്രീ കൂടല്ലൂര് മനയ്ക്കൽ കുഞ്ഞിക്കാവു നമ്പൂതിരിപ്പാട്ടു തിരുമനസ്സുകൊണ്ടു പല പ്പോഴും അവിടെച്ചെന്നു ദേവിയെ ഭജിക്കുക പതിവാ യിരുന്നു. അദ്ദേഹമാണു ക്ഷേത്രം ചെമ്പുപലകയടിപ്പി ച്ചതു്. മൂക്കോലെ ഭഗവതിയുടെ മാഹാത്മ്യങ്ങൾക്കു അ വസാനമില്ല. മോക്ഷത്തെ ഇച്ഛിക്കുന്ന ഭക്തന്മാർ (അമൃ താൎത്ഥികൾ) പ്രത്യേകം ശ്രദ്ധിച്ചു സേവിക്കേണ്ടതായ മൂ ൎത്തിയാണു അവിടെ സാന്നിദ്ധ്യം ചെയ്യുന്നതെന്നു ഇതു കൊണ്ടെല്ലാം സ്പഷ്ടമാണല്ലോ.

ഒരേ ചൈതന്യത്തെത്തന്നെ ഉപാധിഭേദംകൊണ്ടു ദേവനെന്നും ദേവിയെന്നും രണ്ടായി പറഞ്ഞുവരുന്നു. ശക്തിയും ശക്തനും രണ്ടല്ലാത്തതുപോലെ, പരമാൎത്ഥത്തിൽ അവർ ഒന്നുതന്നെയാണെന്നുള്ളതിലേക്കു, "യഃ കൃഷ്ണഃ സൈവദുർഗ്ഗാസ്യാൽ, യാ ദുർഗ്ഗാ കൃഷ്ണ ഏവസാ" (ഗൌതമീയതന്ത്രം) ഇങ്ങിനെ തുടങ്ങി അസംഖ്യം പ്രമാണങ്ങളുണ്ടു. അതിന്നു പുറമെ, വിഷ്ണുഭഗവാൻ ശിവമോഹിനിയായി തിരുവവതാരംചെയ്ത കഥയും പ്രസിദ്ധമാണല്ലൊ. ആകയാൽ ഗുരുവായൂരപ്പൻെറ ശ്രീപാദപത്മങ്ങളിൽ ഏകാന്തഭക്തിയോടുകൂടിയ ഭട്ടതിരിപ്പാടു, ഗുരുവായൂരപ്പനെത്തന്നെ ദേവീസ്വരൂപത്തിൽ സ്തുതിക്കുകയാണു് സപ്തതികൊണ്ടു ചെയ്തിട്ടുള്ളതെന്നു വിശ്വസിച്ചാലും വിരോധമില്ല. മായാമോഹങ്ങൾ നിശ്ശേഷം നശിക്കാനും അഭീഷ്ടം സിദ്ധിക്കാനും ദേവീപ്രസാദം അത്യാവശ്യമാണല്ലോ.

ഗുരുവായൂർ ക്ഷേത്രം മുക്തിസ്ഥലമാവുന്നതെങ്ങിനെ എന്നാണെങ്കിൽ, ഭഗവാൻെറ പൂജ മുതലായ അടിയന്തരങ്ങൾ, ഭാഗവതപാരായണം, തിരുനാമസങ്കീൎത്തനം ഇങ്ങിനെ തുടങ്ങി മുക്തി സിദ്ധിക്കുവാനുള്ള അനുഷ്ഠാനങ്ങൾ രാപ്പകൽ ഭേദംകൂടാതെ ഗുരുവായൂർ മഹാക്ഷേത്രത്തിലല്ലാതെ ഇത്രയും കൃത്യമായും സുലഭമായും മറേറതു സ്ഥലത്താണു് നിരന്തരം അനുഷ്ഠിച്ചുവരുന്നതു്. അതുകൊണ്ടു ഗുരുവായൂർ മതിലകം മുക്തിസ്ഥലമാണെന്ന കാൎയ്യത്തിൽ യാതൊരു സംശയവുമില്ല. സപ്തതി വളരെ മാഹാത്മ്യമുള്ള സ്തോത്രമായതുകൊണ്ടു അതു പാരായണം ചെയ്യുന്നവൎക്കു ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നതാണു്. ഗുരു

വായൂരപ്പന്റെ ഭക്തന്മാർ, ഇന്നത്തെ സ്ഥിതിക്കു പ്രത്യേകിച്ചും സർവ്വശക്തികളെക്കൊണ്ടും പരിപൂർണ്ണനായതുകൊണ്ടു ദേവ സ്വരൂപേണയും ദേവീ സ്വരൂപേണയും അനുഗ്രഹിക്കാൻ ശക്തിയുള്ള ശ്രീ ഗുരുവായൂരപ്പന്റെ ശ്രീപാദകമലങ്ങളെ മനസ്സിൽ ധ്യാനിച്ച്, അവിടുത്തെത്തന്നെയാണ് ദേവീസ്വരൂപത്തിൽ സ്തുതിക്കുന്നതെന്ന സങ്കല്പത്തോടുകൂടി, അഥവാ, ഈ സ്തോത്രപാരായണംകൊണ്ടു ഗുരുവായൂരപ്പൻ സന്തോഷിക്കണെ എന്നിപ്രകാരം പ്രാർത്ഥിച്ചുകൊണ്ടു സപ്തതി ജപിക്കുന്നതായാൽ, അതു എല്ലാപ്പത്തിൽ ഫലപ്രദമായി ഭവിക്കുമെന്ന സംഗതിയും ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമായിട്ടുള്ളതാകുന്നു. പണ്ഡിതശ്രേഷ്ഠനായ ശ്രീ കൊടുങ്ങല്ലൂർ കുഞ്ഞൻരാജാവു തിരുമനസ്സുകൊണ്ടു ദേവിയുടെ പ്രത്യേക കടാക്ഷത്തോടുകൂടി ശ്രീപാദസപ്തതി സംസ്കൃതത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു. സപ്തതി പാരായണം ചെയ്യാൻ ആഗ്രഹിക്കുന്നവരും സംസ്കൃതപരിചയമില്ലാത്തവരുമായ ജനങ്ങൾക്കുകൂടി ഉപകാരമാക്കിത്തീർക്കുന്നതു അത്യാവശ്യമാണെന്നിങ്ങിനെ ഭക്തന്മാർ അഭിപ്രായപ്പെട്ടതുകൊണ്ടാണ് ഭാഷാവ്യാഖ്യാനത്തോടുകൂടി ഈ സ്തോത്രം പ്രസിദ്ധപ്പെടുത്തുവാൻ ഇടയായതു്. ഭട്ടതിരിപ്പാടു തിരുമനസ്സിലെ ഈ പ്രൌഢസ്തവത്തിന്നു ഭാഷാവ്യാഖ്യാനമെഴുതുന്ന കാര്യത്തിൽ ബാലബുദ്ധിയായ ഇയ്യുള്ളവൻ അധികാരിയല്ലെന്നിരിക്കിലും, വാത്സല്യനിധിയായ ലോകമാതാവിനെ സ്തുതിക്കുന്ന കാര്യത്തിൽ ആവുന്നവിധം യത്നിച്ചുവെന്നൊരു സമാധാനമാണു എനിക്കുള്ളതു്. ഈ പുസ്തകത്തിൽ വല്ല അബദ്ധോക്തികളും വന്നിട്ടുണ്ടെങ്കിൽ അതു

കളെ, നിമ്മത്സരന്മാരായ സജ്ജനങ്ങൾ സദയം ക്ഷമിച്ചു വേണ്ടവിധം ഉപദേശിച്ചു തരുന്നതായാൽ അടുത്ത പതിപ്പിൽ ശരിപ്പെടുത്തുന്നതാണ്. ഭട്ടതിരിപ്പാട്ടു തിരുമനസ്സിലെ തന്നെ കൃതിയാണെന്നു വിശ്വസിക്കാവുന്ന ദേവിയുടെ കേശാദിപാദാന്തത്തെ വർണ്ണിക്കുന്നതായ ഒരു സ്തുതിയും സപ്തശതിയുടെ അവസാനത്തിൽ ഒരു ഭാഗമായി ചേർത്തിട്ടുണ്ടു. ഇതുകൊണ്ടെല്ലാം ദീനവത്സലനായ ശ്രീ ഗുരുവായൂരപ്പനും ജഗദംബികയായ മൂക്കോലെ ഭഗവതിയും ഭക്തജനങ്ങളും ഏററവും സന്തോഷിക്കണെ എന്നു പ്രാർത്ഥിച്ചുകൊണ്ടും, ഈ വിശിഷ്ടസ്തോത്രം ഇതരഭാഷകളിൽക്കൂടി തർജ്ജമചെയ്തു് പ്രചരിപ്പിക്കുന്ന കാര്യത്തിൽ ഉദാരശീലന്മാരായ ഭക്തന്മാർ പരിശ്രമിക്കുമെന്നു വിശ്വസിച്ചുകൊണ്ടും ഈ പുസ്തകവും മഹാജനസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

"സിംഹാരൂഢാം ത്രിനേത്രാം കരതലവിലസ-
ച്ഛംഖചക്രാസിരമ്യാം
ഭക്താഭീഷ്ടപ്രദാത്രീം രിപുമഥനകരീം
സർവ്വലോകൈകവന്ദ്യാം;
സർവ്വാലങ്കാരയുക്താം ശശിയുതമകുടാം
ശ്യാമളാംഗീം കൃശാംഗീം
ദുർഗ്ഗാം ദേവീം പ്രപദ്യേ ശരണമഹമശേ-
ഷാപദുന്മൂലനായ."

അമ്മയുടെ തൃപ്പാദദാസൻ,
(വ്യാഖ്യാതാവ്)

# ശ്രീപാദസപ്തതി.
(൧)

ഹരിഃ ശ്രീ ഗണപതയെ നമഃ
അവിഘ്നമസ്തു.

ശ്രീ ഗുരുഭ്യോ നമഃ

ദേവിയുടെ തൃപ്പാദഭക്തന്മാരിൽ അഗ്രഗണ്യനും മഹാകവിയുമായ മേപ്പത്തൂർ നാരായണഭട്ടതിരിപ്പാട്ടു തിരുമനസ്സുകൊണ്ടു, മുക്തിസ്ഥലം എന്നു പ്രസിദ്ധമായ ദേവാലയത്തിൽ നിത്യസാന്നിദ്ധ്യം ചെയ്യുന്ന ദേവിയെക്കുറിച്ചു ശ്രീപാദസപ്തതി സ്തോത്രത്തെ ഉണ്ടാക്കാനായി ഇച്ഛിച്ചുകൊണ്ടു, പ്രഥമമായി ദേവീഭജനരൂപമാകുന്ന മംഗളത്തെ ആചരിയ്ക്കുന്നു. ദേവിയെ നാലു തൃക്കൈകളോട്ടുകൂടിയ സ്വരൂപേണയാണു വൎണ്ണിയ്ക്കുന്നതു്. എല്ലാ പദ്യങ്ങൾക്കും പ്രായേണ അന്വയപ്രകാരമുള്ള അൎത്ഥത്തെ വ്യാഖ്യാനത്തിൽ ആദ്യമായി വിവരിക്കാം.

ദക്ഷാധഃ കരപല്ലവെ ലസദസിം
    ദക്ഷോൎദ്ധ്വഗെ ശൂലിനീം
വാമോൎദ്ധ്വേ ഫലകോജ്ജ്വലാം കടിതട-
    ന്യസ്താന്യ ഹസ്താംബുജാം;
ശൂലാഗ്രാഹത കാസരാസുര ശിരോ-
    നിഷ്ഠാം പ്രഹൃഷ്ടാം സുരൈ-
ൎജ്ജുഷ്ടാമിഷ്ട ഫലപ്രദാം ഭഗവതീം
    മുക്തി സ്ഥലസ്ഥാം ഭജേ.

സാരം:—അടിയൻ മുക്തിസ്ഥലനിവാസിനിയായ ദേവിയെ ഭജിയ്ക്കുന്നു. എങ്ങിനെയിരിയ്ക്കുന്ന ദേവിയെ ഭജിയ്ക്കുന്നുവെന്നു വിശേഷണങ്ങൾകൊണ്ടു കാണിയ്ക്കുന്നു. വലത്തുഭാഗത്തുള്ള താഴത്തെ കരപല്ലവത്തിൽ വളരെ ശോഭയുള്ള പള്ളിവാളും, വലത്തുഭാഗത്തുള്ള മുകളിലത്തെ കരപല്ലവത്തിൽ ജാജ്വല്യമാനമായ ശൂലായുധവും ധരിച്ചിരിയ്ക്കുന്നു. ഇടത്തുഭാഗത്തുള്ള മുകളിലത്തെ കരപല്ലവത്തിൽ ധരിച്ചിരിയ്ക്കുന്ന പലിശകൊണ്ടു പ്രകാശമാനയാണു്. ഇടത്തുഭാഗത്തുള്ള താഴത്തെ കരപങ്കജം, അരക്കെട്ടിൽ ചേർത്തുവെച്ചിരിയ്ക്കുന്നു. തൃക്കയ്യിൽ ധരിച്ചിട്ടുള്ള ശൂലത്തിൻെറ അതിമൂർച്ചയുള്ള വലിയ മുനകൾകൊണ്ടു വർദ്ധിച്ച കോപത്തോടുകൂടി ഏററവും കുത്തിപ്പിളക്കപ്പെട്ട മഹിഷാസുരൻെറ ശിരസ്സിൽ രണ്ടു തൃപ്പാദങ്ങൾ വെച്ചു സ്ഥിതി ചെയ്യുന്നു. ഇന്ദ്രൻ തുടങ്ങിയ എല്ലാ ദേവന്മാരും ഭക്തിയോടുകൂടി സ്തുതിനമസ്കാരാദികൾ ചെയ്തു് സേവിച്ചുംകൊണ്ടു സ്ഥിതി ചെയ്യുന്നു. അതു ഹേതുവായിട്ടുതന്നെ സന്തുഷ്ടയായി, ഭക്തന്മാൎക്കു അഭീഷ്ടവരങ്ങളെ ധാരാളമായി കൊടുത്തുകൊണ്ടു മുക്തിസ്ഥലം എന്നു അന്വൎത്ഥമായ ദേവസ്ഥാനത്തു എഴുന്നള്ളിയിരിയ്ക്കുന്ന ഐശ്വൎയ്യാദി ഷൾഗുണപരിപൂൎണ്ണയായ ദേവിയെ അടിയൻ ഭജിയ്ക്കുന്നു.

മഹിഷവധാനന്തരം നിർഭയന്മാരായി ചിത്തസമാധാനത്തോടുകൂടി ഭവിച്ചവരായ ദേവന്മാർ സമീപത്തു വന്നു സ്തുതിയ്ക്കുന്നതുകേട്ടു സന്തുഷ്ടയായ ദേവി, ആശ്രിതന്മാരായ അവൎക്കായിക്കൊണ്ടു ഇഷ്ടവരങ്ങളെ പ്രദാനം ചെയ്തുകൊണ്ടിരിയ്ക്കുന്ന ഒരു ദിവ്യ സന്ദർഭത്തെയാണു്

കവി ഈ ശ്ലോകംകൊണ്ടു വർണ്ണിച്ചിട്ടുള്ളതു്. സേവിയ്ക്കുന്നവർക്ക് അഭീഷ്ടഫലം തൽക്ഷണം സിദ്ധിയ്ക്കുമെന്നു ഇതുകൊണ്ടു വ്യക്തമാക്കിയിരിയ്ക്കുന്നു. ദേവിയ്ക്കു അനവധി സ്വരൂപങ്ങളും അവസ്ഥാവിശേഷങ്ങളും ഉണ്ടെന്നിരിയ്ക്കിലും, സർവ്വശക്തികളും പരിപൂർണ്ണമായിക്കൊണ്ടു ആശ്രിതന്മാരിൽ ഏററവും വാത്സല്യം കലൎന്നു സർവ്വാഭീഷ്ടങ്ങളേയും തൽക്ഷണം പ്രദാനം ചെയ്യുന്ന സന്ദർഭം ഇതുപോലെ വേറെയില്ല. അതുകൊണ്ടാണു് ദേവിയുടെ അത്രയും പ്രാധാന്യമേറിയ ആ ദിവ്യ സന്ദർഭത്തെത്തന്നെ കവി ആദ്യമായി ഇവിടെ മംഗളപദ്യംകൊണ്ടു വർണ്ണിച്ചതു്. ചുവപ്പു, മാർദ്ദവം, കാന്തി ഇത്യാദി ഗുണങ്ങളുള്ളതാകയാൽ വളരെ ഭംഗിയുള്ളതുകളെന്നു കാണിയ്ക്കാനാണു തൃക്കൈകൾക്കു തളിരുകളുടെ സാദൃശ്യം വർണ്ണിച്ചതു്. തിരുവായുധങ്ങളൊന്നും ധരിയ്ക്കാതെ വിലമതിയ്ക്കാൻ കഴിയാത്തൊരു സാധനം തൃക്കയ്യിൽ ഗോപ്യമായി വെച്ചിട്ടുള്ളതുപോലെ അരക്കെട്ടിൽ ചേർത്തുവെച്ചിരിയ്ക്കുന്ന നാലാമത്തേതായ ആ തൃക്കയ്യിനെ ഹസ്താംബുജം എന്നു പറഞ്ഞതുകൊണ്ടു, അതിന്നു മാർദ്ദവാദി ഗുണങ്ങളുള്ളതിന്നു പുറമെ താപഹരത്വം എന്നൊരു മഹാഗുണം വിശേഷാലുണ്ടെന്നു കാണിച്ചിരിയ്ക്കുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ ക്രമത്തിൽ ഒടുവിൽ പറഞ്ഞ മുഖ്യ പുരുഷാർത്ഥമായ മുക്തിയെ നൽകുന്നതാണു് ആ ഹസ്തപത്മമെന്നു അർത്ഥാൽ സിദ്ധിയ്ക്കുന്നു. ദേവി അതിനെ കടീതടത്തിൽ ചേർത്തുവെച്ചിരിയ്ക്കുന്നു എന്നു പറഞ്ഞതുകൊണ്ടു, നിത്യാനന്ദസ്വരൂപമായ മുക്തി സകാമന്മാരായ ദേവന്മാൎക്കുപോലും അതിദുർല്ലഭമായിട്ടുള്ളതാകയാൽ അതി

ന്നുള്ള അധികാരികൾക്കു മാത്രം കൊടുപ്പാനായി ആ പരമഫലത്തെ തൃക്കയ്യിൽ ഗോപ്യമായി വെച്ചിരിയ്ക്കു യാണെന്നു സൂചന. ശരണം പ്രാപിയ്ക്കുന്നവരെ അനു ഗ്രഹിയ്ക്കാൻ തയ്യാറായി നില്ക്കുകയാണെന്ന അൎത്ഥം സ്പഷ്ട മാണല്ലൊ. ഐശ്വൎയ്യാദിസമസ്തഗുണപരിപൂൎണ്ണയായ ദേ വി, കാരുണ്യാധിക്യം മൂലം ഭക്തജനാനുഗ്രഹത്തിന്നായി മുക്തിസ്ഥലത്തു എഴുന്നള്ളിയിരിയ്ക്കുന്നു എന്നു പറഞ്ഞ തുകൊണ്ടു, മുക്തി നൽകുക എന്നതാണു് അവിടുത്തെ പ്രധാന ഉദ്ദേശമെന്നും, അങ്ങിനെയുള്ള ദേവിയെ ഞാൻ ഭജിയ്ക്കുന്നു എന്നു പറഞ്ഞതുകൊണ്ടു, കവി മോക്ഷകാമ നായിട്ടാണു ഭജിയ്ക്കുന്നതെന്നും സ്പഷ്ടമായി. "വിരചിതാ ഭയം വൃഷ്ണിധുൎയ്യതേ, ചരണമീയുഷാം സംസൃതേൎഭയാൽ; കരസരോരുഹം കാന്തകാമദം, ശിരസിധേഹിനഃ ശ്രീകര ഗ്രഹം" എന്നിങ്ങിനെ ഗോപസ്ത്രീകൾ ഭഗവാനോടു അ പേക്ഷിച്ചതുപോലെ, അല്ലയോ മുക്തിസ്ഥലനിവാസി നിയായ ഭഗവതി! നിന്തിരുവടിയുടെ ആ ഹസ്തപത്മം അനന്യശരണനും ദീനനുമായ അടിയൻെറ ശിരസ്സിൽ വെച്ചു അനുഗ്രഹിയ്ക്കണെ എന്നിപ്രകാരം കവിയ്ക്കു ദേ വിയോടുള്ള ആന്തരമായ അപേക്ഷയെ ഇവിടെ സൂചി പ്പിച്ചിരിയ്ക്കുന്നു. ഇനി പറയാൻപോകുന്ന മററു സ്ഥല ങ്ങളിലും ഇതുപോലെ ഗ്രഹിച്ചുകൊൾക. സാക്ഷാൽ പ രാശക്തിയാണു സ്തോത്രപ്രതിപാദ്യവിഷയം. മുക്തിയാ ണു പരമപ്രയോജനം. മുമുക്ഷുക്കളാണു ഉത്തമ ഭജനാധി കാരികൾ. ഇപ്രകാരം വിഷയം, പ്രയോജനം, അധികാ രി എന്നിതുകളും അൎത്ഥാൽ പറയപ്പെട്ടു.

൨.

ശ്രീഗുരുവായൂരപ്പൻെറ സന്നിധിയിൽവെച്ചു ശ്രീമന്നാരായണീയസ്തോത്രമുണ്ടാക്കി അതുകൊണ്ടു ഗുരുവായൂരപ്പനെ സ്തുതിച്ചതുപോലെ, തൃപ്പാദഭക്തിയോടുകൂടി ദേവിയുടെ സന്നിധിയിലിരുന്നു് ശ്രീപാദസപ്തതി (ദേവിയുടെ ശ്രീപാദങ്ങളെ വർണ്ണിക്കുന്നതുകളായ 70 പദ്യങ്ങൾ) കൊണ്ടു് ദേവിയെ സ്തുതിക്കാൻ ആരംഭിക്കുന്ന കവി, ആദ്യം മംഗളാചരണം ചെയ്തതിന്നുശേഷം ദേവിയെ സംബോധന ചെയ്തുകൊണ്ടു വർണ്ണിക്കുന്നു. അലങ്കാരയുക്തങ്ങളായ പദ്യങ്ങളായതുകൊണ്ടു അതുകൾ ഏററവും ചമല്ക്കാരമുള്ളവയാണ്. ഒന്നാമതായി, സൌഭാഗ്യം മാർദ്ദവം തുടങ്ങിയ ഗുണങ്ങളെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

യൽസംവാഹനലോഭിനശ്ശശികലാ-
ചൂഡസ്യ ഹസ്താംബുജ-
സ്പർശേനാപി ച ലോഹിതായതി മുഹു
സ്തല്പാദ പങ്കേരുഹം;
തേനൈവോദ്ധത കാസരാസുരശിര-
ശ്ശൃംഗാഗ്ര സഞ്ചൂർണ്ണന-
പ്രാചണ്ഡ്യം തദനുഷ്ഠിതം കില കഥം
മുക്തിസ്ഥലസ്ഥേ! ശിവേ!-

സാരം:—അല്ലയോ മുക്തിക്ഷേത്രനിവാസിനിയായുള്ളോവെ! ശ്രീപാർവ്വതി! നിന്തിരുവടിയുടെ ശ്രീപാദപത്മം, സുഖമർദ്ദനത്തിൽ ആഗ്രഹത്തോടുകൂടിയ പരമേശ്വരൻെറ കരാരവിന്ദസ്പർശംകൊണ്ടുകൂടി വീണ്ടും രക്തവർണ്ണമായി ഭവിക്കുന്നു. സ്വഭാവേന അത്രയും മൃദുവായിരിക്കുന്ന ആ തൃപ്പാദപത്മംകൊണ്ടു തന്നെ, മഹാ ഗർവ്വിഷ്ഠ

നായ മഹിഷാസുരൻെറ കൊട്ടുമുടിപോലെ ഉന്നതമായി ആരിലും വണക്കമില്ലാതെയിരിക്കുന്ന ശിരസ്സിൻെറ തലപ്പിനെ ഒട്ടും ബാക്കിയില്ലാതെ പൊടിയാക്കിച്ചെയ്യുകായ്യത്തിൽ അതിക്രൌയ്യത്തെ എങ്ങിനെ ആചരിച്ചു. നിന്തിരുവടി തൃപ്പാദപത്മംകൊണ്ടു മഹിഷനെ ചവിട്ടി മർദ്ദിച്ചുവെന്നുള്ളതു് പുരാണാദികളിൽ പ്രസിദ്ധമായിട്ടുള്ളതാകുന്നു. യാതൊരു കേടും വരാതെ പത്മംകൊണ്ടു ക്ഷണത്തിൽ ഒരു പവ്വതശിഖരത്തെ പൊടിച്ചുവെന്നുള്ളതായ ഈ ചരിത്രം അത്യാശ്ചയ്യമായിരിക്കുന്നുവെന്നു താല്പയ്യം.

പ്രകൃതത്തിൽ, ശിവനെ ചന്ദ്രക്കലാധരൻ എന്നു പറഞ്ഞതുകൊണ്ടു അവിടുത്തെ ഹസ്തപത്മത്തെ ബാലചന്ദ്രൻ ഉദിച്ചുനില്ക്കുന്ന സമയത്തിലെ ചെന്താമരപ്പൂവിനോടു സാദൃശ്യപ്പെടുത്തേണ്ടതാണെന്നു സൂചിക്കുന്നു. അതിന്നു ശരിയായ വികാസം ഉണ്ടായിരിക്കയില്ല. അതുപോലെ കുറഞ്ഞൊന്നു വിടൎന്ന ഹസ്തപത്മമെന്നു താല്പയ്യം. ദേവിയുടെ തൃപ്പാദങ്ങളെ സുഖമായി തലോടുവാൻ ആഗ്രഹത്തോടുകൂടിയ ഭഗവാൻ, തൃപ്പാദങ്ങൾക്കു യാതൊരു വേദനയും സംഭവിക്കരുതെന്നു കരുതി, തൃക്കയ്യിൻെറ എല്ലാ ഭാഗങ്ങളും സ്പൎശിക്കാത്ത മട്ടിൽ അല്പം മുകുളിതമാക്കി പതുക്കെ തൊടുന്നതെയുള്ളൂ. ഭഗവാൻെറ അപ്രകാരമിരിക്കുന്ന മൃദുവായ കരാംബുജസ്പൎശംപോലും സഹിക്കാൻ ശക്തിയില്ലാതെ ശ്രീപാദാംബുജം വീണ്ടും വീണ്ടും തുടുക്കുന്നു. അത്രയും മാർദ്ദവമേറിയതാണു ദേവിയുടെ തൃപ്പാദപത്മമെന്നു താല്പയ്യം. പാണിസ്പൎശാക്ഷമാഭ്യാം ഇത്യാദി വൎണ്ണനകൾ ഭാഗവതത്തിലും കാണുന്നുണ്ടു.

3.

വിരോധിയിലും വാത്സല്യത്തെ പ്രകാശിപ്പിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ത്വല്പാദം നിജമസ്തകെ ഘടയിതും
കേ കേ ന ലോകെ ജനാഃ
കിം കിം നാരചയന്തി ദുശ്ചരതപ-
ശ്ചര്യ്യാ സപര്യ്യാദികം;
മന്യേ ധന്യതമം തു ദേവി! മഹിഷം
വൈരസ്ഥമെയവ ത്വയാ
യന്മൂർദ്ധ്നി സ്വയമേവ പാതകഹരം
പാദാംബുജം പാതിതം.

സാരം:—അല്ലയോ ദേവി! ലോകത്തിൽ ഏതേതു ജനങ്ങൾ തന്റെ ശിരസ്സിൽ നിന്തിരുവടിയുടെ ശ്രീപാദത്തെ യോജിപ്പിക്കാനായിക്കൊണ്ടു കൃച്ഛ്രചാന്ദ്രായണാദിതപസ്സ്, പൂജ, ജപം, ഹോമം, ദാനം ഇങ്ങിനെതുടങ്ങി അതിപ്രയാസത്തോടുകൂടിയ എന്തെന്തു അനുഷ്ഠാനങ്ങളെ ചെയ്യുന്നില്ല. നമസ്കാരാദ്യവസരങ്ങളിൽ ശിരസ്സുകൊണ്ടു ഒരിക്കൽ ശ്രീപാദപത്മത്തെ സ്പർശിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹത്തോടുകൂടി ലോകത്തിൽ എത്രയോ ജനങ്ങൾ ഐഹികസുഖങ്ങളെ ഉപേക്ഷിച്ചു തപസ്സുതുടങ്ങിയ സർവ്വ സൽകർമ്മങ്ങളേയും ചെയ്യുന്നു. അങ്ങിനെയുള്ള പുണ്യാത്മാക്കൾക്കുകൂടി അതു നിയമേന സാധിക്കുന്നില്ലല്ലൊ എന്നഭിപ്രായം. അടിയൻ ആ മഹിഷനെയാകട്ടെ അതിഭാഗ്യവാനായി വിചാരിക്കുന്നു. ദേവദ്രോഹംതുടങ്ങി പതിവായി അനവധി ദുഷ്കർമ്മങ്ങൾ ചെയ്തിട്ടുള്ള അവനെ എങ്ങിനെ അതിഭാഗ്യവാനായി കരു-

ത്തുന്നു എന്നാണെങ്കിൽ, നിന്തിരുവടി വിരോധിയായിരുന്നിട്ടുതന്നെ യാതൊരു മഹിഷാസുരൻെറ ശിരസ്സിൽ, തന്നാൽതന്നെ, സ്പൎശമാത്രംകൊണ്ടു സൎവ്വപാപത്തെ നശിപ്പിക്കുന്നതായ പാദപത്മത്തെ പതിപ്പിച്ചു. ഭാഗ്യവാന്മാരായ ജനങ്ങൾ പ്രാൎത്ഥിച്ചുകൊണ്ടിരിക്കുന്ന ഈ മഹാഭാഗ്യാവസ്ഥ (ശിരസ്സിൽ തൃപ്പാദംവെക്കൽ) ശത്രുവായ മഹിഷാസുരന്നു അവൻ പ്രാൎത്ഥിക്കാതെതന്നെ വളരെ നേരം സാധിച്ചതുകൊണ്ടാണ് മഹിഷനെ ധന്യതമൻ എന്നു ഇവിടെ പറഞ്ഞതു്. മഹിഷൻെറ ശിരസ്സിൽ പാദാംബുജം പതിപ്പിച്ചു (ഉറപ്പിച്ചുവെച്ചു) എന്നുപറഞ്ഞതുകൊണ്ടു, മഹാപാപിയായ അവൻ അതിന്നു അൎഹനല്ലെങ്കിലും കാൎയ്യവശാൽ തല്ക്കാലം ക്രോധത്തോടുകൂടിയ ദേവി വാത്സല്യനിധിയായതുകൊണ്ടു, മാതാവു കിടാവിൻെറ ഹിതത്തെ അറിഞ്ഞു പ്രവൃത്തിക്കുന്നതുപോലെ സ്വയമായി അങ്ങിനെ ചെയ്തുവെന്നു ധരിക്കേണ്ടതാകുന്നു. ഇതുകൊണ്ടു ദേവിക്കു ശത്രുമിത്രഭേദബുദ്ധിയില്ലെന്നുള്ളതു് സ്പഷ്ടമാവുന്നു.

4

എത്രയോ ജനങ്ങൾ ഏറിയകാലമായി വളരെ ബുദ്ധിമുട്ടി അന്വേഷിച്ചിട്ടും തൃപ്പാദപത്മം കാണാതിരിക്കാനുള്ള ഹേതു എന്തായിരിക്കും. അതു ദേവിയുടെ കൈവശമില്ലാഞ്ഞിട്ടോ. മഹിഷൻെറ ശിരസ്സിൽ ഒരിക്കൽ അൎപ്പിച്ചുവെന്നു പ്രസിദ്ധമായതുകൊണ്ടു അതു ദേവിയുടെ അധീനത്തിൽതന്നെ ഉണ്ടെന്നു സമാധാനിക്കാം. എന്നാൽ എന്തുകൊണ്ടു മററുള്ളവൎക്കു അതു സാധിക്കുന്നില്ല എന്നാണെങ്കിൽ, തപസ്സു മുതലായ അനുഷ്ഠാനങ്ങൾ

കൊണ്ടു ഉന്നതിയെ പ്രാപിച്ചവക്കുകൂടി കാണ്മാനൊ തൊട്ടുവാനൊ സാധിക്കാത്തമട്ടിൽ ഏതൊ ഒരു സ്ഥലത്തു ദേവി അതിനെ നിക്ഷേപിച്ചിരിക്കയാണു്. അതിഗോപ്യമായിരിക്കുന്ന ആ സ്ഥലം ഏതായിരിക്കുമെന്നു ചിന്തിച്ചു, ഉണ്ടായിരിക്കുമെന്നു വിശ്വസിക്കാവുന്ന നാലു സ്ഥാനങ്ങളെപ്പററി സംശയിച്ചുകൊണ്ടു കവി ഇപ്രകാരം ചോദിക്കുന്നു:

ത്വല്പാദാംബുജമപ്പിതം കുത്ര ശിവേ!
കിംനു ത്രയീമസ്തകെ,
നിത്യം തത്വവിചാരദത്തമനസാം
ചിത്താംബുജാഗ്രേഷു വാ;
കിം വാ ത്വൽപ്രണയപ്രകോപവിനമ-
ന്മാരാരിമൌലിസ്ഥലെ,
കിം പ്രോൽഖണ്ഡിതഘോരസൈരിഭമഹാ-
ദൈത്യേന്ദ്രമൂദ്ധാന്തരെ.

സാരം:—അല്ലയോ ശിവേ! നിന്തിരുവടി, അവിടുത്തെ ശ്രീപാദപത്മം അടിയൻ താഴെ പറയാൻ പോകുന്ന സ്ഥാനങ്ങളിൽ എവിടെയാണു നിത്യമായി അപ്പിച്ചിട്ടുള്ളതു്. ആ സ്ഥലം മനസ്സിലായാൽ അവിടെ മാത്രം അന്വേഷിച്ചാൽ മതിയായിരുന്നുവെന്നു താല്പര്യം. വേദങ്ങളുടെ ശിരസ്സുകളായ ഉപനിഷത്തുകളിലൊ അപ്പിച്ചിട്ടുള്ളതു്. അതോ, പ്രകൃതിയുടെ കാൎയ്യമായ ശരീരാദിപ്രപഞ്ചമെല്ലാം മിത്ഥ്യയാണെന്നറിഞ്ഞു്, എപ്പോഴും ബ്രഹ്മതത്വചിന്തനത്തിൽ സമാഹിതചിത്തന്മാരായ ജനങ്ങളുടെ വികസിതങ്ങളായ ഹൃദയകമലങ്ങളുടെ ശിരസ്സുകളായ കൎണ്ണികകളിലൊ അപ്പിച്ചിട്ടുള്ളതു്. അല്ലെങ്കിൽ, നിന്തിരുവടിയുടെ പ്രണയകോപത്തെ ശമിപ്പിക്കാനായി സാഷ്ടാംഗം നമസ്കരിക്കുന്ന പരമേശ്വരന്റെ

ശിരസ്സിലൊ അപ്പിച്ചിട്ടുള്ളതു്. അഥവാ ശൂലാഗ്രംകൊണ്ടു അതിശയേന കുത്തിപ്പിളൎക്കപ്പെട്ട ഭയങ്കരനായ മഹിഷമഹാസുരേന്ദ്രൻെറ ശിരോമദ്ധ്യത്തിൽ അപ്പിച്ചുവൊ?

ദേവി അവിടുത്തെ തൃപ്പാദപത്മത്തെ മഹിഷാസുരൻെറ ശിരസ്സിൽ അപ്പിച്ചുവെന്നു പ്രസിദ്ധമായതുകൊണ്ടു തൃപ്പാദപത്മത്തിൻെറ സ്ഥിതി ശിരസ്സിലാണെന്നു കവി ഊഹിക്കുന്നു. മഹിഷൻെറ ശിരസ്സിൽ ഒരിക്കൽ അല്പസമയം മാത്രമേ വെച്ചിട്ടുള്ളു. നിത്യമായി ആരുടെ ശിരസ്സിൽ വെച്ചിരിക്കുന്നുവെന്നാണു ഇവിടെ ചോദിച്ചതു്. പത്മത്തിൻെറ സ്ഥിതി വെള്ളത്തിലായതുകൊണ്ടു മേൽപ്പറഞ്ഞ നാലു സ്ഥാനങ്ങളിൽവെച്ച് ശിവൻെറ ശിരസ്സിൽ (ഗംഗയിൽ) ആയിരിക്കുമെന്ന സ്വാഭിപ്രായത്തെ സൂചിപ്പിക്കുകയാണു ശിവേ! എന്ന സംബോധനകൊണ്ടു ചെയ്തിരിക്കുന്നതു്. 'നിത്യം ത്വച്ചരണാവസേചനഭുവാ പുണ്യേന' ഇത്യാദി വൎണ്ണനകൾകൊണ്ടു മേലിൽ ഇതു സ്പഷ്ടമാക്കുന്നതുമുണ്ടു.

(പ്രാണനാഥനായ ശിവൻ ഗംഗയെ സംഗിച്ചുവെന്നു ശങ്കിച്ചു സപത്നിയുടെ ഉൽക്കൎഷത്തെ സഹിക്കാൻ ശക്തയാവാതെ പ്രേമാധിക്യം നിമിത്തം ദേവി വല്ലാതെ കോപിച്ചു. പ്രാണപ്രിയയുടെ പ്രണയകോപം ശമിപ്പിക്കാൻ ഭഗവാൻ പല സാന്ത്വനവാക്കുകൾ അരുളിച്ചെയ്തുവെങ്കിലും അതുകൊണ്ടൊന്നും ദേവി സന്തോഷിച്ചില്ല. നമസ്കരിച്ചാൽ കോപം ശമിക്കുമെന്നു കരുതി പ്രേമവിവശനായി നമസ്കരിച്ചപ്പോൾ, തൽക്ഷണം ദേവി തൃപ്പാദപത്മംകൊണ്ടു ഭഗവാൻെറ ശിരസ്സിൽ താഡിക്കയാണുണ്ടായതു്. ദേവിയുടെ പ്രേമഭാവമാണു് അതുകൊണ്ടു

പ്രകാശിപ്പതെന്നറിഞ്ഞ്, പാൎഷ്ണിപ്രഹാരത്താലെന്ന പോലെ, സന്ദർഭോചിതമായ ആ പ്രവൃത്തികൊണ്ടു ഭഗവാൻ സന്തോഷിച്ചു. ദേവിയും പ്രസന്നയായി. ലോകമാതാപിതാക്കന്മാരായ ശ്രീപാൎവ്വതീപരമേശ്വരന്മാരെ സംബന്ധിച്ച് ഇങ്ങിനെയൊരു ചരിത്രാമൃതത്തെ ഉള്ളിൽ സ്മരിച്ചു ഭക്തിയോടു കൂടിയാണു് കവി ഈ പദ്യത്തിൽ "ത്വൽപ്രണയ...മൌലിസ്ഥലെ" എന്നു പറഞ്ഞിട്ടുള്ളതു്. ഇനി വൎണ്ണിക്കാൻ പോകുന്ന മററു സ്ഥലങ്ങളിലും ഇതുപോലെ ധരിച്ചുകൊൾക).

തൃപ്പാദപത്മത്തിൻെറ സ്ഥിതിയെപ്പററി കവി നാലു സ്ഥാനങ്ങളെമാത്രം സംശയിച്ചു ചോദിച്ചതുകൊണ്ടു, അതു സന്ദൎശിക്കാൻ പലേടത്തും അന്വേഷിക്കേണ്ടതായിട്ടില്ലെന്നു സൂചിപ്പിച്ചിരിക്കുന്നു. "ഉലൂഖലം വായമിനാം മനോ വാ, ഗോപാംഗനാനാം കുചകുഡ്മളം വാ; മുരാരിനാമ്നഃ കളഭസ്യ നൂനമാലാനമാസീത്ത്രയ ഏവ ഭൂമൌ" എന്നുള്ള ശ്രീകൃഷ്ണകൎണ്ണാമൃതശ്ലോകത്തിന്നും പ്രസ്തുതപദ്യത്തിന്നും തമ്മിൽ ഏകദേശസാമ്യം കാണുന്നതു് ഭക്തന്മാൎക്കു സന്തോഷകരംതന്നെ. ഉപനിഷത്തുകൾകൊണ്ടു പ്രതിപാദിക്കപ്പെടുന്നതും, യോഗികളാൽ സമാധിയിൽ ചിന്തിക്കപ്പെടുന്നതും, പരമേശ്വരനാൽ ശിരസ്സുകൊണ്ടു വന്ദിക്കപ്പെടുന്നതും, ശത്രുവായ മഹിഷൻെറ ശിരസ്സിലൎപ്പിക്കപ്പെട്ടതുമായ തൃപ്പാദപത്മം അടിയൻെറ ശിരസ്സിൽ വെക്കണെ എന്നിപ്രകാരം കവിക്കു ദേവിയോടുള്ള അപേക്ഷ ഇവിടേയും സ്ഫുരിക്കുന്നു. 'ശ്രുതിസീമന്തസിന്ദൂരീകൃത പാദാബ്ജധൂളികാ' ഇത്യാദി തിരുനാമങ്ങളിൽ അന്തൎഭവിച്ചിട്ടുള്ള തത്വങ്ങൾ പ്രസ്തുതപദ്യംകൊണ്ടു പ്രകാശിപ്പിച്ചിരിക്കുന്നു.

5

സ്വർഗ്ഗാദി ഫലസാധകത്വത്തെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ത്വല്പാദാഞ്ചലരൂപകല്പലതികാ-
ബാലപ്രവാളദ്വയം
യേ താവൽ കലയന്തി ജാതു ശിരസാ
നമ്രേണ കമ്രോജ്ജ്വലം;
തേഷാമേവ ഹി ദേവി! നന്ദനവന-
ക്രീഡാസു ലഭ്യം പുനഃ
സ്വർവ്വല്ലീ തരുണപ്രവാളഭരണം
സേവാനുരൂപം ഫലം.

സാരം:—അല്ലയോ ദേവി! യാവചിലപുരുഷന്മാർ ഒരിക്കലെങ്കിലും നതമായ ശിരസ്സുകൊണ്ടു, കമനീയവും പ്രകാശമാനവുമായ നിന്തിരുവടിയുടെ തൃപ്പാദങ്ങളുടെ അഗ്രസ്വരൂപങ്ങളായ ബാലകല്പലതയുടെ രണ്ടു തളിരുകളെ ധരിക്കുന്നുവൊ, അങ്ങിനെയുള്ളവർതന്നെ മരണാനന്തരം നന്ദനപ്പൂങ്കാവിലുള്ള ക്രീഡകളിൽ കല്പവല്ലിയുടെ രണ്ടു ഇളംതളിരുകൾ സ്വർഗ്ഗസ്ത്രീകൾ ശിരസ്സിൽ അർപ്പിക്കുന്നതായിട്ടു ലഭിക്കുന്നു. ഹി ശബ്ദംകൊണ്ടു പുരാണപ്രസിദ്ധിയെ കാണിച്ചിരിക്കുന്നു. യാതൊന്നു ഹേതുവായിട്ടു ഭജനം തുടങ്ങിയ അനുഷ്ഠാനങ്ങളുടെ ഫലം അതാതു കർമ്മങ്ങൾക്കു അനുരൂപമായി ഭവിക്കുന്നു.

അജ്ഞാനിയൊ ദുർഭഗനൊ ആരെങ്കിലുമാകട്ടെ, ഏതൊരുവൻ ദേവിയുടെ ശ്രീപാദങ്ങളുടെ ചുവട്ടിൽ ശിരസ്സു നമിപ്പിക്കുന്നുവൊ, അവന്നു നിശ്ചയമായും സ്വർഗ്ഗ

സുഖാദികം ലഭിക്കുന്നുവെന്നു ശാസ്ത്രപ്രസിദ്ധമാകുന്നു. സ്വർഗ്ഗകാമൻ യാഗംചെയ്യണമെന്നു വിധിച്ചിട്ടുള്ളതു് തൃപ്പാദഭക്തന്മാരെ ഉദ്ദേശിച്ചല്ല എന്നു താല്പര്യം. കല്പലതയുടെ തളിരുകൾ ഇച്ഛിക്കപ്പെട്ട ലൌകികവസ്തുക്കളെ കൊടുക്കാൻ കഴിവുള്ളതുകളാണെന്നു പ്രസിദ്ധിയുണ്ടു. ദേവിയുടെ തൃപ്പാദാഗ്രസ്വരൂപങ്ങളാകുന്ന ബാലകല്പലതയുടെ (രണ്ടു തളിരുകൾ മാത്രമുണ്ടായിട്ടുള്ള ഇളയ കല്പലതയുടെ) തളിരുകൾ മോക്ഷം തുടങ്ങിയ എല്ലാ അഭീഷ്ടങ്ങളേയും സുലഭമായി കൊടുക്കാൻ ശക്തങ്ങളാകുന്നു. അങ്ങിനെയുള്ള തൃപ്പാദങ്ങളുടെ ചുവട്ടിൽ ചെന്നു് നിസ്സാരമായ സ്വർഗ്ഗസുഖത്തെ പ്രാർത്ഥിക്കുന്നതു് വെറും വിഡ്ഢിത്തമാണെന്ന തത്വവും ഇവിടെ ഗ്രഹിക്കേണ്ടതാകുന്നു. സ്വർഗ്ഗസുഖം എന്നതു് ദേവേന്ദ്രന്റെ നാട്ടിലുള്ള വിഷയസുഖങ്ങളാകുന്നു. ഇന്ദ്രിയാരാമന്മാർ അതിനെ കൊണ്ടാടുന്നുണ്ടെങ്കിലും ജിതേന്ദ്രിയന്മാർ ബന്ധകരങ്ങളായ അതുകളിൽ വെറുപ്പുള്ളവരായി ഭവിക്കുന്നു. "വിപശ്ചിന്നശ്വരം പശ്യേദദൃഷ്ടമപി ദൃഷ്ടവൽ" ഇങ്ങിനെ തുടങ്ങിയ ഭാഗവതവചനങ്ങൾകൊണ്ടു സ്വർഗ്ഗസുഖാദികളുടെ നിസ്സാരതയെ സ്പഷ്ടമാക്കിയിട്ടുണ്ടല്ലൊ. "വിഷയവിഷരസൈർമ്മാ വിഭോ! വഞ്ചയാസ്മാൻ" എന്നിങ്ങിനെ ഈ മഹാകവി ശ്രീഗുരുവായൂരപ്പനോടു നേരിട്ടു പ്രാർത്ഥിച്ചിട്ടുള്ളതു നോക്കുക. ആകയാൽ, തൃപ്പാദഭക്തിതന്നെയാണു് പ്രാർത്ഥിക്കാൻ യോഗ്യമായിട്ടുള്ളതു്. "നമ്രാണാം സന്നിധത്തെ" എന്നു തുടങ്ങിയ നാരായണീയശ്ലോകം (ദ. 1 ശ്ലോ: 8) നോക്കിയാൽ ഇക്കാര്യം സ്പഷ്ടമായി അറിയാൻ സാധിക്കുന്നതാണു്.

6

രാഗഗുണത്തെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു രണ്ടു പദ്യങ്ങൾ കൊണ്ടു.

ധാവള്യം പരിലാല്യതെ പുരരിപോ-
രംഗേന തുംഗശ്രിയാ
കിഞ്ച ശ്യാമളിമാപി കോമളതരെ
ഭാത്യേവ ഗാത്രെ ഹരേഃ;
തത്താദൃക്പദവീം മമാപി ജനയേ-
ത്യസ്തോക സേവാരസാ-
ദാരുണ്യം തവ ലീയതെ ചരണയോഃ
കാരുണ്യമൂർത്തേ! ശിവേ!

സാരം:—അല്ലയോ കരുണാസ്വരൂപിണിയായുള്ളോവെ! ശ്രീ പാർവ്വതി! രക്തവർണ്ണം നിന്തിരുവടിയുടെ ശ്രീപാദങ്ങളിൽ ലയിക്കുന്നു. അതിന്നുള്ള ഹേതുവിനെ പറയുന്നു. അധികം ശോഭയോടുകൂടിയ ശിവൻെറ ശ്രീമൂർത്തികൊണ്ടു വെളുത്തവർണ്ണം ആദരത്തോടുകൂടി ധരിയ്ക്കപ്പെടുന്നു. അത്രയുമല്ല, കൃഷ്ണവർണ്ണവും അതിമനോഹരമായ വിഷ്ണുവിൻെറ തിരുമേനിയിൽ ശോഭിച്ചുകൊണ്ടിരിയ്ക്കുന്നു. ശുക്ലവർണ്ണത്തിന്നും, കൃഷ്ണവർണ്ണത്തിന്നും ഉൽക്കൃഷ്ടസ്ഥാനം ലഭിയ്ക്കു ഹേതുവായിട്ടു എനിയ്ക്കും അപ്രകാരമുള്ള സ്ഥാനം ഉണ്ടാക്കിത്തന്നാലും എന്നിങ്ങിനെ വഴിപോലെ പ്രാർത്ഥിച്ചുകൊണ്ടു, അനല്പമായ സേവാരസം ഹേതുവായിട്ടു രക്തവർണ്ണം എപ്പോഴും നിന്തിരുവടിയുടെ തൃപ്പാദമൂലങ്ങളെ ശരണം പ്രാപിച്ചു ഭജിയ്ക്കുന്നു.

ഇതു ഒരു തരം ഉൽപ്രേക്ഷാവർണ്ണനമാണെന്നിരിക്കിലും, ദേവിയുടെ തിരുമെയ് ശോഭയെപ്പററി 'സിന്ദൂരാരുണമുജ്ജ്വലൽ' എന്നിങ്ങിനെ ഈ കവി മറെറാരു ഘട്ടത്തിൽ വർണ്ണിച്ചുകാണുന്നതുകൊണ്ടു, ഇതു അതിലേക്ക

ഹേതുവായി സങ്കല്പിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂട. ദേവി, സ്വഭാവേന ശുഭദായിനിയും കരുണാസ്വരൂപിണിയുമായതുകൊണ്ടു തൃപ്പാദഭക്തന്മാൎക്കു നിശ്ചയമായും അഭീഷ്ടം നൽകുമെന്നു കാണിച്ചിരിയ്ക്കുന്നു, കാരുണ്യമൂൎത്തെ! ശിവെ! എന്ന രണ്ടു സംബോധനകൾകൊണ്ടു—

7

ആരുണ്യം യദിദം ത്വദീയപദയോ-
രാഭാതി തൽ കേചന
പ്രാഹുസ്തുംഗനിതംബഭാരഭരണ-
ക്ലാന്ത്യാ കിലോപാഗതം;
അന്യേ മാഹിഷമൂൎദ്ധ്നപേഷമിളിതം
രക്തദ്രവം മന്വതേ
മന്യേഹം തു നതേഷു സാന്ദ്രമനുരാ-
ഗോൽഗാര മേവാനയോഃ

സാരം:—തൃപ്പാദമൂലത്തിലെ രാഗഗുണത്തെ പ്രയോജനപ്പെടുത്തി വൎണ്ണിച്ചു സ്തുതിയ്ക്കുകയാണു ഈ ശ്ലോകംകൊണ്ടു ചെയ്യുന്നതു്. അല്ലയോ ദേവി! നിന്തിരുവടിയുടെ ശ്രീപാദങ്ങളിൽ കാണപ്പെടുന്ന രക്തവൎണ്ണം തൃപ്പാദമൂലത്തിൽ എല്ലായിടത്തും ശോഭിയ്ക്കുന്നു. ചില കവികൾ ഈ രക്തവൎണ്ണത്തെ, വലിയ നിതംബമാകുന്ന ഭാരത്തെ ധരിയ്ക്കുന്നതുകൊണ്ടുണ്ടായ തളൎച്ചയാൽ സംഭവിച്ചതാണെന്നിപ്രകാരം വിചാരിയ്ക്കുന്നതായി പറയുന്നു. വേറെ ചില കവികൾ ഈ രക്തവൎണ്ണത്തെ, മഹിഷാസുരന്റെ ശിരസ്സിനെ ചവിട്ടി അരച്ചപ്പോൾ സാക്രമിച്ച രക്തദ്രവമായി വിചാരിയ്ക്കുന്നു. അടിയനാകട്ടെ ഈ രക്തവൎണ്ണത്തെ, നമസ്കരിയ്ക്കുന്നവരെക്കുറിച്ചു തൃപ്പാദങ്ങൾക്കു

ള്ള ഘനീഭൂതമായ അനുരാഗം (വാത്സല്യത്തിന്റെ അപരപൎയ്യായം) ഉള്ളിൽ നിറഞ്ഞു പുറമേയ്ക്കു കവിയുകയാണെന്നുതന്നെ വിചാരിയ്ക്കുന്നു.

കവി ഇങ്ങിനെ അഭിപ്രായപ്പെട്ടതുകൊണ്ടു, അല്ലയോ അവ്യാജകരുണാസ്വരൂപിണിയായ ദേവി! മൃത്യുവ്യാളഭീതനായി ശരണം പ്രാപിച്ച അടിയനിതാ നിന്തിരുവടിയുടെ ശ്രീപാദങ്ങളിൽ സാഷ്ടാംഗം നമസ്കരിയ്ക്കുന്നു. തൃപ്പാദങ്ങൾ നിറഞ്ഞു കവിയുന്ന ആ വാത്സല്യാമൃതു് അടിയനിൽ പ്രവേശിപ്പിയ്ക്കണെ. അതു നിന്തിരുവടിയ്ക്കു ഒട്ടും പ്രയാസമുള്ളൊരു കാൎയ്യമല്ലല്ലൊ എന്നിങ്ങിനെ തന്റെ അതിയായ അപേക്ഷയെ ഇവിടെ സൂചിപ്പിച്ചിരിയ്ക്കുന്നു.

8

പ്രാഹുഃ പത്മസമാശ്രയം ശതധൃതിം
    ത്വല്പാദ പത്മാശ്രയാ-
ദന്തസ്ത്വല്പദ പത്മവീക്ഷണവശാൽ
    കൃഷ്ണോപി പത്മേക്ഷണഃ,
യൽ പത്മാൎച്ചനമാമനന്തി സുധിയോ
    ദാരിദ്ര്യ വിദ്രാവണം
മൂകാംബികേ ത്വദ്ഗതെ! ഭവാനി! തദപി
    ത്വല്പാദപത്മാൎച്ചനം.

സാരം:—അല്ലയോ മൂകാംബികേ ത്വന്നിവാസിനി! ശ്രീപാൎവ്വതി! ഈശ്വരധ്യാനതല്പരന്മാരായ വിദ്വാന്മാർ ബ്രഹ്മാവിനെ, നിന്തിരുവടിയുടെ ശ്രീപാദപത്മങ്ങളുടെ ശരണപ്രാപ്തി ഹേതുവായിട്ടു പത്മങ്ങളെ വഴിപോലെ ആശ്രയിക്കുന്നവൻ എന്ന അൎത്ഥത്തിൽ പത്മസമാശ്രയൻ

എന്നു പറയുന്നു. അല്ലാതെ, പത്മത്തിലിരിയ്ക്കുന്നതു കൊണ്ടല്ല എന്നു താല്പൎയ്യം. വിഷ്ണുവും അന്തഃകരണത്തിൽ വെച്ചു നിരന്തരം നിന്തിരുവടിയുടെ ശ്രീപാദപത്മങ്ങളുടെ വീക്ഷണത്തിന്നധീനനാകനിമിത്തം, പത്മങ്ങളിൽ ഈക്ഷണങ്ങളോടുകൂടിയവൻ എന്ന അൎത്ഥത്തിൽ പത്മേക്ഷണനായി ഭവിയ്ക്കുന്നു. അല്ലാതെ, പത്മങ്ങൾ പോലെയിരിയ്ക്കുന്ന ഈക്ഷണങ്ങളോടുകൂടിയവൻ എന്ന അൎത്ഥത്തിലല്ലെന്നു താല്പൎയ്യം. അതുപോലെ, വിദ്വാന്മാർ യാതൊരു പത്മാൎച്ചനത്തെ ദാരിദ്ര്യനിൎമ്മൂലനമായി അനുഷ്ഠിയ്ക്കുകയും തീൎച്ചയായി വീണ്ടും വീണ്ടും പറയുകയും ചെയ്യുന്നുവൊ, ശ്രേഷ്ഠമായ ആ പത്മാൎച്ചനവും നിന്തിരുവടിയുടെ ശ്രീപാദപത്മാൎച്ചനം തന്നെയായി ഭവിയ്ക്കുന്നു. അല്ലാതെ, പത്മയുടെ (ശ്രീദേവിയുടെ) അൎച്ചനമല്ലെന്നു താല്പൎയ്യം. പത്മാൎച്ചനമെന്നു പറയുമ്പോൾ ശ്രവണമാത്രംകൊണ്ടുതന്നെ അതു നിന്തിരുവടിയുടെ ശ്രീപാദപത്മാൎച്ചനമാണെന്നു സ്പഷ്ടമാവുന്നുണ്ടല്ലൊ എന്നു താല്പൎയ്യം.

ബ്രഹ്മാവിന്നു പത്മസമാശ്രയത്വവും, വിഷ്ണുവിന്നു പത്മേക്ഷണത്വവും കോശാദികളിൽ പ്രസിദ്ധമാണു്. ലക്ഷ്മിയെ പൂജിയ്ക്കുക എന്ന അൎത്ഥത്തിലുള്ള പത്മാൎച്ചനത്തിന്നു ദാരിദ്ര്യനാശകത്വവും, ആഗമാദികളിൽ പ്രസിദ്ധമാണു്. നാമൈകദേശഗ്രഹണന്യായേന അതുകളെ ശ്രീപാൎവ്വതീപാദപത്മപരത്വേന സമൎത്ഥിച്ചുകൊണ്ടുള്ള ഈ വൎണ്ണനം അതിശയോക്തിയല്ലെ എന്നാണെങ്കിൽ, അല്ല എന്നു കാണിയ്ക്കുന്നു മൂകതിക്ഷേത്രഗതെ! ഭവാനി!

എന്ന രണ്ടു സംബോധനകൾകൊണ്ടു. ആശ്രയിയ്ക്കുന്നവരുടെ ജനനമരണാദി സർവ്വവിധ ക്ലേശങ്ങളേയും നിശ്ശേഷം നശിപ്പിച്ചു മുക്തി കൊടുപ്പാനായി മുക്തിസ്ഥലത്തു എഴുന്നള്ളിയിരിയ്ക്കുന്ന പരമേശ്വരവല്ലഭയായ നിന്തിരുവടി ബ്രഹ്മാദികൾക്കുകൂടി ഈശ്വരിയായതുകൊണ്ടു, അങ്ങിനെയുള്ള നിന്തിരുവടിയുടെ ശ്രീപാദങ്ങളെക്കുറിച്ചുള്ള ഈ വർണ്ണനം യഥാർത്ഥം തന്നെയാണെന്നു സംബോധനകളുടെ അഭിപ്രായം. 'കടാക്ഷകിങ്കരീഭൂതകമലാ കോടിസേവിതാ' ഇത്യാദി തിരുനാമങ്ങൾ ഈ സന്ദർഭത്തിൽ സ്മരിക്കുന്നതു അധികം ഉചിതമായിരിക്കുമെന്നു കരുതുന്നു.

9

ബ്രഹ്മവിഷ്ണുസേവ്യത്വത്തെ സ്പഷ്ടമാക്കിച്ചെയ്തുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

പാദം തേ സരസീരുഹദ്രുഹമിമം
  യത്സേവതെ പത്മഭൂ-
ർന്നൂനം തൽ സ്വനിവാസപങ്കജവര-
  ശ്രീലംഘനാശങ്കയാ;
ഗോവിന്ദോപി ച വാരിരാശി ദുഹിതു-
  ർവ്വാസാബ്ജബാധാ ഭിയാ
സ്വസ്യൈവാഗ്രകരോൽഗൃഹീതകമല-
  ത്രാണാഭിലാഷേണ വാ.

സാരം:—അല്ലയോ ദേവി! ബ്രഹ്മാവു, പത്മദ്വേഷിയായ നിന്തിരുവടിയുടെ ഈ ശ്രീപാദത്തെ സേവിക്കുന്നു എന്നതു് യാതൊന്നോ, അതു, തന്റെ വാസസ്ഥാനമായ ഉൽക്കൃഷ്ടപത്മത്തിന്റെ (വിഷ്ണുവിന്റെ തിരുനാഭിപ

ത്മത്തിൻെറ) ശോഭയെ നശിപ്പിച്ചെങ്കിലോ എന്ന ഭയ ത്താലായിരിക്കുമൊ എന്നു തോന്നും. അത്രയുമല്ല, വിഷ്ണുവും, തൻെറ പ്രിയതമയായ ലക്ഷ്മീദേവിയുടെ വാസസ്ഥാനമായ ഉൽക്കൃഷ്ടപത്മത്തിന്നു പത്മദ്വേഷിയായ നിന്തിരുവടിയുടെ പാദപത്മങ്ങളാൽ ചെയ്യപ്പെട്ട പീഡയിൽ നിന്നുള്ള ഭയത്താലൊ, തൻെറ തന്നെ തൃക്കയ്യിൻെറ തലപ്പുകൊണ്ടു നാളത്തോടുകൂടി ഉദ്ധരിച്ച് കരാഗ്രത്തിൽ ധരിച്ചിട്ടുള്ള പത്മത്തിൻെറ രക്ഷയിലുള്ള ആഗ്രഹത്താലൊ എന്നു തോന്നുംവണ്ണം നിന്തിരുവടിയുടെ ശ്രീപാദത്തെ സേവിക്കുന്നു.

സ്വാഭാവികമായാ ഭക്ത്യതിശയത്താലൊ ബ്രഹ്മാവും വിഷ്ണുവും പത്മത്തേക്കാൾ മനോഹരതയും ശോഭാതിശയവുമുള്ള ദേവിയുടെ തൃപ്പാദത്തെ സേവിക്കുന്നതിൻെറ ഹേതുവിനെപ്പററി കവി ഇവ്വിധം ഉൽപ്രേക്ഷാരീതിയിൽ വർണ്ണിച്ചിരിക്കുന്നു. തൃപ്പാദങ്ങൾക്കു സ്വഭാവേനയുള്ള ശോഭാതിശയം പത്മങ്ങളുടെ ശോഭക്കു ഹാനികരമായതുകൊണ്ടാണു് തൃപ്പാദത്തെ പത്മദ്വേഷി എന്നിവിടെ പറഞ്ഞതു്. 'പദദ്വയപ്രഭാജാലപരാകൃതസരോരുഹാ' എന്ന തിരുനാമത്തിൻെറ സാരാൎത്ഥത്തെ ഈ ശ്ലോകം കൊണ്ടു ഭംഗിയായി വർണ്ണിച്ചിരിക്കുന്നു.

വിഷ്ണുഭഗവാൻ കൌതുകമേറിയ അവിടുത്തെ ലീലാകമലത്തെ, യാതൊരുകേടും സംഭവിക്കരുതെന്നു കരുതി മാൎദ്ദവമേറിയ സ്വന്തം തൃക്കയ്യിൻെറ തലപ്പുകൊണ്ടു തന്നെ തണ്ടുകളയാതെ വെള്ളത്തിൽനിന്നു സാവധാനത്തിൽ പറിച്ചെടുത്തു, വാത്സല്യാധിക്യം നിമിത്തം അതിനെ അതേവിധം എപ്പോഴും തൃക്കരാഗ്രത്തിൽതന്നെ

ധരിച്ചിരിക്കുന്നുവെന്നു പറഞ്ഞതുകൊണ്ടു് അതു് അത്ര സൌഭാഗ്യവും ദിവ്യത്വവുമുള്ളതാണെന്നു സൂചിക്കുന്നു. വിഷ്ണുഭഗവാൻ ദേവിയുടെ തൃപ്പാദത്തെ സേവിക്കുന്നതു് അങ്ങിനെയുള്ള ലീലാകമലത്തിൻെറ ശ്രീയിനെ രക്ഷിക്കാനുള്ള ആഗ്രഹത്താലൊ എന്നുള്ളതായ ഈ വർണ്ണനകൊണ്ടും തൃപ്പാദങ്ങളുടെ നിരതിശയമായ മാഹാത്മ്യത്തെ വ്യക്തമാക്കിയിരിക്കുന്നു.

10

സേവന്തേ കുലസമ്പദേ നഖമയാ
 ശ്ശീതാംശവസ്ത്വല്പദം
തല്ലാകൊ നനു വീക്ഷ്യതെ ഹി നിതരാ—
 മന്യേഷു ശീതാംശുഷു;
ഏകോ ബാലക ഏവ മൌലിമയി തേ
 യാതൊ ലലാടാത്മതാ—
മന്യോ നിമ്മലഗണ്ഡമണ്ഡലദശാ—
 മന്യൌ തു ധന്യൌ ഗതൌ.

സാരം:—തിരുനഖസ്വരൂപന്മാരായ ചന്ദ്രന്മാർ തൻെറ വംശത്തിൽ ജനിച്ചവരുടെ സമ്പത്തിനായിക്കൊണ്ടു നിന്തിരുവടിയുടെ ശ്രീപാദത്തെ സേവിക്കുന്നു. 'കാളി കാളി മഹാകാളി ഭദ്രകാളി നമോസ്തുതെ; കുലഞ്ച കുലധമ്മഞ്ച മാഞ്ച പാലയ പാലയ' എന്നിങ്ങിനെ പ്രാത്ഥിച്ചുകൊണ്ടു ഭജിക്കുന്നുവെന്നു താല്പയ്യം. ഇപ്രകാരമുള്ള ഭജനത്തിൻെറ ഫലം തൻെറ വംശജന്മാരായ ചന്ദ്രന്മാരിൽ കാണുന്നുണ്ടൊ എന്നാണെങ്കിൽ, നിശ്ചയമായും കാ

ണ്ടെന്നുണ്ടു എന്നതിനെത്തന്നെ ഇനി വണ്ണിക്കുന്നു. അല്ല യോ ദേവി! ഒരു ചന്ദ്രൻ ചെറിയ കിടാവായിട്ടുതന്നെ നി ന്തിരുവടിയുടെ കിരീടത്തെ പ്രാപിച്ചു. (കിരീടത്തിന്മേലു ള്ള ചന്ദ്രക്കലയെയാണു ഇതുകൊണ്ടു സൂചിപ്പിച്ചിരിക്കു ന്നതു്). മററൊരു ചന്ദ്രൻ നിന്തിരുവടിയുടെ തിരുനെററി സ്വരൂപതയെ പ്രാപിച്ചു. ഭാഗ്യവാന്മാരായ വേറെ രണ്ടു ചന്ദ്രന്മാരാകട്ടെ, യാതൊരഴുക്കുമില്ലാത്ത ഭംഗിയുള്ള ര ണ്ടു തൃക്കവിൾത്തടങ്ങളായും ഭവിച്ചു.

ഗണ്ഡമണ്ഡലങ്ങൾ നിമ്മലങ്ങളാണെന്നും, തത്സ്വ രൂപികളായ ചന്ദ്രന്മാർ ധന്യന്മാരാണെന്നും പറഞ്ഞതു കൊണ്ടു അതുകൾക്കു, ഭഗവാൻെറ തൃക്കൈകളുടേയും തി രുമുഖത്തിൻേറയും സമ്പക്കത്തെ സൂചിപ്പിച്ചിരിക്കുന്നു. തിരുനെററിയും തൃക്കവിൾത്തടങ്ങളും ചന്ദ്രന്മാരാണെന്നു വണ്ണിച്ചതുകൊണ്ടു അതുകൾക്കു ചന്ദ്രനോടു അത്രയും സാ ദൃശ്യമുണ്ടെന്നും, നിമ്മലശബ്ദത്താൽ ഗണ്ഡമണ്ഡലങ്ങൾ ക്കു നിഷ്കളങ്കത്വമെന്നൊരു ഗുണം വിശേഷാലുണ്ടെന്നും കാണിച്ചിരിക്കുന്നു. തിരുനഖങ്ങളെ ചന്ദ്രന്മാരാക്കി വണ്ണി ച്ചതുകൊണ്ടു, അതുകൾ ആശ്രിതന്മാരുടെ താപാന്ധകാര ത്തെ നശിപ്പിക്കുന്നതുകളാണെന്നു സൂചിപ്പിച്ചിരിക്കുന്നു. അടുത്ത പദ്യംകൊണ്ടു ഇതിനെ സ്പഷ്ടമാക്കുന്നതാണു്. തിരുനഖസ്വരൂപികളായ ചന്ദ്രന്മാർ തൃപ്പാദം ഭജിക്കഹേ തുവായിട്ടു അവരുടെ വംശത്തിലുള്ള മററുള്ളവക്കും ഉത്ത മസ്ഥാനപ്രാപ്തി തുടങ്ങിയ അഭിവൃദ്ധികൾ ലഭിച്ചുവെന്നു ള്ളതായ ഈ വണ്ണനകൊണ്ടു, തിരുനഖശോഭയെ വണ്ണി ച്ചുകൊണ്ടു തൃപ്പാദത്തെ സ്തുതിക്കുകയാണു ചെയ്തിട്ടുള്ളതു്.

11

അജ്ഞാനനാശകത്വേന ശ്രീപാദത്തെ സ്തുതിക്കുന്നു:—

ഘോരം പാദസഹസ്രകം പ്രകടയ—
ന്നാശാസു ഭാസാംപതി
ർദ്ധ്വാന്തം നോ പുനരാന്തരം ശമയിതും
ശക്നോതി ശൈലാത്മജേ!;
ത്വല്പാദദ്വിതയേന കോമളതരേ—
ണാനേന ചേതസ്സ്പൃശാ
ജന്തൂനാം ബഹിരന്തരന്ധതമസം
കൃന്തസ്യനന്തം ശിവേ!.

സാരം —സൂൎയ്യൻ ഘോരമായ തന്റെ സഹസ്രപാദങ്ങളെ പത്തു ദിക്കുകളിലും സ്പഷ്ടമാക്കിച്ചെയ്തിട്ടും മനസ്സിൽ കിടക്കുന്ന അജ്ഞാനസ്വരൂപമായ തമസ്സിനെ നശിപ്പിക്കാൻ ശക്തനായി ഭവിക്കുന്നില്ല. അല്ലയൊ ശിവെ! നിന്തിരുവടി, ഏററവും കോമളങ്ങളായ നിന്തിരുവടിയുടെ ഈ രണ്ടു പാദങ്ങൾകൊണ്ടു, ജീവികൾക്കു സുന്ദരവും ചിത്തസ്ഥിതവുമാകയാൽ, ജീവികളുടെ മററൊന്നുകൊണ്ടും നശിക്കാത്തതാണെങ്കിലും പുറമേയും ഉള്ളിലും സ്ഥിതിചെയ്യുന്ന ഗാഢമായ തമസ്സിനേയും അന്ധകാരത്തേയും ഛേദിക്കുന്നു. (പദശബ്ദത്തിന്നു ചരണമെന്നും രശ്മി എന്നും അൎത്ഥം).

തേജസ്സുകൾക്കു നാഥനായ സൂൎയ്യൻ തന്റെ രൂക്ഷങ്ങളായ അസംഖ്യം രശ്മികൾ (അസംഖ്യം ചരണങ്ങൾ എന്നും) സൎവ്വത്ര പ്രകാശിപ്പിച്ചിട്ടു അന്ധകാരസ്വരൂപമായ പുറമെയുള്ള തമസ്സിനെ ശമിപ്പിക്കുന്നതെയുള്ളൂ. ദേവിയാകട്ടെ തന്റെ സൌമ്യമായ രണ്ടു പാദങ്ങൾകൊണ്ടു (രണ്ടു രശ്മികൾകൊണ്ടു എന്നും) ജീവികളുടെ പുറത്തും അകത്തുമുള്ളതായ എല്ലാവിധ തമസ്സുകളേയും മേലാൽ ഉണ്ടാവാത്ത മട്ടിൽ നശിപ്പിക്കുന്നു. കഴിഞ്ഞ ശ്ലോകത്തിൽ

പറഞ്ഞപ്രകാരം തിരുനഖചന്ദ്രികയോടുകൂടിയ ദേവിയുടെ പാദങ്ങൾ ധ്യാനിക്കുന്നവരുടെ മനസ്സിൽ സ്ഥിതിചെയ്തുകൊണ്ടു മനസ്സിലുള്ള തമസ്സിനേയും, പുറമെ സ്ഥിതി ചെയ്തുകൊണ്ടു പുറമെയുള്ള തമസ്സിനേയും വേരറുത്തു കളയുന്നുവെന്നു താല്പര്യം. മാനസികമായ തമസ്സ് എന്നു പറയുന്നതു്, "മിഥ്യാഗ്രഹം, അസ്മിമതി, രാഗം, വികോപം, ഭീതി എന്നിങ്ങിനെ നാരായണീയത്തിൽ പറഞ്ഞപ്രകാരമുള്ള അഞ്ചുവിധ വൃത്തികളോടുകൂടിയ അജ്ഞാനവും, പുറമെയുള്ള തമസ്സ എന്നതു്, അജ്ഞാനവൃത്തികൾ നിമിത്തമുണ്ടായിട്ടുള്ള അനന്തദുഃഖങ്ങളുമാകുന്നു. കണ്ണിൽ തിമിരം ബാധിക്കുന്നതുപോലെ അജ്ഞാനം ജീവികളുടെ അന്തഃകരണത്തെ ബാധിക്കുന്നു. സൂര്യാദികൾക്കുകൂടി തേജസ്സിനെ കൊടുക്കുന്നതായ തൃപ്പാദങ്ങളെ ഗാഢമായി ശരണം പ്രാപിച്ചു ഭജിക്കുന്നവൎക്കു, ദേവിയുടെ പ്രസാദത്താൽ തമസ്സുകൾ നിശ്ശേഷം നശിച്ചു് ആത്മപ്രകാശം സിദ്ധിച്ചുകൊണ്ടു ആനന്ദാമൃതനിമഗ്നരായി ഭവിക്കുവാൻ സാധിക്കുന്നുവെന്നു താല്പര്യം.

[നിരുപാധികമായ ബ്രഹ്മസ്വരൂപത്തെയാണു് മുമുക്ഷുക്കളായ ഭക്തന്മാർ ഉപാസിക്കുന്നതു്. അതിനെ യാതൊരേടത്തു യാതൊരു ഉപാധി (ശ്രീമൂൎത്തി) യോടു അഭേദമായി വൎണ്ണിക്കുന്നുവൊ അവിടെ മററുള്ളതെല്ലാം അതിനെ ആശ്രയിച്ചുനില്ക്കുന്ന അതിൻെറ സ്വരൂപഭേദങ്ങളായി ഭവിക്കുന്നു. എല്ലാ പുരാണങ്ങൾകൊണ്ടും സ്തോത്രങ്ങൾകൊണ്ടും ഒരേ വസ്തുവിനെത്തന്നെയാണു് പ്രതിപാദിക്കുന്നതെന്ന തത്വം വിദ്വാന്മാൎക്കറിയാവുന്നതാണു്. സൎവ്വോൽകൃഷ്ടമായ വസ്തു ഒന്നേയുള്ളുവെന്നു ശാസ്ത്രസിദ്ധാന്തമാകുന്നു. അധികവിവരം ഭാഗവതാദികളിൽനിന്നു ഗ്രഹിച്ചുകൊൾക].

12.

ദേവിയുടെ വൈഭവത്തെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.:—

സൂൎയ്യേന്ദ്വഗ്നി സമീരണാദി സകല-
സ്വൎവ്വാസിനാ മുന്മദ
സ്സൎവ്വാണ്യേവ പദാനി യോ മഥിതവാൻ
ദുൎവ്വാരശൌൎയ്യോഷ്മണാ;
തം ഘോരം മഹിഷാസുരം നിജപദേ-
നൈകേന സമ്മൎദ്ദനതീ
യത്ത്വം പ്രത്യക്രിഥാസ്തതഃ കിമപരം
ത്വദ്വൈഭവം ബ്രൂമഹേ.

സാരം:—വൎദ്ധിച്ച മദത്തോടുകൂടി ഭവിച്ച യാതൊരു മഹിഷാസുരൻ, സൂൎയ്യൻ ചന്ദ്രൻ അഗ്നി വായു വരുണൻ തുടങ്ങിയ സൎവ്വദേവന്മാരുടേതായിട്ടുള്ള സ്ഥാനങ്ങൾ ചിഹ്നങ്ങൾ ദിവ്യ വസ്തുക്കൾ ഇങ്ങിനെ തുടങ്ങി പദശബ്ദംകൊണ്ടു പറയപ്പെടുന്ന എല്ലാററിനേയും, ആരാലും തടുക്കാൻ കഴിയാത്തമട്ടിലുള്ള പരാക്രമത്തോടുകൂടി ഭവിക്കഹേതുവായിട്ടു മഥനം ചെയ്തു. നശിപ്പിച്ചുവെന്നു താല്പൎയ്യം. ("പദം വ്യവസിതിത്രാണ സ്ഥാനലക്ഷ്മാംഘ്രിവസ്തുഷു" അമരം). അല്ലയോ ദേവി! നിന്തിരുവടി ഭയങ്കരനായ ആ മഹിഷാസുരനെ, പരസഹായം കൂടാതെ നിഗ്രഹാനുഗ്രഹ ശക്തമായ തൻെറ ഒരു പദംകൊണ്ടു ചവിട്ടി അരച്ചു പ്രതിക്രിയ ചെയ്തു എന്നതു യാതൊന്നൊ, അത്യത്ഭുതമായ ആ ചരിത്രത്തെ വൎണ്ണിച്ചു സ്തുതിക്കുകയല്ലാതെ അതിൽപരമായി എന്തൊന്നിനെ ഞങ്ങൾ നിന്തിരുവടിയുടെ വൈഭവമായിട്ടു വൎണ്ണിക്കുന്നു അതു ഞങ്ങൾക്കു സാദ്ധ്യമല്ല. നിന്തിരുവടിക്കുമാത്രമെ സാധിക്കയുള്ളുവെന്നു താല്പൎയ്യം.

19650

സൂൎയ്യൻ ചന്ദ്രൻ അഗ്നി വായു തുടങ്ങിയ ദേവന്മാർ ശൌൎയ്യംകൊണ്ടും ഊഷ്മാവു (ചൂടു)കൊണ്ടും ആൎക്കും ജയി ക്കാൻ കഴിയാത്തവരാണു്. മഹിഷാസുരൻ അതിലും വ ൎദ്ധിച്ച ശൌൎയ്യോഷ്മാവോടുകൂടി ഭവിച്ചുകൊണ്ടു അവരെ പലവിധത്തിലും ഉപദ്രവിക്കയാൽ ഗത്യന്തരമില്ലാഞ്ഞു അവർ മഹിഷൻെറ കാക്കൽ പതിച്ചു അഥവാ, അവരെ കാക്കൽ പതിപ്പിച്ചു. സൎവ്വങ്ങളായിരിക്കുന്ന പദങ്ങളെ മഥനംചെയ്തു എന്നു പറഞ്ഞതിൽ നിന്നാണു ഇത്രയും അൎത്ഥം സിദ്ധിച്ചതു്. അത്രയും ഭയങ്കരനായ മഹിഷാസു രനെ അവൻെറ ദുഷ്ടതക്കു അനുരൂപമായവിധം ദേവി സ്വ ന്തം തൃപ്പാദംകൊണ്ടു വേഗത്തിൽ ചവിട്ടി മൎദ്ദിച്ചു വൈര ത്തിന്നു പ്രതിക്രിയചെയ്തു. അതു സൎവ്വദേവന്മാൎക്കും ഏററ വും സന്തോഷകരമായി ഭവിച്ചുവെന്നു വീണ്ടും പറയേണ്ട തില്ലല്ലൊ. "...വിഷയേഷു ലാലസം; ത്വമപ്രമത്തസ്സഹ സാഭിപദ്യസേ, ക്ഷുല്ലേലിഹാനോഹിരിവാഖുമന്തകഃ" അതിയായി വിശന്നുകിടക്കുന്ന സൎപ്പം എലിയെ എന്നമ ട്ടിൽ സമയത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന കാലസ്വ രൂപിയായ ഈശ്വരൻ, ദുരഹങ്കാരിയായ ഏതു കേമനേ യും പെട്ടെന്നു പിടിച്ചു ഭക്ഷിക്കുന്നുവെന്നു പറയുന്നതായ ഈ ഭാഗവതോപദേശത്തെ, മനുഷ്യൻ കുറച്ചെങ്കിലും ശ്രദ്ധിക്കുന്നുണ്ടെങ്കിൽ, അതു തൻെറ ശ്രേയസ്സിന്നു പ്രധാ നകാരണമായി ഭവിക്കുമായിരുന്നുവെന്ന തത്വം ഇതിൽ നിന്നു ഗ്രഹിക്കാവുന്നതാണു്.

13

കേതാഭീഷ്ടപ്രദാതൃത്വേന ശ്രീപാദത്തെ സ്തുതിക്കുന്നു.

ഏകം വാമതയൈവ ദക്ഷിണതയൈ-
വാന്യൽപദം ദേഹിനാം
ഖ്യാതം മുക്തിപുരാധിവാസിനി! ശിവേ!
ചിത്രം ത്വയി ത്വീദൃശം;
ആനമ്രേഷു ജനേഷ്വഭീഷ്ടകരണെ
പാദാവുഭൌ ദക്ഷിണാ-
വാനമ്രേ തു കൃതാഗസി സ്മരഹരെ
വാമാക്ഷി! വാമാവുഭൌ.

സാരം:— രണ്ടു കാലുള്ള മനുഷ്യാദി ശരീരികൾക്കു ഒരു പാദം ഇടത്തുവശത്താകഹേതുവായിട്ടു വാമപാദം എന്നു പ്രസിദ്ധമാകുന്നു. മറെറ പാദം വലത്തുവശത്താകയാൽ ദക്ഷിണപാദമായിട്ടു (അവാമതയായിട്ടുതന്നെ) പ്രസിദ്ധമായി ഭവിക്കുന്നു. അല്ലയോ മുക്തിപുരാധിവാസിനിയായുള്ളോവെ! ശ്രീപാർവ്വതി! നിന്തിരുവടിയിങ്കലാകട്ടെ, അവിടുത്തെ സംബന്ധിച്ച പദം അടിയൻ താഴെ പറയാൻ പോകുന്ന വിധമായി ഭവിക്കുന്നതു് അത്യാശ്ചര്യം തന്നെ. അതിനെതന്നെ പറയുന്നു. അല്ലയോ സുന്ദരനേത്രേ! നിന്തിരുവടിയുടെ രണ്ടു പാദങ്ങളും, സാഷ്ടാംഗം നമസ്കരിക്കുന്ന ജനങ്ങളിൽ അപരാധങ്ങൾ ക്ഷമിച്ചു അഭീഷ്ടങ്ങൾ കൊടുക്കുന്ന വിഷയത്തിൽ ദക്ഷിണങ്ങളായി (ഉദാരങ്ങളും അവാമങ്ങളുമായി) ഭവിക്കുന്നു. ഗംഗാസംഗമാകുന്ന അപരാധം ചെയ്തതുനിമിത്തം ക്ഷമാപണത്തിന്നായി ദണ്ഡനമസ്കാരം ചെയ്യുന്ന ശിവങ്കലാകട്ടെ, രണ്ടു പാദങ്ങളും വാമങ്ങളായി (പ്രതികൂലങ്ങളും

അദക്ഷിണങ്ങളുമായി) ഭവിക്കുന്നു. ഇതു അത്യാശ്ചര്യമെന്നു താല്പര്യം.

തൃപ്പാദങ്ങളെ സംബന്ധിച്ച വിഷയത്തിൽ ഇത്രയും വിരോധം വന്നതെങ്ങിനെയെന്നു കവി അത്ഭുതപ്പെടുന്നു. ദേവിയുടെ തൃപ്പാദങ്ങളെ എടത്തെ തൃപ്പാദമെന്നും വലത്തെ തൃപ്പാദമെന്നും രണ്ടായി പറയുക പതിവില്ല എന്ന അൎത്ഥത്തിലല്ല ഇവിടെ വൎണ്ണിച്ചിട്ടുള്ളതു്. വാമ ശബ്ദത്തിന്നു എടത്തു എന്നും സുന്ദരമെന്നും പ്രതികൂലമെന്നും, ദക്ഷിണ ശബ്ദത്തിന്നു വലത്തു ഉദാരം എന്നീയൎത്ഥങ്ങളും ഉള്ളതുകൊണ്ടു അതുകളെ ശ്ലേഷഭംഗിയോടുകൂടി വൎണ്ണിക്കയാണു് ചെയ്തിട്ടുള്ളതു്. അതുകൊണ്ടു വിരോധപരിഹാരവുമായിട്ടുണ്ടല്ലൊ. ദേവിയുടെ രണ്ടു തൃപ്പാദങ്ങളും ഭക്തന്മാൎക്കു അഭീഷ്ടങ്ങളെ മടികൂടാതെ കൊടുക്കുന്നതുകളെന്നു താല്പര്യം.

14

. ഇനി എട്ടുപദ്യങ്ങൾ കൊണ്ടു സൌഭാഗ്യഗുണത്തെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ആനമ്രസ്യ പുരദ്രുഹശ്ശിരസി തേ
പാദാബ്ജപാതശ്ശിവേ!
ജീയാദ്യേന ബഭ്രുവ പങ്കജവതീ
മൌലിസ്രവന്തീ ക്ഷണം;
കിഞ്ചോദഞ്ചിത ബാലപല്ലവവതീ
ജാതാ ജടാവല്ലരീ
ലാക്ഷാപാതവശേന സാന്ധ്യസുഷമാ-
സാന്ദ്രാ ച ചാന്ദ്രീകലാ.

സാരം:—അല്ലയോ ശിവേ! അപരാധനിവൃത്തിക്കായി നിന്തിരുവടിയുടെ ശ്രീപാദങ്ങളിൽ നമസ്കരിക്കുന്ന ശിവൻെറ ശിരസ്സിൽ നിന്തിരുവടിയുടെ തൃപ്പാദമാകുന്ന പത്മത്തിൻെറ പതനം സർവ്വോൽക്കഷേണ വത്തിക്കട്ടെ. നമസ്കരിച്ചിട്ടും കോപം ശമിക്കായ്കയാൽ ശിരസ്സിൽ പാദാബ്ജംകൊണ്ടു താഡിച്ചതിനെയാണു് പാദാബ്ജപാതം എന്നു പറഞ്ഞതു്. പാദാബ്ജപാതത്തെ വിശേഷിപ്പിക്കുന്നു. നിന്തിരുവടിയുടെ പാദാബ്ജപാതം ഹേതുവായിട്ടു, ഭഗവാൻെറ ശിരസ്സിലുള്ള ഗംഗ അല്പസമയം താമരപ്പൂവോടു കൂടിയതായി ഭവിച്ചു. അത്രയുമല്ല, യാതൊരു പാദാബ്ജപാതം ഹേതുവായിട്ടു ഭഗവാൻെറ ജടയാകുന്ന സുവർണ്ണലത ശ്രേഷ്ഠമായ പുതിയ തളിരോടു കൂടിയതായി ഭവിച്ചു. (തൃപ്പാദത്തിന്നു പല്ലവത്തിൻെറ സാദൃശ്യമാണു് ഇതുകൊണ്ടു ഗ്രഹിക്കേണ്ടതു്). അപ്രകാരം ഭഗവാൻെറ ശിരസ്സിലുള്ള ചന്ദ്രക്കല, തൃപ്പാദങ്ങളിൽ ലേപനം ചെയ്യപ്പെട്ട ലാക്ഷാ (ചെമ്പഞ്ഞിച്ചാറു) പതിക്കഹേതുവായിട്ടു സന്ധ്യാസമയത്തിലെ പരമശോഭകൊണ്ടു വ്യാപ്തമായും ഭവിച്ചു. തുടരുവെന്നു താല്പര്യം.

ദേവിയുടെ തൃപ്പാദപത്മങ്ങളിൽനിന്നു ലാക്ഷാരസം പതിച്ചതുനിമിത്തം ചന്ദ്രക്കല ചുവന്നവർണ്ണമായി ഭവിച്ചുവെന്നു പറഞ്ഞതുകൊണ്ടു, ഉന്നതസ്ഥാനത്തു വസിക്കുന്ന തേജസ്വിയായ തനിക്കു അതു ഏററവും അപമാനകരമായിട്ടുള്ളതാകയാൽ കിടാവാണെങ്കിലും സ്വഭാവേന പരമദ്വേഷിയായ ചന്ദ്രൻ തൃപ്പാദപത്മങ്ങളുടെ നേരെ വല്ലാതെ കോപിച്ചു എന്നൊരത്ഥവും ഇവിടെ സ്ഫുരിക്കുന്നു. കോപത്തിൻെറ നിറം ചുകപ്പായിട്ടാണു കവികൾ വർണ്ണിക്കാറുള്ളതു്. അടുത്ത ശ്ലോകംകൊണ്ടു തൃപ്പാദപത്മത്തിന്നും ചന്ദ്രന്നും തമ്മിലുള്ള പരസ്പര വൈരിത്വത്തെയാണു വർണ്ണിക്കുന്നതു്.

## 15

ദൃഷ്ട്വാ രാത്രിഷു ചന്ദ്രപാദജനിതാം
പാഥോരുഹാണാം വ്യഥാം
ദേവി! ത്വം കരുണാകുലേവ കുരുഷേ
തദ്വൈരനിര്യാതനം;
മാനാനമ്രമഹേശമൗലി വളഭീ-
വാസസ്യ ശീതത്വിഷോ
നിത്യം പങ്കജപാദഘാതജനിതാ
ബാധാ യദാധീയതേ.

സാരം:—അല്ലയോ ദേവി! നിന്തിരുവടി, രാത്രികളിൽ പത്മങ്ങൾക്കു ചന്ദ്രപാദങ്ങളാൽ ഉണ്ടാക്കപ്പെട്ടതായ ബാധയെ കണ്ടിട്ടു കൃപാപരവശയാകയാലൊ എന്നു തോന്നുമാറു ഭവിച്ചുകൊണ്ടു ദുഃഖത്തിന്നു പ്രതിക്രിയ ചെയ്യുന്നു. അതെങ്ങിനെയെന്നാണെങ്കിൽ, പ്രണയകോപത്തെ ശമിപ്പിക്കാനായി സാഷ്ടാംഗം നമസ്കരിക്കുന്ന ശിവന്റെ ചന്ദ്രശാലപോലെയിരിക്കുന്ന ശിരസ്സിൽ (ജടാഭാരത്തിൽ) വാസത്തോടുകൂടിയ ചന്ദ്രനു പതിവായി പങ്കജപാദങ്ങളുടെ താഡനത്താലുണ്ടാക്കപ്പെട്ടതായ പീഡയെ ഉണ്ടാക്കിത്തീക്കുന്നു.

ഇവിടെ പാദശബ്ദത്തിന്നു രശ്മി എന്നും ചരണമെന്നും അത്ഥം. ചന്ദ്രപാദങ്ങൾ=ചന്ദ്രന്റെ പാദങ്ങൾ. പങ്കജപാദം എന്നതിന്നു പങ്കജത്തിന്റെ പാദമെന്നും, പങ്കജംപോലെയിരിക്കുന്ന പാദമെന്നും അത്ഥം. ഇങ്ങോട്ടു

പ്രവൃത്തിക്കുന്നതുപോലെ അങ്ങോട്ടും ചെയ്തു പകവീട്ടുക എന്നതാണ് പ്രതിക്രിയ ചെയ്യുക എന്നു പറയുന്നത്. ഭഗവാൻ നമസ്കരിക്കുമ്പോൾ ദേവിയുടെ പാദാബ്ജതാഡനം ഭഗവാന്റെ ശിരസ്സിലുള്ള ചന്ദ്രക്കലയെ ഗാഢമായി സ്പർശിക്കുന്നതിനെയാണ് കവി ഇവിടെ രസമായി വർണ്ണിച്ചിട്ടുള്ളത്.

16

സംഭ്രാന്തിസ്തവ ദേവി! സാ വിജയതേ
മാനാവനമ്രെ ശിവെ
ത്വല്പാദാംബുരുഹപ്രഹാര മുദിതെ
മന്ദം സമുത്ഥായിനി;
ലാക്ഷാരാഗരസാരുണം നിപതിതം
ഗംഗാപയശ്ശീകരം
ദൃഷ്ട്വാ ശോണിതശങ്കയാ തരളിതാ
കാന്തം യദാലംബഥാ:-

സാരം:—അല്ലയോ ദേവി! നിന്തിരുവടിയുടെ ആ സംഭ്രാന്തി സർവ്വോൽക്കർഷേണ വർത്തിക്കുന്നു. ഏതു സംഭ്രാന്തി എന്നാണെങ്കിൽ, നിന്തിരുവടിയുടെ പ്രണയകോപം നിമിത്തം സമാധാനമില്ലാതെ ഭവിച്ചു വേഗേന തൃക്കാക്കൽ നമസ്കരിക്കുന്ന ശിവൻ, അന്യാസംഗത്തെ സഹിക്കാൻ ശക്തിയില്ലാത്ത നിന്തിരുവടിയുടെ പാദാരവിന്ദംകൊണ്ടുള്ള താഡനത്താൽ സന്തുഷ്ടനായി അതു ഹേതുവായിട്ടുതന്നെ സാവധാനത്തിൽ എഴുന്നീല്ക്കുന്നവനായ സമയത്തിങ്കൽ നിന്തിരുവടി, തൃപ്പാദങ്ങളിൽ ലേപനം

ചെയ്യപ്പെട്ട ലാക്ഷയാകുന്ന ലേപനദ്രവ്യത്തിൻെറ രസം (ചെമ്പഞ്ഞിച്ചാറു) കൊണ്ടു രക്ത(വൎണ്ണ)മായി ഭഗവാൻെറ ശിരസ്സിൽനിന്നു ധാരാളമായി താഴെ പതിച്ച ഗംഗയിലെ ജലകണത്തെ ദൎശിച്ചിട്ടു, പാദപ്രഹാരംകൊണ്ടു മുറിവു പററിയ ശിവശിരസ്സിൻനിന്നു തെറിച്ച രക്തമാണെന്നുള്ള ഭ്രമത്താൽ പ്രചലിതയായി ഭവിച്ചുകൊണ്ടു പ്രിയതമനായ ശിവനെ ആലിംഗനം ചെയ്തു. കോപഭാരത്താൽ ഇളകാതെ വസിച്ചിരുന്ന നിന്തിരുവടി ഭയവിഹ്വലയായി ഭവിച്ചുകൊണ്ട് ഇരിമ്പു കാന്തത്തെ എന്നപോലെ പെട്ടെന്നു ശിവനെ ആലിംഗനം ചെയ്തത് യാതൊരു സംഭ്രാന്തി (വെറും തെററിദ്ധാരണ) ഹേതുവായിട്ടോ ആ സംഭ്രാന്തി സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു. ("പ്രണാമോ ദുഃഖശമനഃ" എന്നു ഭാഗവതത്തിൽ പറഞ്ഞിട്ടുള്ളതു് ശിവന്നു പ്രത്യക്ഷാനുഭവമായിയെന്നൊരു ഫലിതാൎത്ഥം ഇവിടെ സ്ഫുരിക്കുന്നു.)

17

സാ പാദപാതിതയാ ഹതിൎജ്ജയതി തേ
 യസ്യാം ഗിരീന്ദ്രാത്മജേ!
പ്രാചീനേന്ദുയുതേ നഖേന്ദുദശകെ
 മൌലിസ്ഥലീസംഗതേ;
സപദ്യൈകാദശമൂൎത്തിതാസമുചിതാ-
 നേകാദശൈവോഡുപാ-
നാബിഭ്രാണ ഇവാംബഭൌ സ ഭഗവാ-
 നേകോപി രുദ്രസ്വയം.

സാരം:—അല്ലയോ ശ്രീ പാർവ്വതി! നിന്തിരുവടിയുടെ, പത്മത്തേക്കാൾ മനോഹരങ്ങളായ രണ്ടു തൃപ്പാദങ്ങൾകൊണ്ടു, അപരാധനിവൃത്തിക്കായി നമസ്കരിക്കുന്ന ഭഗവാൻെറ ശിരസ്സിൽ ഈഷദ്രോഷത്തോടുകൂടിയ ആ താഡനം സർവ്വോൽക്കർഷേണ വർത്തിക്കുന്നു. അതിനെ വിശേഷിപ്പിക്കുന്നു. യാതൊന്നിങ്കൽ നിന്തിരുവടി രണ്ടു തൃപ്പാദങ്ങൾ കൊണ്ടു താഡനം ചെയ്തതായ സമയത്തിങ്കൽ പ്രസിദ്ധനായ ഐശ്വര്യാദിഷൾഗുണ പരിപൂർണ്ണനായ ശ്രീരുദ്രൻ താൻ ഏക (അദ്വിതീയ) നായി ഭവിക്കുന്നുവെങ്കിലും, തൻെറ ശിരസ്സിൽ പണ്ടുതന്നെയുള്ള ഒരു ചന്ദ്രനും ആ ചന്ദ്രൻെറ ഇരുവശങ്ങളിലായി തൃപ്പാദങ്ങളിലെ തിരുനഖങ്ങളാകുന്ന 10 ചന്ദ്രന്മാരുംകൂടി 11 ചന്ദ്രന്മാർ ശിരസ്സിൽ ഒരേ ക്ഷണത്തിൽ സ്ഥിതിചെയ്തതായ സമയത്തിങ്കൽ, തൻെറ (രുദ്രൻെറ) ഏകാദശമൂർത്തിതക്കു വഴിപോലെ യോജിച്ചവരായ ഏകാദശചന്ദ്രന്മാരെ ധരിക്കുന്നവനൊ എന്നു തോന്നുംവണ്ണം ശോഭിച്ചു. ഭഗവാൻ തൻെറ ഏകാദശമൂർത്തിതയെ സ്പഷ്ടമാക്കിച്ചെയ്യാനായിക്കൊണ്ടു 11 ചന്ദ്രന്മാരെ ധരിച്ചതുപോലെ ശോഭിച്ചുവെന്നു താല്പര്യം.

രുദ്രൻ സ്വതവെ ഏകനെയുള്ളുവെങ്കിലും അദ്ദേഹത്തിന്നു 11 സ്വരൂപങ്ങളുള്ളതായി ഏകാദശരുദ്രന്മാരെന്നു പ്രസിദ്ധമായി പറഞ്ഞുവരുന്നുണ്ടു. "ഏകാദശാഹ്വയതയാ ച വിഭിന്നരൂപം രുദ്രം വിധായ" (ദ 10 ശ്ലോ 5) എന്നു തുടങ്ങിയ നാരായണീയശ്ലോകം നോക്കിയാൽ ഇക്കാര്യം എളുപ്പത്തിൽ അറിയാൻ സാധിക്കുന്നതാണ്.

18

കിം വൈരിഞ്ചകരോടികോടിനിഹതം
കിം വാ ഫണിഗ്രാമണീ-
നിശ്വാസാനിലഖേദിതം ത്വദിദമിതി
പ്രേമാർദ്ര സല്ലാപിനാ;
മാനഃസ്യാപശമേ കരേണ ശനകൈ-
രാമൃദ്നതാ ശംഭുനാ
ഭൂയശ്ചുംബിതമംബുജദ്യുതിപദം
ധ്യായാമി മായേ! തവ.

സാരം:—അല്ലയോ മായേ! ശിവനാൽ നിന്തിരുവടിയുടെ ഈൎഷ്യാകൃതമായ കോപത്തിന്നു ഉപശാന്തി ചെയ്യപ്പെട്ടതിൻെറ ശേഷം (നമസ്കാരം കൊണ്ടു പ്രസാദിപ്പിക്കപ്പെട്ടതിൻെറ ശേഷം), അല്ലയോ പാൎവ്വതി! ഭവതിയുടെ പാദം ബ്രഹ്മാവിൻെറ ശിരോസ്ഥിയുടെ അഗ്രത്താൽ മുറിവു പററിയതായി ഭവിക്കുന്നുവോ? (വേദന സംഭവിച്ചതുകൊണ്ടു കോമളപാദങ്ങളുടെ ഗൎവ്വ് കുറെ ശമിച്ചുവോ എന്നു താല്പൎയ്യം). അഥവാ, ഈ പാദമാകട്ടെ, സൎപ്പശ്രേഷ്ഠനായ അനന്തൻെറ നിശ്വാസവായുവിനാൽ, ദുഃഖിതമായി ഭവിക്കുന്നുവൊ എന്നിപ്രകാരം സ്നേഹാൎദ്രമാകുംവണ്ണം അരുളിച്ചെയ്യുന്നവനായി, തൃക്കൈകൊണ്ടു എത്രയോ സാവധാനത്തിൽ മൎദ്ദനം ചെയ്യുന്നവനായി, പിന്നെ ചുംബിക്കപ്പെട്ടതുമായ ചെന്താമരപ്പൂവിൻെറ കാന്തിപോലെയുള്ള കാന്തിയോടു കൂടിയ നിന്തിരുവടിയുടെ ശ്രീപാദത്തെ അടിയൻ ധ്യാനിക്കുന്നു.

പഞ്ചമുഖനായിരുന്ന ബ്രഹ്മാവു ഒരിക്കൽ ഒരു വ്യാജം പറയുകയാൽ ക്രോധാകുലനായ പരമശിവൻ അസത്യം ഉച്ചരിച്ചതായ ആ ദക്ഷിണശിരസ്സിനെ

ഗളച്ഛേദം ചെയ്തു. അന്നുമുതൽ ബ്രഹ്മാവു ചതുർമ്മുഖനായി ഭവിച്ചു. ഭഗവാൻ മോതിരവിരൽകൊണ്ടു ബ്രഹ്മാവിൻെറ ശിരസ്സിനെ നുള്ളിയെടുക്കുകയാണുണ്ടായതെന്നും, തന്നിമിത്തം ആ തിരുവിരലിന്നു ബ്രഹ്മഹത്യാദോഷം സംഭവിച്ചുവെന്നും പറയപ്പെടുന്നു. സമഷ്ടിരൂപനായ ഈശ്വരൻെറ ഈ പാപം വ്യഷ്ടിരൂപന്മാരായ മനുഷ്യാദി ജീവികളേയും ബാധിച്ചു. മനുഷ്യർക്ക് അതു എത്രയോ ഉപകാരമായി ഭവിച്ചിട്ടുണ്ടെന്നു വിശ്വസിക്കാം. നുണപറയുന്നതു് ആരായാലും വേണ്ടതില്ല അവർ ഈശ്വരശിക്ഷക്കു അർഹന്മാരായി ഭവിക്കുമെന്ന തത്വം ഇതുകൊണ്ടു് എല്ലാവർക്കും ഗ്രഹിക്കാറായല്ലോ. മോതിരവിരലിന്നു അങ്ങിനെയൊരു ദോഷം ബാധിച്ചിട്ടുള്ളതുകൊണ്ടു പവിത്രം ധരിച്ചു ശുദ്ധമായല്ലാതെ അതുകൊണ്ടു യാതൊരു ശുഭകർമ്മവും ചെയ്യരുതെന്നു നിർബ്ബന്ധമായി വിധിച്ചിരിക്കുന്നു.

ബ്രഹ്മാവിൻെറ ശിരോസ്ഥി (തലയോട്ടു) താഴെ വെക്കുവാൻ പാടില്ലായ്കയാൽ അതിനെ പരമശിവൻ സ്വന്തം ശിരസ്സിലാണു സൂക്ഷിച്ചിട്ടുള്ളതെന്നും, ഭിക്ഷാടനം ചെയ്യുമ്പോൾ അതു തൃക്കയ്യിലെടുക്കാറുണ്ടെന്നും പറയപ്പെടുന്നു.

സർപ്പത്തെ ചവിട്ടിയാൽ അതു കോപിച്ചു ഫണം വിടർത്തി ഫൂൽക്കാരം ചെയ്യുക എന്നതു് അതിൻെറ സ്വഭാവമാണല്ലൊ. അതുകൊണ്ടാണു ഭഗവാൻ അവിടുത്തെ ജടാഭാരത്തിൽ കിടക്കുന്ന ഫണീന്ദ്രൻെറ വിഷവായുക്കളെക്കൊണ്ടു വല്ല ഖേദവും സംഭവിച്ചുവൊ എന്നിങ്ങിനെ ദേവിയോടു അരുളിച്ചെയ്തതു്.

ഈശ്വരന്മാരെപ്പോലും ഭ്രമിപ്പിക്കുന്ന മായാശക്തിയുള്ള നിന്തിരുവടി, തൃപ്പാദാശ്രിതനായ അടിയൻെറ മനസ്സിനെ മോഹിപ്പിക്കാതിരിക്കണെ എന്നിങ്ങിനെ കവിക്കു ദേവിയോടുള്ള അപേക്ഷയാണ് മായെ! എന്ന സംബോധനകൊണ്ടു സൂചിപ്പിക്കുന്നതു്. (ഭക്തശിരോമണിയായ സാക്ഷാൽ കൂടല്ലൂർ്മനയ്ക്കൽ കുഞ്ഞിക്കാവുനമ്പൂതിരിപ്പാട്ടു തിരുമനസ്സുകൊണ്ടു, ശ്രീമത്ഭാഗവതം വായിക്കുന്ന സന്ദർഭങ്ങളിലും മററുപല അവസരങ്ങളിലും "മുക്തിസ്ഥലത്തു മായേ!" എന്നിങ്ങിനെ, ഉറക്കെ നീട്ടി വിളിക്കുക പതിവുണ്ടെന്നു ഭക്തന്മാർ പറഞ്ഞുകേട്ടിട്ടുള്ളതിനെ ഇയ്യുള്ളവൻ ഈ സന്ദർഭത്തിൽ സ്മരിക്കുന്നു).

19.

പൂർവ്വം ജഹ്നുസുതാ സകൃന്മുരരിപോ
ശ്ശ്രീപാദസംക്ഷാളനാ-
പുണ്യാദീദൃശവൈഭവാ സമഭവൽ
ഗോവിന്ദവന്ദ്യേ! ശിവേ!
സേയം സമ്പ്രതി ശംഭുമൌലിനിലയാ
മാനപ്രസംഗാനതൌ
നിത്യം ത്വച്ചരണാവസേചനഭുവാ
പുണ്യേന കീദൃക്ഭവേൽ.

സാരം:—അല്ലയോ വിഷ്ണുവിനാൽ വന്ദ്യയായുള്ളോവെ! ശ്രീപാർവ്വതി! വിഷ്ണുഭഗവാൻ വാമനമൂർത്തിയായി അവതരിച്ച കാലത്തു ഗംഗാ, ഒരിക്കൽ വാമനമൂർത്തിയുടെ ശോഭയോടുകൂടിയ തൃപ്പാദത്തിൻെറ സംക്ഷാളനത്താലുണ്ടായ സുകൃതം ഹേതുവായിട്ടു ഇപ്പോഠം കാണപ്പെടുന്ന പ്രകാരം സർവ്വപാപനാശകസ്വരൂപമായ മാഹാത്മ്യ

ത്തോട്ടുകൂടിയതായി ഭവിച്ചു. "യച്ഛൌചനിസ്സൃതസ്സരിൽ പ്രവരോദകേന, തീൎത്ഥേന മൂൎദ്ധ്ന്യധികൃതേന ശിവശ്ശിവോഭൂൽ" ഇത്യാദി വചനങ്ങൾകൊണ്ടു ഭാഗവതാദി പുരാണങ്ങളിൽ ഗംഗയുടെ മാഹാത്മ്യത്തെ പ്രസിദ്ധമായി വൎണ്ണിച്ചിട്ടുള്ളതു നോക്കുക എന്നു താല്പൎയ്യം. ശിവന്റെ ശിരസ്സിൽ സ്ഥിരവാസത്തോട്ടുകൂടിയ ആ ഗംഗ ഇപ്പോൾ, ശിവൻ നിന്തിരുവടിയുടെ പ്രണയകോപത്തെ ശമിപ്പിക്കാനായി നമസ്കരിക്കുന്ന സമയത്തിൽ എല്ലായ്പോഴും നിന്തിരുവടിയുടെ ശ്രീപാദസംക്ഷാളനം ഹേതുവായിട്ടുണ്ടാവുന്ന പുണ്യത്താൽ എത്ര മാഹാത്മ്യമുള്ളതായി ഭവിക്കും. യാതൊരു ദേവിയുടെ തൃപ്പാദങ്ങളെ വന്ദിക്കുന്ന ഒരാളുടെ പാദം ഒരിക്കൽ ക്ഷാളനം ചെയ്തിട്ടുണ്ടായ പുണ്യത്താൽ ഗംഗക്കു അതിയായ മാഹാത്മ്യം ഭവിച്ചു. ആ ദേവിതന്നെ എപ്പോഴും ഗംഗയിൽ തൃപ്പാദം കഴുകുന്നതുകൊണ്ടു, ഗംഗ ഇപ്പോൾ എത്ര അധികം മാഹാത്മ്യമുള്ളതായി ഭവിച്ചിരിക്കുമെന്നു പറയേണ്ടതുണ്ടോ എന്നു താല്പൎയ്യം. (അവശനായ ഇയ്യുള്ളവൻ സന്ദൎഭവശാൽ മനസ്സുകൊണ്ടു ഗംഗയിൽ സ്നാനം ചെയ്തു്, ഗംഗാതീൎത്ഥംകൊണ്ടു ശ്രീകാശിവിശ്വനാഥസ്വാമിയെ ഭക്തിപൂൎവ്വം അഭിഷേകംചെയ്തു്, അവിടുത്തെ ശ്രീപാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു്, 'ഭഗവത്യച്യുതാം ഭക്തിം തല്പരേഷു തഥാത്വയി' എന്നിങ്ങിനെ മാൎക്കണ്ഡേയമഹൎഷി ശിവനോടു അപേക്ഷിച്ചിട്ടുള്ളതുപോലെ, ഐശ്വൎയ്യാദിഷാൾഗുണപരിപൂൎണ്ണനായ ശ്രീഗുരുവായൂരപ്പങ്കലും അവിടുത്തെ ഭക്തന്മാരിലും അതുപോലെ നിന്തിരുവടിയിങ്കലും നാശമില്ലാത്തതായ ഭക്തിതരണെ എന്നു പ്രാൎത്ഥിക്കുന്നു).

20.

പൂർവ്വം വ്യാകരണപ്രപഞ്ചനവിധൌ
ലബ്ധ്വാ പ്യനേകം പദം
കിംനോ തൃപ്തിമഗാദഗാധിപസുതേ!
ശേഷഃ ഫണിഗ്രാമണീഃ
ആലീനശ്ശശിമൌലിമൂർദ്ധ്നി ചിരം
പ്രേമപ്രകോപാനതൌ
ലബ്ധും തേ പദമേകമേവ, കുതുകീ
നിത്യം യതോ വർത്തതേ.

സാരം:—നാഗേന്ദ്രനായ അനന്തൻ (പതഞ്ജലിമഹർഷി) പണ്ടു പാണിനീയ വ്യാകരണത്തിന്റെ സൂത്രാർത്ഥങ്ങളെ വിവരിച്ചു വിസ്തരിച്ചുകൊണ്ടിരിക്കുമ്പോൾ സുപ്തിങന്താദിയായ (നാമം ക്രിയതുടങ്ങിയ) അസംഖ്യം പദങ്ങൾ ലഭിച്ചിട്ടും അലംഭാവത്തെ പ്രാപിച്ചില്ലയൊ, യാതൊരു കാരണത്താൽ അല്ലയോ ശ്രീപാർവ്വതി! ശേഷമായതു്, പ്രണയകോപാവസരത്തിൽ ഭഗവാൻ നമസ്കരിക്കുന്ന സമയത്തു നിന്തിരുവടിയുടെ ഏകമായിരിക്കുന്ന പദത്തെത്തന്നെ ലഭിക്കാനായിക്കൊണ്ടു കുതുഹലത്തോടു കൂടിയവനായി, അതു ഹേതുവായിട്ടു അങ്ങിനെയുള്ള സന്ദർഭത്തെ പ്രതീക്ഷിച്ചുകൊണ്ടുതന്നെ എപ്പോഴും ശിവന്റെ ജടാഭാരത്തിന്നുള്ളിൽ ചെറിയ സ്വരൂപത്തോടുകൂടി ഒതുങ്ങിക്കിടന്നുകൊണ്ടു എത്രയൊ കാലമായി വർത്തിക്കുന്നു.

ശബ്ദശാസ്ത്രം മുഴുവൻ ഹൃദിസ്ഥമായാലും അദ്വിതീയമായ ആനന്ദപദം സിദ്ധിക്കാഞ്ഞാൽ മനസ്സു പൂർണ്ണകൃതാർത്ഥതയെ പ്രാപിക്കയില്ലെന്നുള്ള തത്വം ഇതുകൊണ്ടു് പ്രകാശിപ്പിച്ചിരിക്കുന്നു.

"സമ്പ്രാപ്തേ സന്നിഹിതേ കാലേ, നഹി നഹി രക്ഷതി ഡുകൃഞ്കരണേ; ഭജ ഗോവിന്ദം ഭജ ഗോവിന്ദം, ഗോവിന്ദം ഭജ മൂഢമതേ!" എന്നിങ്ങിനെ ആചാര്യസ്വാമികൾ അരുളിച്ചെയ്തിട്ടുള്ളതു നോക്കുക. പദശബ്ദ

ത്തിന്നു, ചരണമെന്നും വാക്ക എന്നും അൎത്ഥം. ശേഷശബ്ദത്തിന്നു അനന്തൻ എന്നും, എല്ലാം നിഷേധിച്ചു ഒടുവിൽ ശേഷിക്കുന്നതു് എന്നും അൎത്ഥം.

21.

തിഷ്ഠന്ത്യാം പ്രണയപ്രകോപവശതോ
ബാഷ്പാകുലാക്ഷ്യാം ത്വയി
ശ്രീകണ്ഠേ നഖദൎപ്പണപ്രതിഫല-
ദ്രൂപേ പുരോവൎത്തിനി;
പാദാഗ്രേ പതിതോയമിത്യഭിഹിതേ
സഖ്യാ തവാലോകനം
ലോലം പാദതലേ വിഭാതി സഹസാ
സാകോപമാളീമുഖേ.

സാരം:—അല്ലയോ ദേവി! നിന്തിരുവടി പ്രണയകോപത്തിന്നധീനയാകഹേതുവായിട്ടു ദുഃഖാശ്രുക്കൾകൊണ്ടു വ്യാകുലങ്ങളായ തൃക്കണ്ണുകളോടുകൂടി സ്ഥിതിചെയ്യും സമയത്തിങ്കൽ അതുപോലെ, പുരോഭാഗത്തിൽ എഴുന്നള്ളിനില്ക്കുന്ന ശിവൻ നിന്തിരുവടിയുടെ രത്നക്കണ്ണാടിപോലെയുള്ള തിരുനഖങ്ങളിൽ പ്രതിബിംബിതസ്വരൂപനായ സമയത്തിങ്കൽ, അപ്രകാരം, ഇഷ്ടസഖിയാൽ അല്ലയോ ദേവി! ഇദ്ദേഹം (അവിടുത്തെ പ്രാണനാഥൻ) നിന്തിരുവടിയുടെ കോപത്തെ ശമിപ്പിക്കാനായി തൃപ്പാദങ്ങളുടെ തലപ്പത്തു നമസ്കരിച്ചു എന്നിപ്രകാരം പറയപ്പെട്ട സമയത്തിങ്കൽ, ആദ്യം സ്വന്തം തൃപ്പാദതലത്തിൽ തൃപ്പാദപ്രണതനായ പ്രാണനാഥനെ ദശിക്കാനുള്ള അത്യാഗ്രഹത്തോടുകൂടിയും, പിന്നെ സഖിയുടെ മുഖത്തിൽ, പെട്ടെന്നു അല്പം കോപത്തോടുകൂടിയും നിന്തിരുവടിയുടെ വീക്ഷണം ശോഭിക്കുന്നു.

ദേവി, ഭഗവാൻെറ ഗംഗാസംഗത്തെ അറിഞ്ഞതു കൊണ്ടു, സപത്നിയുടെ ഉൽക്കഷ്ത്തെ സഹിക്കാൻ വയ്യാതെ കോപാകുലയായി ആരെയും നോക്കാതെ യാതൊന്നും അരുളിച്ചെയ്യാതെ ദുഃഖാശ്രുപൂൎണ്ണങ്ങളായ തൃക്കണ്ണുകളോടുകൂടി സ്ഥിതിചെയ്തു. ഭഗവാനാകട്ടെ പ്രാണനാഥയുടെ പ്രണയകോപത്തെ ശമിപ്പിക്കാനായി താൻ അപരാധിയെന്ന നിലയിൽ ദേവിയുടെ സമീപത്തു ചെന്നു്, ഇനി എന്തുചെയ്യണമെന്ന ചിന്തയോടുകൂടി ദേവിയുടെ തൃപ്പാദങ്ങളിലേക്കു നോക്കി വസിച്ചു. ദേവിയും ദേവനും പരസ്പരം നോക്കാതെ ഇപ്രകാരം സ്ഥിതി ചെയ്യുന്നതു കണ്ടു സമീപത്തു നില്ക്കുന്ന ഇഷ്ടസഖി, ദേവിയുടെ തൃപ്പാദതിരുനഖങ്ങളിൽ നീലകണ്ഠനായ ഭഗവാൻെറ തിരുമുഖം പ്രതിബിംബിച്ചു ശോഭിക്കുന്നതു കാണുകയാൽ (ഉള്ളിൽ അല്പം ഹാസ്യരസം കലൎന്നു) പുഞ്ചിരിയോടുകൂടി, അല്ലയോ ദേവി! ഇതു നോക്കിക്കാണുക എന്ന അൎത്ഥത്തിൽ, അവിടുത്തെ പതി തൃപ്പാദത്തിൽ പതിതനായി എന്നിങ്ങിനെ പതുക്കെ പറഞ്ഞു. ആ സമയത്തിൽ ദേവിയാകട്ടെ, നമസ്കരിച്ചു പ്രാണനാഥനെ കാണാനുള്ള അത്യാഗ്രഹത്തോടുകൂടി ആദ്യം സ്വന്തം തൃപ്പാദപ്രദേശത്തേക്കും, പിന്നെ അതേക്ഷണത്തിൽ, സഖി പറഞ്ഞതിൻെറ സാരത്തെ ചിന്തിക്കാതെ മുഖത്തു നോക്കി വ്യാജം പറഞ്ഞില്ലേ എന്ന ഭാവനയോടുകൂടി കുറഞ്ഞോരു കോപം പൂണ്ടു ഇഷ്ടസഖിയുടെ മുഖത്തേക്കും നോക്കി. എല്ലാടവും നോക്കുക ശീലമായുള്ള ദേവി അത്രമാത്രം ചെയ്തതല്ലാതെ പ്രസാദിപ്പിക്കാനായി പുരോഭാഗത്തിൽ എഴുന്നുള്ളിനില്ക്കുന്ന പ്രാണനാഥനെ അപ്പോഴും പരുഷമായിട്ടെങ്കിലും ഒന്നു നോക്കിയില്ല എന്നു സ്ഫുരിക്കുന്നു. (ഈ വൎണ്ണനയിൽ അന്തർഭവിച്ചു കിടക്കുന്ന അനിർവ്വാച്യമായ രസവിശേഷത്തെ ചിന്താശീലന്മാരായ ഭക്തന്മാർ ചിന്തിച്ചു രസിക്കട്ടെ).

22.

കാന്താലോകനലജ്ജയാ വിനമിതേ
കാന്തേ മുഖാംഭോരുഹേ
യാസൌ ഭ്രൂതലപാതുകാ നയനയോ-
ശ്ശോഭാ തവാഭാസതേ;
സാ താവത്തരുണാരുണാംബുജയുഗ-
ഭ്രാന്ത്യാ ത്വദംഘ്രിദ്വയ-
പ്രാന്തേ ഭാതി മരന്ദപാനകുതുക-
ഭ്രാന്തേവ ഭൃംഗാവലീ.

സാരം:—സുന്ദരമായിരിക്കുന്ന നിന്തിരുവടിയുടെ തിരുമുഖപത്മം, പുരോഭാഗത്തിൽ എഴുന്നള്ളിനില്ക്കുന്ന പ്രിയതമനായ ശിവൻെറ ദർശനം നിമിത്തമുണ്ടായ ലജ്ജ ഹേതുവായിട്ടു വിശേഷേണ നമിക്കപ്പെട്ട സമയത്തിങ്കൽ, ഭ്രൂപ്രദേശത്തു പതിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടിയുടെ തൃക്കണ്ണുകളിൽനിന്നു പുറപ്പെട്ടുന്നതായ യാതൊരു ഈ നീലകാന്തി തൃപ്പാദസന്നിധിയിൽ ശോഭിക്കുന്നു. നിന്തിരുവടിയുടെ രണ്ടു തൃപ്പാദങ്ങളുടെ സമീപത്തിൽ വർത്തിച്ചുകൊണ്ടിരിക്കുന്ന ആ തിരുമിഴിശോഭ, പുതിയതായ രണ്ടു ചെന്താമരപ്പൂക്കളാണെന്നുള്ള ഭ്രമം ഹേതുവായിട്ടു തന്നെ പുത്തൻമധു നുകരാനുള്ള കൌതുകത്താൽ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചെറിയ വണ്ടുകളുടെ സമൂഹമൊ എന്നു തോന്നുമാറു ശോഭിക്കുന്നു.

ദേവി ലജ്ജനിമിത്തം തിരുമുഖംതാഴ്ത്തി കൃഷ്ണമണികളെ അല്പം അങ്ങോട്ടുമിങ്ങോട്ടും ചലിപ്പിച്ചുകൊണ്ടു തൃപ്പാദങ്ങളുടെ മുൻവശത്തേക്കു നോക്കി സ്ഥിതിചെയ്തതു്, പ്രിയതമനായ ശിവൻെറ സാന്നിദ്ധ്യം നിമിത്തമുണ്ടായ ശൃംഗാരമനോഭാവത്തിൻെറ ചേഷ്ടാവിശേഷമാണു്. കുമാരസംഭവത്തിലെ വിവൃണ്വതീശൈലസുതാപി എന്നു തുടങ്ങിയ ശ്ലോകത്തിൻെറ സാരം നോക്കുക.

23

കിം ബ്രൂമഃ കുടിലാത്മകോപി കബരീ-
ഭാരസ്ത്വദീയശ്ശിവേ!
കേളീവിശ്ലഥിതസ്തനോതി യദയം
ത്വല്പാദസംസ്പൎശനം;
തത് ഭൂയസ്സുമനോഗണാദൃതഗുണ
സ്ത്വന്മൌലിസംലാല്യതാം
ധത്തേ ചിത്രമസൌ ത്വദംഘ്രിഭജനാൽ
കിം കേന നോ ലഭ്യതേ.

സാരം:—അല്ലയോ ശ്രീപാൎവ്വതി! വക്രസ്വരൂപമാകുന്നു എങ്കിലും നിന്തിരുവടിയുടെ കെട്ടിവെച്ചിട്ടുള്ള വിശിഷ്ടമായ, ഈ കനത്ത തലമുടി, പന്തടി തുടങ്ങിയ ക്രീഡകൊണ്ടു കെട്ടഴിഞ്ഞു് യാതൊരു കാരണത്താൽ യാദൃച്ഛികമായിട്ടെങ്കിലും നിന്തിരുവടിയുടെ ശ്രീപാദത്തെ വഴിപൊലെ സ്പൎശിക്കുന്നുവോ അതു കാരണത്താൽ ഇതു് (കുടിലാത്മകമായിട്ടുള്ള നിന്തിരുവടിയുടെ കബരീഭാരം) സുമനസ്സുകളുടെ സമൂഹത്താൽ ആദരിക്കപ്പെട്ട ഗുണത്തോടുകൂടിയതായിട്ടു്, പിന്നെ നിന്തിരുവടിയുടെ ശിരസ്സുകൊണ്ടു വഴിപോലെ ലാല്യതയെ ചെയ്യുന്നു. കന്ദുകാദിക്രീഡകൊണ്ടു കെട്ടഴിഞ്ഞു താഴെ പതിച്ച നീണ്ടിരുണ്ടു ചുരുണ്ട തലമുടി വീണ്ടും ഭംഗിയിൽ കെട്ടിവെച്ചു് നല്ല ചരടിൽ ഇണക്കി കോൎത്ത പുഷ്പമാല ചാൎത്തി ദേവസമൂഹം ആദരിക്കുന്ന ഗുണത്തോടു കൂടിയതായി ദേവിയുടെ ശിരസ്സുകൊണ്ടു ലാളനീയമായി ഭവിക്കുന്നുവെന്നു താല്പൎയ്യം. വക്രബുദ്ധിപോലും ത്വൽപ്പാദഭജനംകൊണ്ടു സത്തുക്കൾ പുകഴ്ത്തുന്ന ഗുണങ്ങളോടു കൂടിയവനായിട്ടു

ദേവിക്കു അതിപ്രിയനായി ഭവിക്കുന്നു എന്നത്ഥം. ആശ്ചയ്യം. തൃപ്പാദങ്ങളുടെ മാഹാത്മ്യത്തെ അടിയങ്ങൾ എന്തു വണ്ണിക്കുന്നു. അതു വാക്കുകൾക്കു ഗോചരമല്ലല്ലൊ എന്നു സാരം. നിന്തിരുവടിയുടെ തൃപ്പാദഭജനത്താൽ ആക്കു എന്തു ലഭിക്കുന്നില്ല? തൃപ്പാദങ്ങൾക്കു ആശ്രിതവാത്സല്യാദികളായ അസംഖ്യം ഗുണങ്ങളുള്ളതുകൊണ്ടു വെറും മൂഢന്മാർപോലും തൃപ്പാദത്തെ ഭജിച്ചാൽ അവർ ഉൽകൃഷ്ടന്മാരായി ഭവിച്ച് സവ്വാഭീഷ്ടങ്ങളേയും പ്രാപിക്കുന്നുവെന്നു താല്പയ്യം. "സർവ്വാസാമപി സിദ്ധീനാം മൂലം തച്ചരണാച്ചനം" എന്നിങ്ങിനെ ശ്രീമതഭാഗവതത്തിൽ വണ്ണിച്ചിട്ടുള്ളതുപോലെ ഇവിടെയും ഗ്രഹിക്കേണ്ടതാകുന്നു.

കുടിലാത്മകശബ്ദത്തിന്നു, അഗ്രം ചുരുണ്ടതായ ആകൃതിയോടു കൂടിയതു് എന്നും വക്രയായ ബുദ്ധിയോടു കൂടിയവൻ എന്നും, സുമനസ്സുകൾ എന്നതിന്നു പുഷ്പങ്ങൾ എന്നും ദേവന്മാർ എന്നും സജ്ജനങ്ങൾ എന്നും അത്ഥം.

24

രാഗഗുണത്തെ വണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

രാഗദ്വേഷമുഖാ ഹി വിഭ്രമഭരാ
 നശ്യന്തി വിശ്വേശ്വരി!
ത്വത്സംഗാദിതി മുക്തിദേശനിലയേ!
 മിത്ഥ്യാ ജനൈഃ കത്ഥ്യതേ;
ഉദ്യദ്വേഷ മുദാരവിഭ്രമഭരം
 ഗാത്രം ദധത്യാ ത്വയാ
രാഗോപി ധ്രിയതേധികം ചരണയോ-
 ശ്ശോണാംബുജച്ഛായയോഃ

സാരം:—അല്ലയോ മുക്തിദേശമാകുന്ന വസതിയോടു കൂടിയവളെ! സർവ്വേശ്വരി! രാഗം ദ്വേഷം തുടങ്ങിയ വിഭ്രമഭരങ്ങൾ (ഭ്രാന്ത്യതിശയങ്ങളായ പ്രാപഞ്ചികചിത്തവൃത്തികൾ) നിന്തിരുവടിയുടെ സംസർഗ്ഗംകൊണ്ടു(തൃപ്പാദഭജനംകൊണ്ടു) നശിക്കുന്നു എന്നു പ്രസിദ്ധമാകുന്നു എന്നിങ്ങിനെ ജനങ്ങളാൽ അസത്യമായിട്ടു പറയപ്പെട്ടുന്നു. അനുഭവവിരോധമാകയാൽ അസത്യമെന്നു താല്പൎയ്യം. ആ വിരോധത്തെത്തന്നെ പറയുന്നു. ഉദ്യദ്വേഷമായി ഉദാരവിഭ്രമഭരമായിരിക്കുന്ന ശരീരത്തെ ധരിക്കുന്ന നിന്തിരുവടിയാൽ, പുതിയ ചെന്താമരപ്പൂവിന്റെ കാന്തിപോലെയിരിക്കുന്ന കാന്തിയോടു കൂടിയ തൃപ്പാദങ്ങളിൽ രാഗവും അത്യന്തം ധരിക്കുന്നു.

രാഗശബ്ദത്തിന്നു വിഷയേച്ഛാ എന്നും ചുവപ്പു എന്നും അൎത്ഥം. ഉദ്യദ്വേഷമെന്നതിന്നു, ഉദ്യത്തായിരിക്കുന്ന (ശോഭായമാനമായിരിക്കുന്ന) വേഷത്തോടു കൂടിയതു് എന്നും, ഉദ്യത്തായിരിക്കുന്ന ദ്വേഷത്തോടുകൂടിയതു് എന്നും അൎത്ഥം. വേഷമെന്നതു്, പട്ടുടുക്കുക പൊട്ടുതൊടുക മാലധരിക്കുക തുടങ്ങി ശരീരത്തെ അലങ്കരിച്ചതിന്റെയും, ദ്വേഷമെന്നതു്, വിഷയഭോഗേച്ഛക്കു വിഘ്നം ചെയ്യുന്നവനിലുള്ള ക്രോധത്തിന്റേയും പേരാകുന്നു. രാഗദ്വേഷാദികൾ ഏതുകാലം വരെ ബന്ധകരങ്ങളായി ഭവിക്കുമെന്നുള്ളതു് ശ്രീമത്ഭാഗവതത്തിൽ ബ്രഹ്മസ്തുതിയിലെ "താവദ്രാഗാദയസ്തേനാഃ താവൽ കാരാഗൃഹം ഗൃഹം; താവന്മോഹോംഘ്രിനിഗഡൊ യാവൽ കൃഷ്ണനതേ ജനാഃ" എന്ന ശ്ലോകംകൊണ്ടു പറഞ്ഞിട്ടുള്ളതു് നോക്കുക. വിഭ്രമമെന്നതു്. സ്ത്രീകൾക്കു ശൃംഗാരഭാവത്തിൽനി

നങ്ങളാവുന്നതായ ചിത്തവൃത്തിയുടെ അനവസ്ഥിതിയാകു ന്നു. ഭ്രാന്തിയെന്നും അൎത്ഥമുണ്ടു. ഉത്തരാൎദ്ധത്തിലെ ഉദാര വിഭ്രമഭരം എന്നതിന്നു, ദേവിക്കു പ്രിയതമനായ ശിവ ങ്കലുള്ള അത്യന്തരാഗം നിമിത്തം, പുരികക്കൊടി തൃക്ക ണ്ണു തുടങ്ങിയ അവയവങ്ങളുടെ വികാരഭേദങ്ങൾകൊണ്ടു മഹാഭ്രാന്തിയെച്ചെയ്യുന്നതു എന്നു താല്പൎയ്യം. വിശപക്ഷോ ഭത്തെച്ചെയ്യുന്നതു എന്നും അൎത്ഥം പറയാം. "വേഷഭൂഷ ണ വിലാസ പേശല വിലാസിനീ ശത സമാ വൃതാ" എന്നിങ്ങനെ നാരായണീയത്തിൽ വൎണ്ണിച്ചിട്ടുള്ളതിന്റെ ഏകദേശസാമ്യം, ഈ പദ്യത്തിലെ ഉത്തരാൎദ്ധത്തിൽ നി ന്നു സ്ഫുരിക്കുന്നു.

25

ദേവി! ത്വല്പദ സല്പരാഗമനിശം
മൌലൌ സമാബിഭ്രതാം
സാധൂനാമപരാഗതൈവ ഭവതീ-
ത്യാശ്ചൎയ്യമാസ്താമിദം;
പാദസ്തേ നഖരപ്രഭാബലസിതോ
ജാഗൎത്തി സോയം പുന
ശ്ചിത്രം നാമ ഖരപ്രഭാവലസിതോ
ദുഷ്ടാസുരം പിഷ്ടവാൻ.

സാരം:—അല്ലയോ ദേവി! തന്റെ ശിരസ്സിൽ എ പ്പോഴും നിന്തിരുവടിയുടെ തൃപ്പാദങ്ങളിലുള്ള ശുഭദായക മായ പരാഗത്തെ (പൊടിയെ) നമസ്കാരം തുടങ്ങിയ

അനുഷ്ഠാനങ്ങൾകൊണ്ടു ശ്രദ്ധയോടുകൂടി എല്ലാടവും ധരിക്കുന്ന സജ്ജനങ്ങൾക്കു അപരാഗത (പരാഗമില്ലായ്മ) തന്നെ ഭവിക്കുന്നു. ഈ ആശ്ചര്യ്യം ഇരിക്കട്ടെ. ഇതിനേക്കാൾ വലിയ ആശ്ചര്യ്യമാണു ഇനി താഴെ പറയാൻ പോകുന്നതെന്നു താല്പര്യ്യം. നിന്തിരുവടിയുടെ പാദം നഖര പ്രഭാബലസിതമായിട്ടു (തിരുനഖങ്ങളുടെ കാന്തികളുടെ വൈഭവത്താൽ ധവളമായിട്ടു) എപ്പോഴും ശോഭിക്കുന്നു. ഖരപ്രഭാവലസിതമായിട്ടു എപ്പോഴും ശോഭിക്കുന്നില്ല എന്നും ഇതിന്നർത്ഥമുണ്ടു. വബയോരഭേദം. അപ്രകാരമിരിക്കുന്ന ഈ പാദം ഖരപ്രഭാവലസിതമായിട്ടു (തീവ്രമായ തേജോവിശേഷത്തോടുകൂടി പ്രകാശിക്കുന്നതായിട്ടു) ദുഷ്ടനായ അസുരനെ അരച്ചു എന്നു പ്രസിദ്ധം. അതു അത്യാശ്ചര്യ്യമെന്നു താല്പര്യ്യം.

അപരാഗത എന്നതിന്നു, വിഷയവൈരാഗ്യം എന്നും അർത്ഥമുണ്ടു. ദേവിയുടെ തൃപ്പാദരേണു എപ്പോഴും ശിരസ്സിൽ ധരിക്കുന്ന ഭക്തന്മാർക്കു, അവരുടെ ഹൃദയത്തിലുള്ള പലവിധ വിഷയാശകളാകുന്ന വിഷബാധകൾ നിശ്ശേഷം നശിച്ച് ഹൃദയം പരിശുദ്ധമായി, വൈരാഗ്യമാകുന്ന അമൃതകിരണന്റെ പ്രകാശം അനായാസേന സിദ്ധിക്കുന്നു. ആ തൃപ്പാദരേണു ദുഷ്ടനായ മഹിഷന്റെ ശിരസ്സിൽ തട്ടിയപ്പോൾ അതു് അവന്നു മരണത്തിന്നു ഹേതുവായി ഭവിച്ചു. ദേവിയുടെ തൃപ്പാദങ്ങൾ ദുഷ്ടന്മാർക്കു നാശത്തേയും ശിഷ്ടന്മാർക്കു സർവ്വവിധ അനുഗ്രഹങ്ങളേയും ചെയ്യുന്നുവെന്നു താല്പര്യ്യം.

26

ദ്വിത്വേന സ്ഥിതയോസ്ത്വദീയപദയോർ-
ദ്വൈതം നിരസ്യ സ്ഫുടം
കൈവല്യപ്രതിപാദനെ കുശലതാ
ജാതേതി കോയം ക്രമഃ;
കിം വാ യുക്തിഭിരത്ര മുക്തികരതാ
വ്യക്തൈവ തേ പാദയോ-
ർമ്മുക്താ ഏവ ഹി വിസ്ഫുരന്തി വിമലാ-
സ്തൽസംഗിനോമീ നഖാഃ.

സാരം:—അല്ലയോ ദേവി! ദ്വൈതഭാവത്തിൽ വ ൎത്തിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടിയുടെ തൃപ്പാദങ്ങൾ ക്ക, സ്പഷ്ടമാകുംവണ്ണം ദ്വൈതഭാവത്തെ നശിപ്പിച്ചു മു ക്തിയെ ദാനംചെയ്യുന്ന വിഷയത്തിൽ സമൎത്ഥത ഭവി ച്ചു എന്നിങ്ങിനെയുള്ളതായ ഈ വിധി ഏതാകുന്നു. ("ക ല്പേ വിധിക്രമൌ" അമരം) ശാസ്ത്രങ്ങളിൽ പറഞ്ഞു കാ ണാത്തതുകൊണ്ടു അതു് അറിയാൻ സാദ്ധ്യമല്ലെന്നു താ ല്പൎയ്യം. യുക്തികൾ വിരുദ്ധമായതുകൊണ്ടു ഇതു അസത്യ മാണൊ എന്നു ശങ്കിച്ച് അസത്യമല്ല എന്നുള്ളതിലേക്കു അനുഭവത്തെ പ്രമാണമാക്കിക്കൊണ്ടു പറയുന്നു. നിന്തി രുവടിയുടെ തൃപ്പാദങ്ങൾക്കു മോക്ഷദാനവിഷയത്തിൽ, തൃപ്പാദങ്ങൾ ദ്വൈതികളാകയാൽ മോക്ഷദാതൃത്വം അ യുക്തമാകുന്നു എന്നു തുടങ്ങിയ അനുമാനങ്ങളെക്കൊണ്ടു എന്തൊരു പ്രയോജനം ഭവിക്കുന്നു. യുക്തിയേക്കാൾ പ്ര ബലമായ അനുഭവത്തെ അടിയൻ താഴെ വിവരിക്കാമെ ന്നു താല്പൎയ്യം. അതിനെത്തന്നെ പറയുന്നു. നിന്തിരുവ ടിയുടെ തൃപ്പാദങ്ങൾക്കു മോക്ഷദാതൃത്വം അനുഭവസിദ്ധ

മായിത്തന്നെ ഭവിക്കുന്നു. യാതൊരു കാരണത്താൽ, നി ന്തിരുവടിയുടെ തൃപ്പാദത്തിൽ സംഗിച്ചുകൊണ്ടിരിക്കുന്ന (തൃപ്പാദസംസക്തത്തോടുകൂടിയ എന്നും) വിമലങ്ങളായ ഈ തിരുനഖങ്ങൾ മുക്തങ്ങളായിത്തന്നെ ശോഭിക്കുന്നു.

രണ്ടെന്ന ഭാവത്തെ അവലംബിച്ചു സ്ഥിതിചെയ്യു ന്ന തൃപ്പാദങ്ങളെ ഉപാസിക്കുന്ന ഭക്തന്മാർ പ്രപഞ്ച ത്തിലെ ഭേദഭ്രമംതീൎന്ന അദ്വൈതാനുഭവം സിദ്ധിക്കുന്ന തുകൊണ്ടു, തൃപ്പാദങ്ങളുടെ നിരതിശയമായ മാഹാത്മ്യ ത്തെ ചിന്തിച്ചു കവി അത്യാശ്ചര്യപ്പെടുന്നു. മുമുക്ഷുക്ക ളായ ഭക്തന്മാർ മോക്ഷത്തെ പ്രദാനംചെയ്യുന്നതുകളാ ണെന്നു വൎണ്ണിച്ചുകൊണ്ടു ശ്രീപാദങ്ങളെ സ്തുതിക്കുകയാണു ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളതു്. വിമലങ്ങൾ എന്ന തിന്നു, സ്വഭാവേന നിൎമ്മലങ്ങളെന്നും, രാഗാദിദോഷങ്ങ ളോടുകൂടാത്തതുകൾ എന്നും അൎത്ഥം. മുക്തങ്ങൾ എന്നതി ന്നു, മുത്തുമണികൾ എന്നും, പരസ്പരബന്ധമില്ലാതെ സ്ഥി തിചെയ്യുന്നതുകൊണ്ടു മുക്തിയെ പ്രാപിച്ചതുകൾ എ ന്നും അൎത്ഥം. 'കൈവല്യപദദായിനി' എന്ന തിരുനാ മം ഇവിടെ സ്മരിക്കട്ടെ.

27

പാദാഗ്രം തവ കാമദം സുരലതാ-
ശാഖാഗ്രമാചക്ഷ്മഹേ
ജാതാ യത്ര ഹി ബാലപല്ലവരുചിഃ
സ്വൈരേവ രാഗോദയൈഃ;
ഉത്സൎപ്പന്നഖമണ്ഡലീ സുഷമയാ
പുഷ്പാളിരുല്പാദിതാ
സഞ്ജാതാളിരുതിശ്ച മഞ്ജുളതരൈ-
ൎമ്മഞ്ജീരശിഞ്ജാരവൈഃ—

സാരം —അല്ലയോ ദേവി! അഭീഷ്ടത്തെ ദാനം ചെയ്യുന്നതായ നിന്തിരുവടിയുടെ ശ്രീപാദങ്ങളുടെ അഗ്രത്തെ ഞങ്ങൾ കല്പലതയുടെ ശാഖാഗ്രമായിട്ടു പറയുന്നു. യാതൊരു കാരണത്താൽ പാദാഗ്രത്തിൽ തന്റേതുകളായ ചുവപ്പിന്റെ ആവിർഭാവങ്ങളെക്കൊണ്ടു ഇളംതളിരുകളുടെ കാന്തി ഭവിച്ചു. അപ്രകാരം, ചുററും വ്യാപിച്ചുകൊണ്ടിരിക്കുന്ന തിരുനഖപങ്ക്തിയുടെ പരമശോഭകൊണ്ടു പുഷ്പസമൂഹം ജാതമായി. അപ്രകാരം, അതിമനോജ്ഞങ്ങളായ നൂപുരങ്ങളുടെ ശിഞ്ജാരവങ്ങൾ (തൃപ്പാദഭൂഷണത്തിന്റെ അവ്യക്ത ശബ്ദങ്ങൾ) കൊണ്ടു, വണ്ടുകളുടെ നിനാദവും ഭവിച്ചു.

ചുവന്നുള്ളം തൃപ്പാദശോഭയോടും വെളുത്ത തിരുനഖകാന്തിയോടും മഞ്ജീരധ്വനിയോടും കൂടിയ ദേവിയുടെ തൃക്കാൽ പുറവടിയെ, പുതിയ ചെന്തളിരുകളോടും വെളുത്ത പുഷ്പങ്ങളോടും വണ്ടിൻ നിനാദത്തോടും കൂടിയ കല്പലതയുടെ ശാഖാഗ്രമായി വർണ്ണിച്ചിരിക്കുന്നു. ആശ്രിതന്മാക്ക് ഇഷ്ടത്തെക്കൊടുക്കുന്നതു് എന്നു താല്പര്യം. (രൂപകാലങ്കാരം.)

28

സൌഭാഗ്യഗുണത്തെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു രണ്ടു പദ്യങ്ങൾകൊണ്ടു.

ദേവീയം തവ സന്നതേശമകുട-
        സ്വല്ലോകകല്ലോലിനീ-
കല്ലോലാഹതിഭിർവ്വിശേഷവിമലാ
        ജീയാന്നഖശ്രേണികാ;
യദ്ധാവല്യമവാപ്തുമാത്തകുതുകാ
        സ്തോയേ തപസ്യന്ത്യമീ
ദീനാഃ ഫേനകണാശ്ച മൌക്തികഗണാ
        ശ്ശംഖാശ്ച ശങ്കാമഹേ.

സാരം:—അല്ലയോ ദേവി! നിന്തിരുവടിയുടെ പ്രണയകോപത്തെ ശമിപ്പിക്കാനായി സാഷ്ടാംഗം നമസ്കരിക്കുന്ന ശിവൻെറ ശിരസ്സിലുള്ള ഗംഗയിലെ വലിയ തിരമാലകളുടെ സംഘട്ടനങ്ങൾകൊണ്ടു (ശിവശിരസ്സിൽ വസിക്കുന്ന ഗംഗ കോപിച്ചു തിരമാലകളാകുന്ന ഹസ്തങ്ങൾകൊണ്ടു താഡനം ചെയ്തതുകൊണ്ടു) അതിശയേന നിൎമ്മലങ്ങളായ നിന്തിരുവടിയുടെ ഈ തൃപ്പാദതിരുനഖപങ്ക്തി സൎവ്വോൽക്കൎഷേണ വൎത്തിക്കണെ. (ഇവിടെ അതിശയോക്തിരലങ്കാരമാകുന്നു.) തിരുനഖങ്ങളുടെ ധാവള്യത്തിൻെറ വിശേഷേണയുള്ള നിൎമ്മലതയെ സ്പഷ്ടമാക്കിക്കൊണ്ടു തിരുനഖപങ്ക്തിയെ വിശേഷിപ്പിക്കുന്നു. ഈ ഫേനകണങ്ങളും (വെള്ളത്തിലെ ചെറിയ നുരകൾ) അപ്രകാരം, മുത്തുരത്നസമൂഹങ്ങളും ശംഖങ്ങളും ഇവർ സ്വഭാവേന വെളുത്ത വൎണ്ണമുള്ളവരാണെങ്കിലും മുകളിൽ വൎണ്ണിച്ച പ്രകാരമുള്ള തൃപ്പാദതിരുനഖപങ്ക്തിയുടെ ധാവള്യത്തെ പ്രാപിക്കാനായിക്കൊണ്ടു ആഗ്രഹത്തോടു കൂടിയവരായിട്ടു, എപ്പോഴും വെള്ളത്തിൽ കിടക്കുക മുതലായ കഷ്ടപ്പാടുകൾ അനുഭവിച്ചുകൊണ്ടു സമുദ്രം തുടങ്ങിയ ജലാശയങ്ങളിൽ തപസ്സിനെച്ചെയ്യുന്നു എന്നിങ്ങിനെ ഞങ്ങൾ ശങ്കിക്കുന്നു (ഉൽപ്രേക്ഷിക്കുന്നു). വെള്ളത്തിലെ നുര, മുത്തു, ശംഖ് ഇതുകളെ അതിശയിക്കത്തക്ക ധാവള്യം തൃപ്പാദതിരുനഖങ്ങൾക്കുണ്ടെന്നു താല്പൎയ്യം. (ഫേലൂൽപ്രേക്ഷ.)

29.

മാനേ ശംഭുശിരഃപ്രഹാരചരിതം
 നൈവ ത്വദിച്ഛാകൃതം
ജാനേ ദേവി! പദാബ്ജയോസ്തു പുരജി-
 ന്മൂർദ്ധ്നാ വിരോധാദിദം;
ഏതേ പാദനഖാംശുബദ്ധകലഹാ
 ശ്ശീതാംശുമന്ദാകിനീ-
ഭോഗീന്ദ്രാഃ കില ശങ്കരസ്യ ശിരസാ
 ശങ്കാം വിനാ രക്ഷിതാ:—

സാരം:—അല്ലയോ ദേവി! നിന്തിരുവടിയുടെ ഈൎഷ്യാകൃതമായിരിക്കുന്ന കോപത്തെ ശമിപ്പിക്കാനായി നമസ്കരിക്കുന്ന ശിവന്റെ ശിരസ്സിൽ നിന്തിരുവടി പാദപത്മങ്ങൾകൊണ്ടു താഡിക്കുകയാകുന്ന യാതൊരു ചരിത്രമുണ്ടോ ആ കൎമ്മത്തെ, അടിയൻ നിന്തിരുവടിയുടെ ഇച്ഛകൊണ്ടു ചെയ്തതാണെന്നു അറിയുന്നതെ ഇല്ല. അനുചിതമായി ഇങ്ങിനെ പ്രവൃത്തിക്കാൻ നിന്തിരുവടിക്കു ശിവശിരസ്സിനോടു യാതൊരു വിരോധവുമില്ലല്ലൊ എന്നു താല്പൎയ്യം. എന്നാൽ, മുകളിൽ പറഞ്ഞപ്രകാരമുള്ള നിന്തിരുവടിയുടെ ചരിത്രരൂപമാകുന്ന ഈ കൎമ്മം, നിന്തിരുവടിയുടെ പാദാബ്ജങ്ങൾക്കു ശിവന്റെ ശിരസ്സിനോടുള്ള വിരോധത്താൽ പാദാബ്ജങ്ങളുടെ ഇച്ഛപ്രകാരം സംഭവിച്ചതാണെന്നു അടിയൻ അറിയുന്നു. വിരോധത്തെ പറയുന്നു. ശിവന്റെ ശിരസ്സു, നിന്തിരുവടിയുടെ തൃപ്പാദ നഖരശ്മികളോടുകൂടെ ധാവള്യഗുണമത്സരത്താൽ യുദ്ധം ചെയ്തവരായ, ചന്ദ്രൻ, ഗംഗാജലം, സൎപ്പ

ശ്രേഷ്ഠനായ അനന്തൻ എന്നിവർ യുദ്ധത്തിൽ തോററു എവിടെയെങ്കിലും ഒരു ദിക്കിൽ അഭയസ്ഥാനത്തെ അന്വേഷിച്ചു ദൂരത്തിലോടിപ്പോകുന്ന സമയത്തു്, ഇവരുടെ രക്ഷണംകൊണ്ടു നിന്തിരുവടിയുടെ തൃപ്പാദങ്ങൾക്കു കോപം സംഭവിക്കുമൊ ഇല്ലയോ എന്ന സംശയം കൂടാതെ ഇവരെ തങ്കൽ ധരിച്ചു രക്ഷിച്ചു. അതു തൃപ്പാദങ്ങൾക്കു വിരോധത്തിന്നു ഹേതുവായി ഭവിച്ചുവെന്നു താല്പര്യം.

തൃപ്പാദനഖരശ്മികളും ചന്ദ്രൻ തുടങ്ങിയവരും തമ്മിൽ യുദ്ധമുണ്ടായിയെന്നും, ചന്ദ്രൻ തുടങ്ങിയവർ യുദ്ധത്തിൽ തോററു ഓടിപ്പോയിയെന്നും മററുമുള്ളതായ ഈ വർണ്ണനകൊണ്ടും, തിരുനഖരശ്മികളുടെ ധാവള്യ ഗുണത്തിന്റെ ഉൽക്കർഷത്തേയും സൌഭാഗ്യ ഗുണത്തേയും വർണ്ണിച്ചുകൊണ്ടു തൃപ്പാദത്തെ സ്തുതിക്കുകയാണു് ചെയ്തിട്ടുള്ളതു്. (ശങ്കരശബ്ദത്തിന്നു, സുഖത്തെച്ചെയ്യുന്നവൻ എന്നർത്ഥം.)

30

ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും ദേവേന്ദ്രനും വന്ദിക്കുന്നു എന്നതിനെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ദേവി! ത്വച്ചരണോച്ചലന്നഖമണി-
ശ്രേണീഷു ലീനോ നമ-
ന്നാഭാതി സ്ഫടികാചല സ്ഫുട തടീ-
ശായീവ സായന്തനഃ
ഹംസാലീനവപുസ്സ്വയം കമലഭൂഃ
ക്ഷീരാബ്ധിശായീവ ച
ശ്രീഭർത്താ മഘവാപി നാകസരസി
സ്നായന്നിവാലോക്യതേ.

സാരം:—അല്ലയോ ദേവി! പ്രദോഷ സന്ധ്യാസമയത്ത് കൈലാസ പർവ്വതത്തിൻെറ ഉപരിഭാഗത്തു ആനന്ദനൎത്തനം ചെയ്യുന്ന ശിവൻ (നടേശൻ) നമസ്കരിക്കുന്നവനായി, നിന്തിരുവടിയുടെ ശ്രീപാദങ്ങളിലുള്ള തിരുവിരലുകളുടെ അഗ്രങ്ങളിൽ കൌതുകമാകുംവണ്ണം ഉണ്ടായി സ്ഥിതിചെയ്യുന്നതുകളായ തിരുനഖങ്ങളാകുന്ന മുത്തുരത്നപങ്ക്തികളിൽ (തിരുനഖങ്ങളുടെ വെളുത്ത ശോഭാസമൂഹത്തിൽ) സംഗതനായിട്ടു, കൈലാസ പർവ്വതത്തോടു ചേൎന്നിരിക്കുന്ന സ്ഫടിക പർവ്വതത്തിൻെറ സ്വച്ഛമായ ഉപരിഭാഗത്തു ശയിക്കുന്നവനൊ എന്നു തോന്നുംവണ്ണം ശോഭിക്കുന്നു. അപ്രകാരം, ബ്രഹ്മാവു നമസ്കരിക്കുന്നവനായി നിന്തിരുവടിയുടെ തിരുനഖരത്നപങ്ക്തികളിൽ സംഗതനായിട്ടു, താൻ സ്വന്തം വാഹനമായ അരയന്നത്തിങ്കൽ ലീനമായ ശരീരത്തോടു കൂടിയവനെപ്പോലെ (ഹംസത്തിങ്കൽ ശയിക്കുന്നവനെപ്പോലെ) ശോഭിക്കുന്നു. വിഷ്ണുവും നമസ്കരിക്കുന്നവനായി നിന്തിരുവടിയുടെ തിരുനഖരത്നപങ്ക്തികളിൽ ലീനനായിട്ടു, പാൽക്കടലിൽ ശയിക്കുന്നവനെപ്പോലെ ശോഭിക്കുന്നു. അപ്രകാരം ഇന്ദ്രനും നമസ്കരിക്കുന്നവനായി, നിന്തിരുവടിയുടെ തിരുനഖരത്നപങ്ക്തികളിൽ ലീനനായിട്ടു സ്വൎഗ്ഗംഗയിൽ സ്നാനം ചെയ്യുന്നവനെപ്പോലെ ദേവജനങ്ങളാൽ കാണപ്പെടുന്നു.

എത്രയോ വലുപ്പത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ദേവിയുടെ തിരുനഖങ്ങളുടെ വെളുത്ത ശോഭാസമൂഹത്തെ സന്ദർഭാനുസാരേണ, വൎണ്ണസാദൃശ്യത്താൽ സ്ഫടികപൎവ്വതമായും, ഹംസമായും, ക്ഷീരാബ്ധിയായും, മാനസസരസ്സായും അഥവാ ആകാശഗംഗയായും വൎണ്ണിച്ചിരിക്കുന്നു. (പ്രസ്തുതപദ്യത്തിലെ, സായം നമൻ, എന്നീപദങ്ങൾ കൊണ്ടു ദേവിക്കു ഏററവും പ്രീതികരമായ അന്തിനമസ്കാരത്തെ സ്മരിപ്പിക്കുന്നു).

31.

ദേവിയുടെ ഉഴിഞ്ഞാലാട്ടമാകുന്ന ക്രീഡയെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു രണ്ടു പദ്യങ്ങൾകൊണ്ടു.

ഡോളാകേളിവിധൌ ഹിമാചല-
ശിലാദേശേ സമഭ്യാഘതാൽ
പാദാഗ്രാത്തവ യാനി യാവകരസ-
പ്രസ്യന്ദനാന്യംബികേ!
താന്യഭ്യാഗതസുംഭസംഗ്രഭവ-
ദ്രക്താംബു വിസ്താരണാ-
ബിന്ദുക്ഷേപനി ഭാനി നന്ദദമരീ-
വന്ദ്യാനി വന്ദാമഹേ.

സാരം:—അല്ലയോ ലോകമാതാവെ! നിന്തിരുവടി, ഹിമാദ്രിയിൽ പൊന്നുഴിഞ്ഞാലാടുകയാകുന്ന ക്രീഡയെ ച്ചെയ്തുകൊണ്ടിരിക്കുമ്പോൾ ഹിമാദ്രിയിലെ ശിലാതലത്തിൽ ചവിട്ടിക്കുതിക്കുകനിമിത്തം തൃപ്പാദങ്ങളുടെ അഗ്രത്തിൽനിന്നു ഒഴുകിയതായ യാവചില ലാക്ഷാരസബിന്ദുക്കൾ ഭവിച്ചുവോ, യുദ്ധത്തിന്നായി നേരിട്ടുവരുന്ന സുംഭാസുരൻെറ യുദ്ധത്തിൽ ഭവിക്കാൻ പോകുന്ന യാതൊരു രക്തജലങ്ങളുണ്ടോ അതുകളുടെ വിസ്താരണങ്ങളുടെ ബിന്ദുക്ഷേപങ്ങളോടു (ബിന്ദുക്കൾ പോലെയിരിക്കുന്ന സംക്ഷിപ്ത വിന്യാസങ്ങളോടു) സദൃശങ്ങളോ എന്നു തോന്നുമാറു സ്ഥിതങ്ങളായി, സുംഭാസുരയുദ്ധം സുംഭവധം തുടങ്ങിയ ഭാവിചരിത്രങ്ങളെ ഓൎത്തു സന്തോഷിക്കുന്നവരായ

ദേവസ്ത്രീകളാൽ വന്ദ്യമാനങ്ങളായിരിക്കുന്ന അതുകളെ (തൃപ്പാദങ്ങളിൽ നിന്നു സ്രുതങ്ങളായ ചെമ്പഞ്ഞിച്ചാറിൻ തുള്ളികളെ) ഞങ്ങൾ നമസ്കരിക്കുന്നു.

ബിന്ദുക്ഷേപം എന്നതു, വിസ്തരിക്കാൻ പോകുന്ന ചരിത്രത്തിൻെറ സംക്ഷേപ കഥനമാകുന്നു. ഇതു നാടകാദികളിൽ സൂത്രധാരനെക്കൊണ്ടു നിൎവ്വഹിക്കുക പതിവുണ്ടല്ലൊ. അതുപോലെ. ഹിമാദ്രിയുടെ ശിലാതലത്തിൽ പതിച്ചതുകളായ ദേവിയുടെ തൃപ്പാദ ലാക്ഷാരസബിന്ദുക്കൾ, വരാൻ പോകുന്ന സുംഭാസുരയുദ്ധത്തിൽ ധാരാളമായി ഭവിക്കാൻ പോകുന്ന രക്തബിന്ദുക്കളുടെ സൂചനമായ രക്തബിന്ദുക്കൾപോലെ ഭവിക്കുന്നുവെന്നു താല്പൎയ്യം. കവി അതുകളെ വന്ദിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു, തൃപ്പാദങ്ങളെ നേരിട്ടു വന്ദിക്കാൻ സാധിക്കാത്തതിലുള്ള വിഷാദത്തെ സൂചിപ്പിക്കുന്നു.

32

ഡോളാകേളിഷു യം ഹിമാചലശിലാ-
　　ലഗ്നം വനേവാസിനോ
ഭക്ത്യാ യോഗിവരാസ്ത്രിപുണ്ഡ്രകലിതേ
　　ലിമ്പന്തി ഫാലാന്തരെ;
യം സിദ്ധപ്രമദാസ്സമേത്യ തിലകം
　　കുൎവ്വന്തി നത്വാ മുദാ
സ്തം ദാക്ഷായണി തേ കദാ നു പദയോ
　　രീക്ഷേയ ലാക്ഷാരസം.

സാരം:—വനത്തിൽ വസിക്കുന്നവരായ യോഗീശ്രേഷ്ഠന്മാർ നിന്തിരുവടിയുടെ ഉഴിഞ്ഞാൽ ക്രീഡകളിൽ ഹിമവൽപർവ്വതത്തിലെ മിനുസമേറിയ കല്ലുകളിൽ പററിയതായ യാതൊരു ലാക്ഷാരസത്തെ ഭക്തിയോടുകൂടെ മൂന്നു രേഖയായി ധരിച്ചിട്ടുള്ള ഭസ്മക്കുറിയോടുകൂടിയ നെററിയുടെ നടുവിൽ പൂശുന്നു. അതുപോലെ; സിദ്ധസ്ത്രീകൾ ഹിമാചലശിലാലഗ്നമായിരിക്കുന്ന യാതൊരു ലാക്ഷാരസത്തെ പ്രാപിച്ചിട്ട്, ഭക്തിനിമിത്തം വീണ്ടുംവീണ്ടും നമസ്കരിച്ച് ഫാലമദ്ധ്യത്തിൽ തിലകമാക്കിച്ചെയ്യുന്നു. അല്ലയോ ദക്ഷപുത്രിയായുള്ളോവെ, നിന്തിരുവടിയുടെ ശ്രീപാദത്തിലെ ആ ലാക്ഷാരസത്തെ അടിയൻ എന്നു ദർശിക്കും. അതിന്നുള്ള ഭാഗ്യം അടിയന്നുണ്ടാക്കിത്തരണെ എന്നു താല്പര്യം.

യമം നിയമം തുടങ്ങിയ 8 അംഗങ്ങളോടുകൂടിയ ധ്യാനയോഗത്തെ ശീലിക്കുന്നവരെയാണ് യോഗികൾ എന്നു പറയുന്നതു്. നിരന്തരമായ യോഗപരിശീലനംകൊണ്ടു ദുർജ്ജയമായ മനസ്സിനെ ജയിച്ച് നിർവ്വിഘ്നമായ സമാധി സ്വാധീനമായിട്ടുള്ളവർ— യോഗിവരന്മാർ അഥവാ ഋഷിശ്രേഷ്ഠന്മാർ— തീർത്ഥങ്ങളെക്കൂടി ശുദ്ധിവരുത്താൻ ശക്തന്മാരായ അവർ— ലൌകികങ്ങളായ എല്ലാ വിഷയങ്ങളിലും വിരക്തന്മാരായതുകൊണ്ടു, വിഷയികളായ ജനങ്ങളിൽനിന്നു തീരെ അകന്നു ദേഹപരിഷ്കാരങ്ങളൊന്നുമില്ലാതെ സമാധിയാൽ അനുഭവപ്പെടുന്ന പരമാനന്ദാമൃതത്തെ അനുഭവിച്ചുകൊണ്ടു വനത്തിൽ വിജനപ്രദേശത്തു വസിക്കുന്നവരാണ്."ഹിതാത്മപാത്രം ഗൃഹ

മന്ധക്രൂപം വനംഗതോയദ്ധരിമാശ്രയേത" എന്നിങ്ങിനെ പ്രഹ്ലാദൻ ഹിരണ്യകശിപുവിനോട്ട നിർഭയമായി പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മരണീയമാകുന്നു. പ്രമദകൾ എന്നതിന്നു യൌവനം സൌന്ദൎയ്യം കാമോദ്രേകം പ്രിയതമൻെറ അനുരാഗത്തോട്ടുകൂടിയ ലാളന ഇത്യാദി കാരണങ്ങൾകൊണ്ടു പ്രകൃഷ്ടമായ മദത്തോട്ടുകൂടിയ സ്ത്രീകൾ എന്നൎത്ഥം. സിദ്ധപ്രമദകൾ എന്നതിന്നു, അഷ്ടൈശ്വൎയ്യസിദ്ധിയുള്ളവരായ ദേവപ്രമദകൾ എന്നു താല്പൎയ്യം. ദേവിയുടെ തൃപ്പാദലാക്ഷാരസത്തിൻെറ മാഹാത്മ്യത്തെ കാണിക്കാനായിട്ടാണു് യോഗിവരന്മാരേയും സിദ്ധപ്രമദകളേയും ഇവിടെ ഉദാഹരിച്ചതു്.

33

ശ്രീവിഷ്ണുവന്ദ്യത്വത്തെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ദേവി! ത്വം മുരവൈരിണഃ പ്രണമനെ
യല്ക്കീഞ്ചിദാകുഞ്ചയ
ശ്രീപാദാംബുജമന്യഥാസ്യ ശിരസി
ത്വല്പാദലാക്ഷാഞ്ചിതെ;
ശ്രീഭ്രമ്യോരിതരപ്രണാമകൃതമി-
ത്യന്യോന്യമാശങ്കയാ
രോഷവ്യാകുലയോശ്ചിരം സ ഭഗവാൻ
ജായേത പൎയ്യാകുലഃ.

സാരം:—അല്ലയോ ദേവി! നിന്തിരുവടി, വിഷ്ണുഭഗവാൻ നമസ്കരിക്കുന്ന സമയത്തു ശ്രീപാദപത്മത്തെ കുറഞ്ഞൊന്നു മടക്കണെ. നിന്തിരുവടിയുടെ തൃപ്പാദലാ

ക്ഷാരസം ഭഗവാൻെറ ശിരസ്സിൽ പററാതിരിക്കാനെന്നു താല്പയ്യം. അങ്ങിനെ ചെയ്യാതിരുന്നാലുണ്ടാവുന്ന ദോഷത്തെ പറയുന്നു. തൃപ്പാദം മടക്കാതിരുന്നാൽ, വിഷ്ണുവിൻെറ ശിരസ്സു നിന്തിരുവടിയുടെ തൃപ്പാദങ്ങളിൽ അണിഞ്ഞിട്ടുള്ള ലാക്ഷാരസംകൊണ്ടു പൂജിത (വ്യാപ്ത) മായിരിക്കും സമയത്തിങ്കൽ ശ്രീ ഭഗവതിയും ഭൂമിദേവിയും അന്യയെ (സപത്നിയെ) നമസ്കരിച്ചു എന്നിങ്ങിനെ അന്യോന്യം സംശയിച്ച്, കോപത്താൽ വ്യാകുലമാരായിരിക്കും സമയത്തിങ്കൽ, ഐശ്വയ്യാദി ഷൾഗുണങ്ങളുള്ള പ്രസിദ്ധനായ വിഷ്ണു വളരെ പയ്യാകുലനായി ഭവിക്കും.

വിഷ്ണുഭഗവാൻ സ്വന്തം പത്നിമാരായ ലക്ഷ്മീദേവിയോടും ഭൂമിദേവിയോടും കൂടാതെ (അവരറിയാതെ) കൈലാസത്തിൽ എഴുന്നള്ളി ദേവിയുടെ തൃപ്പാദങ്ങളിൽ നമസ്കരിച്ച് വൈകുണ്ഠത്തിലേക്കു തിരിച്ചെഴുന്നള്ളിയെന്നു വിചാരിക്കുക. ലക്ഷ്മീദേവിയുടെ ശോഭനമായ ഗൃഹത്തിലേക്കാണ് ആദ്യം എഴുന്നള്ളിയതെന്നും വിചാരിക്കുക. പ്രേമാകുലയായ ലക്ഷ്മീദേവി പ്രസന്നമുഖനായി എഴുന്നള്ളുന്ന ഭഗവാനെ ആദരവോടുകൂടെ എതിരേററ് സിംഹാസനത്തിലിരുത്തി സ്വന്തം ഹസ്താംബുജങ്ങൾകൊണ്ടു തൃപ്പാദപത്മങ്ങൾ കഴുകിച്ച് തിരുമേനിയിൽ കളഭം ചാൎത്തുക മാലയണിയിക്കുക രത്നദണ്ഡമുള്ള ചാമരംകൊണ്ടു വീശുക തുടങ്ങിയ ശുശ്രൂഷകളെല്ലാം ചെയ്തുവെന്നും സങ്കല്പിക്കുക. അതിനുശേഷം തിരുമുടി വേർവിടുക്കാൻ തുടന്നപ്പോൾ ഭഗവാൻെറ ശിരസ്സിൽ ലാക്ഷാരസം വ്യാപിച്ചു കാണുകയാൽ, ദേവിമാർ (സ്ത്രീകൾ) പാദത്തിൽ ലേപനംചെയ്യുന്ന ഇതു് പ്രാണനാഥ

ൻെറ ശിരസ്സിൽ എങ്ങിനെ സംഭവിച്ചുവെന്നിപ്രകാരം ചിന്തയോടുകൂടി ഭവിക്കുന്നു. ഭൂമിദേവിയുടെ ഗൃഹത്തിൽ നിന്നാണല്ലോ ഇദ്ദേഹം ഇപ്പോൾ വരുന്നതു്. നിശ്ചയമായും സപത്നിയുടെ പാദത്തിൽ അപരാധനിവൃത്തിക്കായി നമസ്കരിച്ചിട്ടുണ്ടായിരിക്കും. എന്തപരാധം എന്നാണെങ്കിൽ, അതു മററൊന്നുമാവുകയില്ല. അങ്ങു ലക്ഷ്മീദേവിയെ സംഗിച്ചിട്ടല്ലേ ഇപ്പോൾ വരുന്നതു് എന്നു പറഞ്ഞു് അവൾ (ഭൂമിദേവി) കോപിച്ചിട്ടുണ്ടായിരിക്കും. അപ്പോൾ പ്രസാദിപ്പിക്കാനായി നമസ്കരിച്ചപ്പോൾ പററിയതാണ് ഇതു്. ആരെ നമസ്കരിക്കുന്നുവോ ആ ആളുടെ ഉൽക്കർഷമാണ് അതുകൊണ്ടു മനസ്സിലാക്കേണ്ടതു്. സപത്നിക്കു അധികം ഉൽക്കർഷം ഭവിച്ചുവല്ലോ എന്നു വിചാരിച്ചു ലക്ഷ്മീദേവി ഭഗവാൻെറ നേരെ കോപിക്കും. ഭഗവാൻ അവിടുത്തെ വാസ്തവസ്ഥിതി വ്യക്തമായി അരുളിച്ചെയ്താലും സമാധാനമാവാത്ത ലക്ഷ്മീദേവി അധികം കോപിക്കും. ഉടനെ ഭഗവാൻ ലാക്ഷാഞ്ചിതമായ ശിരസ്സോടുകൂടിതന്നെ ഭൂമിദേവിയുടെ ശോഭനഗൃഹത്തിലേക്കു എഴുന്നള്ളിയെന്നു സങ്കല്പിക്കുക. അവിടുത്തെ സ്ഥിതിയും ഇതുപോലെതന്നെ. ഭഗവാൻെറ ശിരസ്സിൽ വ്യാപിച്ചുകണ്ടതായ ലാക്ഷാരസം ഭൂമിദേവിയെ നമസ്കരിച്ചപ്പോൾ ഭൂമിദേവിയുടെ പാദത്തിൽനിന്നു പററിയതാണെന്നു ലക്ഷ്മീദേവിയും, ലക്ഷ്മീദേവിയെ നമസ്കരിച്ചപ്പോൾ ലക്ഷ്മീദേവിയുടെ പാദത്തിൽനിന്നു പററിയതാണെന്നു ഭൂമിദേവിയും ഇപ്രകാരം അന്യോന്യം വിപരീതമായി ധരിച്ചു് ദേവിമാർ രണ്ടുപേരും കോപാകുലമാരായി ഭവിക്കും.

പ്രാണനാഥകളുടെ ഈ തെററിദ്ധാരണ തീൎക്കാൻ ഞാൻ എന്താണു ചെയ്യേണ്ടതു്. അതിലേക്കു എന്തെല്ലാം ഉപായങ്ങളാണ് ഇവിടെ സ്വീകരിക്കേണ്ടതു്. ഇങ്ങിനെ തുടങ്ങിയ പലവിചാരങ്ങൾകൊണ്ടും മററും ഭഗവാൻ വളരെനേരം കുഴങ്ങും. ഭഗവാനായാലും ഇക്കാൎയ്യത്തിൽ കുഴങ്ങേണ്ടതായി വരുമെന്നു താല്പൎയ്യം. അതിന്നു ഇടവരുത്താതിരിക്കണെ എന്നിങ്ങിനെ കവി അല്പം ഫലിതമായ രസത്തിൽ ദേവിയോടു പ്രാൎത്ഥിക്കുന്നു. കവിയുടെ ഭാവനാവൈചിത്ര്യം അതിരമണീയമായിരിക്കുന്നുവെന്നല്ലാതെ മററെന്താണു് ഈ വക സന്ദർഭങ്ങളിൽ പറയാനുള്ളതു്.

34.

സൌഭാഗ്യം തുടങ്ങിയ ഗുണങ്ങളെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

പ്രാഗുദ്വാഹവിധൌ ഹിമാചലസദ-
സ്യശ്മാധിരോപായ യ-
ന്ന സ്പ്രക്ഷ്യാമി വിയദ്ധുനീമിതി പുന
സ്സത്യം വിധാതും ച യൽ;
ദൈത്യോച്ഛേഷണ സാഹസെ വിരചിതെ
സംവാഹനാൎത്ഥഞ്ച യൽ
തല്പാദഗ്രഹണത്രയം വിജയതേ
ശൎവ്വേണ ശൎവ്വാണി തേ.

സാരം:—അല്ലയോ ശ്രീപാൎവ്വതി! ശിവൻ ചെയ്തതായ നിന്തിരുവടിയുടെ ആ മൂന്നു തൃപ്പാദഗ്രഹണങ്ങളും

സർവ്വോൽക്കർഷേണ വർത്തിക്കുന്നു. അതുകൾ ഏതെല്ലാമെന്നു വിവരിക്കുന്നു. അനവധികാലംമുമ്പു വിവാഹകർമ്മത്തിൽ, ഹിമവാൻ പർവ്വതത്തിൽവെച്ചു ത്രൈലോക്യവാസികൾ സമ്മേളിച്ചതായ ആ മഹാസദസ്സിലെ ക്രിയാശാലയിൽവെച്ച് അശ്മത്തിൽ ആരോപണത്തിന്നായിക്കൊണ്ടു ശിവൻ ചെയ്തതായ യാതൊരു പാദഗ്രഹണം ഭവിച്ചുവോ, (ക്രിയാംഗമായി വരൻ മന്ത്രപൂർവ്വം വധുവിൻെറ പാദംപിടിച്ച് അമ്മി ചവിട്ടിക്കുക എന്നൊരു പതിവുണ്ടു), അതുപോലെ, വിവാഹാനന്തരവും, ഗംഗാസംഗത്തെ ശങ്കിച്ചു നിന്തിരുവടി കോപിച്ചപ്പോൾ നിന്തിരുവടിയുടെ കോപശമനത്തിന്നായി, ഞാൻ വിയൽധുനിയെ (ആകാശഗംഗയെ) സ്പർശിക്കുന്നില്ല എന്നു സത്യം ചെയ്യാനായിക്കൊണ്ടു യാതൊരു പാദഗ്രഹണം ഭവിച്ചുവോ, (കാലുപിടിച്ചു സത്യംചെയ്യുക എന്നു പ്രസിദ്ധമാണല്ലൊ) അതുപോലെ, നിന്തിരുവടി എത്രയോ മൃദുവായ തൃപ്പാദംകൊണ്ടു മഹിഷാസുരൻെറ കഠിനമായ ശിരസ്സിനെ എത്രയും വേഗത്തിൽ ചവിട്ടിമെതിക്കുകയാകുന്ന ദുഷ്കരമായകർമ്മം ചെയ്ത സമയത്തിങ്കൽ, ആ സാഹസപ്രവൃത്തികൊണ്ടുണ്ടായ വേദന തീർക്കുവാൻവേണ്ടി സുഖമാകുംവണ്ണം തലോടുവാനായി യാതൊരു പാദഗ്രഹണം ഭവിച്ചുവോ, ശിവൻ ചെയ്തതായ ആ മൂന്നു പാദഗ്രഹണങ്ങളും വിജയിക്കുന്നു. അംഗനയുടെ പാദം പിടിക്കുന്നതു് നിന്ദിതമായിട്ടാണു കരുതാറുള്ളതെങ്കിലും ലോകാനുഗ്രഹത്തിന്നായി ശിവൻ ശ്രീപാർവ്വതിയുടെ ശ്രീപാദം ഗ്രഹിച്ചതു് ഏററവും ശ്ലാഘനീയമായി ഭവിക്കുന്നുവെന്നു താല്പര്യം.

35

സുംഭസ്സേ കില ദേവി! രാഗകലഹേ
 പാദപ്രഹാരോത്സവം
ലബ്ധും കാംക്ഷിതവാനുപായമിഹ
 ഖലപജ്ഞോ ന വിജ്ഞാതവാൻ;
യദ്ധ്യായോത്സൃതി ഘോരമാഹിഷവപു-
 ർദ്ധാരീ സ വൈരീ തതഃ
പ്രാഘ്രാനിഷ്യൂത മൂർദ്ധ്നി കോമളരുചാ
 പാദാരവിന്ദേന തേ.

സാരം:—അല്ലയോ ദേവി; സുംഭൻ എന്നുപേരായ അസുരൻ പ്രണയകലഹാവസരത്തിൽ നിന്തിരുവടിയുടെ പാദപ്രഹാരമാകുന്ന ഉത്സവത്തെ ലഭിക്കാനായിക്കൊണ്ടു ഇച്ഛിച്ചുവത്രെ. ദേവിയിൽ അത്യനുരക്തനായിഭവിച്ച സുംഭാസുരൻ ദേവിയെ പത്നിയായി സ്വീകരിക്കണമെന്നും, രാഗകലഹാവസരത്തിൽ ദേവിയുടെ കോപം ശമിപ്പിക്കാൻ നമസ്കരിക്കുന്ന സമയത്തു, ദേവി അന്യാസംഗത്തെ ശങ്കിച്ചു അസഹ്യമായ കോപത്തോടുകൂടി പാദംകൊണ്ടു തൻെറ ശിരസ്സിൽ താഡിക്കുകയാകുന്ന പരമാനന്ദമനുഭവിക്കണമെന്നും ആഗ്രഹിച്ചുവെന്നു താല്പര്യം. മൂഢനാകനിമിത്തം സുംഭൻ ഇക്കാര്യത്തിൽ, ഉപായത്തെ അറിഞ്ഞില്ലതന്നെ. സുംഭൻെറ ദുർമ്മോഹം സാധിക്കാൻ എന്തുപായമാണുള്ളത്. ഏതൊരു ജ്ഞാനമില്ലാഞ്ഞിട്ടാണു സുംഭനെ അജ്ഞൻ എന്നിങ്ങിനെ നിന്ദിച്ചു പറഞ്ഞതു് എന്നാണെങ്കിൽ, സുംഭൻെറ ആഗ്രഹം സാധിക്കാനുള്ള ഉപായത്തെ പറയുന്നു. ദൂതീമുഖേനയും മററും

നിന്തിരുവടിയെ (ദേവിയെ) തനിക്കു ലഭിക്കായ്കയാൽ കോപത്തോടുകൂടിയ സുംഭൻ (അഥവാ ശുംഭൻ) ഭയങ്കരമായ മഹിഷസ്വരൂപത്തെ ധരിച്ചുകൊണ്ടു നിന്തിരുവടിയോടുകൂടി യുദ്ധം ചെയ്തിരുന്നുവെങ്കിൽ, എന്നാൽ നിന്തിരുവടിയുടെ മനോഹരശോഭയോടുകൂടിയ പാദപത്മം കൊണ്ടു ശിരസ്സിൽ പ്രഹരിക്കുമായിരുന്നു. ഈ ഉപായം അവന്നു തോന്നിയില്ലല്ലോ എന്നു താല്പര്യം. (പ്രസ്തുതപദ്യംകൊണ്ടു ദേവിയുടെ തൃപ്പാദങ്ങൾക്കു ദുഷ്ടനിഗ്രഹതല്പരത്വം സ്വാഭാവികമാണെന്നും, മഹിഷാസുരന്റെ നേരെ നിത്യവൈരിത്വമുണ്ടെന്നും സൂചിപ്പിച്ചിരിക്കുന്നു).

36

ആനമ്രേ ഗിരിശേ പദപ്രഹരണേ
　　ദത്തേ ഭവത്യാ രുഷാ
നാഥേ! കിം മഹിഷോ ഹമിത്യഭിഹിതേ
　　ദേവേന തസ്മിൻ ക്ഷണേ;
ആളീഷ്വാകലിതസ്മിതാസു പുനര-
　　പ്യുദ്ദാമപൃഷ്യ ദൃഷ-
സ്തന്മൌലൌ ജയതി ദ്വിതീയ മപി തേ
　　പാദാബ്ജ സന്താഡനം.

സാരം:—അല്ലയോ ബ്രഹ്മാദികൾക്കുകൂടി സ്വാമിനിയായ ദേവി! ശിവൻ നിന്തിരുവടിയുടെ കോപശമനത്തിന്നായി തൃപ്പാദപത്മങ്ങളിൽ നമസ്കരിച്ച സമയത്തിങ്കൽ, നിന്തിരുവടി ഈർഷ്യാകൃതമായ കോപത്തോടുകൂടി

ശിവൻെറ ശിരസ്സിൽ ശ്രീപാദപത്മംകൊണ്ടു താഡനം നൽകപ്പെട്ട സമയത്തിങ്കൽ, (പ്രണതന്മാൎക്കു തൽക്ഷണം അഭീഷ്ടം കൊടുക്കുക എന്നതു് തൃപ്പാദങ്ങളുടെ സ്വഭാവമാണെന്നുകൂടി ഇവിടെ സ്മരിക്കുന്നു) അല്ലയോ ദേവി! യാതൊരു കാരണത്താലാണു് പാദംകൊണ്ടു എൻെറ ശിരസ്സിൽ താഡിക്കുന്നതു് എന്ന അൎത്ഥത്തിൽ, ഞാൻ മഹിഷനായി ഭവിക്കുന്നുവൊ എന്നിങ്ങിനെ ശിവൻ തിന്തിരുവടിയെ സന്തോഷിപ്പിക്കാനായി നമ്മവചനത്തെ അരുളിച്ചെയ്ത സമയത്തിങ്കൽ, അതേക്ഷണത്തിൽ ഇഷ്ടസഖിമാർ, ഭഗവാൻ അപരാധമോചനത്തിന്നു ഉപായമായി അരുളിച്ചെയ്ത നമ്മവചനത്തെ കേട്ടു കുറഞ്ഞൊരു മന്ദഹാസത്തോടുകൂടി ഭവിച്ച സമയത്തിങ്കൽ, വീണ്ടും, അതിശയമാകുംവണ്ണം വൎദ്ധിച്ചുകൊണ്ടിരിക്കുന്ന കോപത്തോടുകൂടിയ തിന്തിരുവടി (ഭഗവാൻ അപരാധ നിവൃത്തിക്കായി നമ്മവചനങ്ങൾ അരുളിച്ചെയ്തതുകൊണ്ടും സഖിമാർ ഹസിച്ചതുകൊണ്ടുമാണു് കോപം വൎദ്ധിച്ചതു്). രണ്ടാമതും ഭഗവാൻെറ ശിരസ്സിൽ പാദാബ്ജം കൊണ്ടു താഡിച്ചു. ആ പാദാബ്ജസന്താഡനം സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു.

ഇവിടെ അതിശയോക്തിരലങ്കാരമാകുന്നു. സൌഭാഗ്യ ഗുണത്തെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുകയാണു് ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളതു്. സൌഭാഗ്യം എന്നതു്, സൌന്ദൎയ്യാദി ഗുണങ്ങൾകൊണ്ടു ഭൎത്താവിന്നു ഏററവും ഇഷ്ടമായി ഭവിക്കുക എന്ന അവസ്ഥയാണെന്നു ചുരുക്കി പറയാം.

37

ദുഷ്ടനിഗ്രഹ തല്പരതേ-ചന്‍ ശ്രീപാദത്തെ സ്തുതിക്കുന്നു.

പാദാഗ്രം തവ സംഗരശ്രമവശാ-
ദാക്ഷായി ലാക്ഷാരസം
വിന്യസ്തം മൃഗനായകോപരി ചിരാ-
ജ്ജീയാ ദഗേന്ദ്രാത്മജെ!
യല്ക്കാന്ത്യൈവ ച ലോഹിതോ മൃഗപതി-
ര്ദൈത്യ പ്രഹാരോൽഗള-
ദ്രക്താംഭഃ കണികാ വഹന്നപി തഥാ
നാമാനി വൈമാനികൈഃ—

സാരം:—അല്ലയോ ശ്രീപാൎവ്വതി! യുദ്ധത്തിൽ അതിയായ അദ്ധ്വാനം നിമിത്തം കുറഞ്ഞൊന്നു ക്ഷയിച്ച ലാക്ഷാരസത്തോടുകൂടിയ നിന്തിരുവടിയുടെ പാദാഗ്രം (പുറവടി), യുദ്ധപരിശ്രമം നിമിത്തം വാഹനമായ സിംഹത്തിൻെറ പൃഷ്ഠഭാഗത്തു അൎപ്പിതമായി ഭവിച്ചുകൊണ്ടു വളരെകാലം ഉൽക്കൎഷത്തെ പ്രാപിക്കട്ടെ. പാദാഗ്രത്തിൻെറ ശോഭാവിശേഷത്തെ പറയുന്നു. അസുരന്മാരുടെ ആയുധപ്രയോഗത്താൽ മുറിഞ്ഞൊഴുകിയ രക്തജലബിന്ദുക്കളെ ധരിക്കുന്നവനാണെങ്കിലും വാഹനമായ സിംഹം, യാതൊരു പാദാഗ്രത്തിൻെറ ചുവന്ന കാന്തികൾകൊണ്ടു തന്നെ രക്തവൎണ്ണമായി ഭവിച്ചുകൊണ്ടു, വിമാനചാരികളായ ദേവാദികളാൽ അപ്രകാരം അറിയപ്പെട്ടില്ല.

ദേവി അസുരന്മാരോടുകൂടി ഭയങ്കരമായൊരു യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ യുദ്ധപരിശ്രമം നിമിത്തം സിംഹവാഹനത്തിൻെറ ഉപരിഭാഗത്തു തൃപ്പാദംവെച്ചു

സ്ഥിതിചെയ്യുന്ന ഒരു സന്ദർഭത്തെയാണ് കവി ഇവിടെ ഭാവന ചെയ്തിട്ടുള്ളത്. ദേവിയുടെ വാഹനമായ സിംഹം ശത്രുക്കളുടെ ആയുധങ്ങളേല്ക്കുകയാൽ ശരീരത്തിൽ അല്പാല്പം മുറിവുകൾ സംഭവിച്ചതുകൊണ്ടു രക്തബിന്ദുക്കൾ ധരിച്ചിരുന്നുവെങ്കിലും, ലാക്ഷാരസംകൊണ്ടു ഏറ്റവും അരുണാവർണ്ണമായി ഭവിച്ച ദേവിയുടെ ഉള്ളംതൃപ്പാദത്തിന്റെ രക്തകാന്തികളാകുന്ന കുങ്കുമച്ചാറിൽ കുളിക്കനിമിത്തം മേൽപറഞ്ഞപ്രകാരം സിംഹത്തിന്റെ ശരീരത്തിൽ രക്തബിന്ദുക്കളുണ്ടെന്നുള്ള സംഗതി വിമാനാരൂഢന്മാരായി ആകാശത്തിൽ യുദ്ധോത്സവം കണ്ടു നിന്നിരുന്ന ദേവാദികൾ അറിഞ്ഞില്ലെന്നു താല്പര്യം.

38

ദേവവന്ദ്യത്വം തുടങ്ങിയ ഗുണങ്ങളെ സൂചിപ്പിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

നൈവാലിമ്പ നിലിമ്പമൂർദ്ധസു നവാ
സിംഹോപരി ത്യജ്യതാം
മാഛേദം മഹിഷസ്യ മൂർദ്ധ്നി രഭസാ-
ദാലിപ്യ ലോലുപ്യതാം;
പത്യുർമ്മൗലിനദീജലൈ പരമിദം
സംക്ഷാളനീയം ത്വയേ-
ത്യാളീകേളിഗിരോ ജയന്തി ഗിരിജേ!
ത്വല്പാദലാക്ഷാപ്പണേ.

സാരം:—അല്ലയോ ശ്രീപാർവ്വതി! നിന്തിരുവടിയുടെ ശ്രീപാദങ്ങളിൽ ലാക്ഷാരസം ലേപനം ചെയ്യുന്ന സമയത്തിൽ ഇഷ്ടസഖികളുടെ ക്രീഡാവചനങ്ങൾ ജയിക്കുന്നു. ക്രീഡാവചനങ്ങളെതന്നെ താഴെ വിവരിക്കു

ന്നു. അല്ലയോ ദേവി! നിന്തിരുവടി, ഞങ്ങഠം പാദങ്ങളിൽ ലേപനം ചെയ്യുന്ന ഈ ലാക്ഷാരസത്തെ, തൃപ്പാദങ്ങളിൽ നമസ്കരിക്കുന്ന ദേവന്മാരുടെ ശിരസ്സുകളിൽ സംക്രമിപ്പിക്കരുതെ. അതുപോലെ, നിന്തിരുവടി ഇതിനെ യുദ്ധസമയത്തിൽ വാഹനമായ സിംഹത്തിൻെറ പൃഷ്ഠത്തിലും ഉപേക്ഷിക്കരുതു്. അതുപോലെ, അല്ലയോ ദേവി! നിന്തിരുവടി ഇതിനെ മഹിഷാസുരൻെറ ശിരസ്സിലും വേഗത്തിൽ ആലേപനം ചെയ്തു് നശിപ്പിക്കരുതു്. എന്നാൽ നിന്തിരുവടി ഇതു്, തൻെറ അപരാധത്തെ ക്ഷമിപ്പിക്കാനായി തൃപ്പാദത്തിൽ നമസ്കരിക്കുന്ന പതിയുടെ ശിരസ്സിലുള്ള ഗംഗാജലത്തിൽ കേവലം വഴിപോലെ ക്ഷാളനം ചെയ്യാൻ യോഗ്യമായി ഭവിക്കുന്നു. ഇപ്രകാരം സഖിമാരുടെ ക്രീഡാവചനങ്ങഠം സർവ്വോൽക്കഷേണ വത്തിക്കുന്നു.

ദേവിയുടെ തൃപ്പാദങ്ങളിൽ ലേപനം ചെയ്യപ്പെട്ട ലാക്ഷാരസം കഴുകിക്കളയാൻ സഖിമാർ ചൂണ്ടിക്കാണിച്ചുകൊടുത്ത സ്ഥലം ശിവൻെറ ശിരസ്സിലുള്ള ഗംഗാ ജലമാണല്ലോ. സ്ത്രീകഠംക്കുണ്ടാകേണ്ടതായ പ്രധാന ഗുണം ഭത്താവിന്നു ഏററവും ഇഷ്ടമായി ഭവിക്കുക എന്ന അവസ്ഥയാകകൊണ്ടു, അപ്രകാരം സൌഭാഗ്യവതിയായിരിക്കുക എന്ന അത്ഥത്തിലാണു അവർ അങ്ങിനെ പറഞ്ഞിട്ടുള്ളതു്. "ത്വയി പ്രസന്നെ മമകിം ഗുണേന" എന്നു തുടങ്ങിയ ശ്രീകൃഷ്ണകർണ്ണാമൃതശ്ലോകംകൊണ്ടു പറഞ്ഞിട്ടുള്ള അത്ഥത്തെ ഇവിടെ സൂചിപ്പിക്കുന്നു.

39

സൂൎയ്യചന്ദ്രവന്ദ്യത്വത്തെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

നത്വൈവ പ്രഥമം ത്വദംഘ്രികമലം
യൌ പുഷ്പവന്താവുഭൌ
ത്രൈലോക്യം മഹസാഭിഭൂയ ചരതോ
വ്യോമാന്തരപ്രാന്തരെ;
നാഥേ! തൌ കഥമന്യഥാ പരിഗള-
ല്ലാക്ഷാരസക്ഷാളിതൌ
വീക്ഷ്യേതേ ഭൃശശോണബിംബമുദയാ-
രംഭേ പ്രിയംഭാവുകൌ.

സാരം:—ആ സൂൎയ്യചന്ദ്രന്മാർ രണ്ടുപേരും ഉദിക്കുന്നതിന്നു മുമ്പു, ലാക്ഷാരസംകൊണ്ടു ഏറ്റവും ചുകപ്പോടുകൂടിയ നിന്തിരുവടിയുടെ ശ്രീപാദപത്മത്തെ നമസ്കരിച്ചിട്ടുതന്നെ ഉദിതന്മാരായിട്ടു, തേജസ്സുകൊണ്ടു ത്രൈലോക്യത്തെ പ്രകാശിപ്പിച്ചിട്ടു ആകാശത്തിൻെറ ഇടയാകുന്ന ദൂരമേറിയതും ജീവവൎഗ്ഗങ്ങളില്ലായ്കയാൽ ശൂന്യവുമായ മാൎഗ്ഗത്തിൽ സഞ്ചരിക്കുന്നു. അല്ലയോ നാഥേ! മറിച്ചായാൽ, ഉദയാരംഭത്തിൽ കാലഭേദംകൊണ്ടു അപ്രിയന്മാരാകുന്നു എങ്കിലും പ്രായേണ ലോകോപകാരത്തെ ചെയ്യുന്നവരായ സൂൎയ്യചന്ദ്രന്മാർ നിന്തിരുവടിയുടെ ശ്രീപാദങ്ങളിൽ നിന്നു ഒഴുകുന്നതുകളായ ലാക്ഷാരസങ്ങൾകൊണ്ടു വ്യാപ്തന്മാരായി ഭവിച്ചുകൊണ്ടു ഉദിക്കുന്ന സമയത്തു അത്യന്തം രക്തങ്ങളായ ബിംബങ്ങളോടു കൂടുംവണ്ണം ജനങ്ങളാൽ എങ്ങിനെ കാണപ്പെടുന്നു.

സൂൎയ്യചന്ദ്രന്മാർ ഉദിക്കുന്ന സമയത്തു അവരെ തുടുത്ത ബിംബങ്ങളോടുകൂടി കാണപ്പെടുന്നതു് ദേവിയുടെ തൃപ്പാദലാക്ഷാരസത്തിൽ മുഴുകിയവരായതുകൊണ്ടാണെന്നു ഇവിടെ വൎണ്ണിച്ചിരിക്കുന്നു. ബിംബങ്ങൾ തുടുത്തുകാണുന്നതിന്നുള്ള കാരണത്തെപ്പററി ജനങ്ങൾ എന്തെങ്കിലും പറയട്ടെ. സൂൎയ്യചന്ദ്രന്മാർ പതിവായി തൃപ്പാദത്തെ വന്ദിക്കുന്നുണ്ടെന്നതിലേക്കു തെളിവായിട്ടാണു അങ്ങിനെ പറഞ്ഞിട്ടുള്ളതു്. സൂൎയ്യൻ കമലത്തിന്നു ബന്ധുവും ചന്ദ്രൻ വിരോധിയുമാണെങ്കിലും അന്യാശ്രയമില്ലാത്തതുകൊണ്ടു തൃപ്പാദകമലത്തെ വന്ദിക്കുന്ന കാൎയ്യത്തിൽ അവർ രണ്ടുപേരും യോജിപ്പുള്ളവരായി ഭവിക്കുന്നുവെന്നു ഇവിടെ സ്പഷ്ടമാവുന്നു.

40

ത്രൈലോക്യം വശയന്തി പാപപടലീ-
മുച്ചാടയന്ത്യുച്ചകൈ-
ൎവ്വിദ്വേഷം ജനയന്ത്യധൎമ്മവിഷയേ
പ്രസ്തംഭയന്ത്യാപദം;
ആകൎഷന്ത്യഭിവാഞ്ഛിതാനി മഹിഷ-
സ്വൎവ്വൈരിണോ മാരണാ-
ശ്ചിത്രം ത്വൽപ്പദസിദ്ധചൂൎണ്ണനിവഹാ-
ഷ്ഷൾകൎമ്മണാം സാധകാഃ.

സാരം:—നിന്തിരുവടിയുടെ തൃപ്പാദങ്ങളിൽ നിന്നു സിദ്ധിച്ചിട്ടുള്ള രേണുസമൂഹങ്ങൾ (തൃപ്പാദസ്പശ്ത്താൽ സിദ്ധികളോടുകൂടിയ രേണുസമൂഹങ്ങൾ എന്നും) ത്രൈലോക്യത്തെ വശമാക്കിച്ചെയ്യുന്നു. (ഊദ്ധ്വലോകം മദ്ധ്യലോകം അധോലോകം എന്നിങ്ങിനെ മൂന്നായി പറയപ്പെടുന്ന ബ്രഹ്മാണ്ഡത്തെ സ്വാധീനമാക്കിച്ചെയ്യുന്നു). അതുപോലെ, കുന്നുപോലെ വലുതായ പാപസമൂഹത്തെ ഉച്ചാടനം ചെയ്യുന്നു. (സ്വൎണ്ണമോഷണം തുടങ്ങിയ മഹാ പാപസമൂഹങ്ങളെ നശിപ്പിക്കുന്നു.) നിഷിദ്ധകമ്മവിഷയത്തിൽ വലുതായ വിദ്വേഷത്തെ ജനിപ്പിക്കുന്നു, (അഭക്ഷ്യഭക്ഷണം പരസ്ത്രീഗമനം തുടങ്ങി ശാസ്ത്രങ്ങളിൽ നിഷേധിച്ചിരിക്കുന്ന കമ്മങ്ങളിൽ വലുതായ വിരോധത്തെ ഉണ്ടാക്കുന്നു). ആപത്തിനെ പ്രസ്തംഭിപ്പിക്കുന്നു (നശിപ്പിക്കുന്നു), അഭീഷ്ടങ്ങളെ ആകഷിക്കുന്നു (സാധിപ്പിക്കുന്നു), തൃപ്പാദഭജനം ചെയ്യുന്നവരെക്കുറിച്ചാണു ഇതുവരെ പറഞ്ഞതു്. അതുപോലെ, മഹിഷാസുരന്നു മാരണങ്ങളായി (ശത്രുവിന്നു മരണത്തെ ഉണ്ടാക്കുന്നതുകളായി) ഭവിക്കുന്നു. അതു ഹേതുവായിട്ടു നിന്തിരുവടിയുടെ തൃക്കാൽപൊടികൾ മന്ത്രശാസ്ത്രത്തിൽ പ്രസിദ്ധങ്ങളായ വശ്യാദിഷൾക്കമ്മങ്ങളെ സാധിപ്പിക്കുന്നതുകളായി ഭവിക്കുന്നു. ആശ്ചര്യം. കേവലം തൃപ്പാദരേണുക്കൾ മേൽപറഞ്ഞ പ്രകാരം വശ്യം തുടങ്ങിയ ഷൾക്കമ്മങ്ങളെ അനായാസേന ഒരേ കാലത്തു സാധിപ്പിക്കുന്നതു് ആശ്ചര്യമെന്നു താല്പര്യം.

41

തിരുവിരലുകളെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

കിം കല്പദ്രുമപഞ്ചകം പ്രണമതാ-
മാകാംക്ഷിതാപാദനെ
കിം പഞ്ചായുധബാണപഞ്ചകമിദം
മാരാരിസമ്മോഹനെ;
സൂക്ഷ്മം കിഞ്ചന പഞ്ചഭൂതവപുഷോ
വിശ്വസ്യ കിം കാരണം
ത്വല്പാദാംഗുലിപഞ്ചകാത്മകമിദം
കിം ഭാതി ശംഭോഃ പ്രിയേ!

സാരം:—അല്ലയോ ശ്രീപാർവ്വതി! നിന്തിരുവടിയുടെ തൃപ്പാദങ്ങളിലെ അഞ്ച് തിരുവിരൽ സ്വരൂപമായ വസ്തു അടിയൻ താഴെ പറയാൻ പോകുന്ന കല്പവൃക്ഷാദികളുടെ മദ്ധ്യത്തിൽ ഏതൊന്നായി ശോഭിക്കുന്നു. നമസ്കരിക്കുന്ന ജനങ്ങൾക്കു അഭീഷ്ടസമ്പാദനത്തിങ്കൽ 5 കല്പവൃക്ഷങ്ങളായി ഭവിക്കുന്നുവൊ. ("പഞ്ചൈതെ ദേവതരവോ മന്ദാരഃ പാരിജാതകഃ സന്താനഃ കല്പവൃക്ഷശ്ച പുംസി വാ ഹരിചന്ദനം" എന്നിങ്ങിനെ 5 തരം കല്പവൃക്ഷങ്ങളെ അമരത്തിൽ പറയുന്നുണ്ടു്.) അതുപോലെ ശിവൻെറ സമ്മോഹനത്തിങ്കൽ (കാമശത്രുവായ ശിവൻെറ മനസ്സിനെ മോഹിപ്പിക്കുന്നതിലേക്കു) കാമദേവൻെറ 5 ബാണങ്ങളായി ഭവിക്കുന്നുവോ. ("അരവിന്ദമശോകഞ്ച ചൂതഞ്ച നവമാലികാ; നീലോല്പലഞ്ച പഞ്ചൈതെ പഞ്ചബാണസ്യ സായകാഃ" എന്നിങ്ങിനെ കാമദേവൻെറ 5 പൂവമ്പുകളെപ്പററിയും അമരത്തിൽ

പറയുന്നുണ്ടു്. സന്ദർഭവശാൽ 'ഹരനേത്രാഗ്നി സംദഗ്ധ കാമസഞ്ജീവനൌഷധിഃ' എന്ന തിരുനാമത്തെ ഇവിടെ സ്മരിക്കട്ടെ.) ഭൂമി, വെള്ളം, തീയ്യ്, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളാകുന്ന സ്വരൂപത്തോടു കൂടിയ ജഗത്തിന്റെ, അല്പമായി അനിർവ്വചനീയമായിരിക്കുന്ന കാരണമായി ഭവിക്കുന്നുവൊ. വൃക്ഷാദികൾക്കു ബീജം കാരണമായിട്ടുള്ളതുപോലെ, പഞ്ചഭൂതാത്മകമായ സ്ഥൂലജഗത്തിന്നു കാരണഭൂതങ്ങളായ 5 സൂക്ഷ്മസ്വരൂപങ്ങളാണൊ അഞ്ചു തിരുവിരലുകളുടെ സ്വരൂപത്തിൽ കാണപ്പെടുന്നതു് എന്നു താല്പര്യം.

ഈ പദ്യത്തിൽ സന്ദേഹാലങ്കാരമാകുന്നു. ദേവിയുടെ തിരുവിരലുകൾ ആശ്രിതന്മാൎക്ക അഭീഷ്ടങ്ങളെ വർഷിക്കുന്നതുകളും സൌന്ദര്യാദി ഗുണങ്ങളോടു കൂടിയവയും, നിത്യങ്ങളുമാണെന്നു സാരം.

42

ദേവി ഊഴിഞ്ഞാലാടിക്കൊണ്ടിരിക്കും സമയത്തിൽ ദേവന്മാർ വന്ദിക്കുന്നതിനെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ഡോളാകേളിഷു ദൂരദൂരഗമനെ
പ്രേംഖോളനാവിഭ്രമെ
മേദിന്യാമനിപാതിതം ജയതി തേ
നാഥേ! പദാംഭോരുഹം;
ഭക്ത്യാ സന്നമതാം ത്വദാനനഗളൽ-
ഗാനാമൃതാമൂർച്ഛയാ
ഭ്രഷ്ടേ ചിരവാസിനാം ദിവിഷദാ-
മാഘട്ടനാസാദ്ധ്വസാൽ.

സാരം:—അല്ലയോ ദേവി! ഉഴിഞ്ഞാൽ ക്രീഡക ളിൽ ആന്ദോളന (ആട്ട)മാകുന്ന വിലാസത്തിൽ, ആട്ട ത്തിൻെറ വേഗമനുസരിച്ച് അധികമധികം ദൂരത്തേ ക്ക ഗമിക്കമ്പോഠം, ഭക്തിയോടുകൂടി നമസ്കരിക്കുന്നവ രായി, നിന്തിരുവടിയുടെ തിരുമുഖത്തിൽനിന്നു ഒഴുകുന്ന തായ ഗാനമാകുന്ന അമൃതുകൊണ്ടു കുറഞ്ഞോരു മോഹ ത്തോടുകൂടുക ഹേതുവായിട്ടു ഭൂതലത്തിൽ വളരെനേരം സ്ഥിതിചെയ്യുന്നവരായ (ചിരശായിനാം എന്ന പാഠ ത്തിൽ, വളരെനേരം നമസ്കരിച്ചു കിടക്കുന്നവരായ) ദേ വന്മാരുടെ ആഘട്ടനത്തിൽനിന്നുള്ള ഭയം ഹേതുവായി ട്ടു ഭൂമിയിൽ പതിപ്പിക്കാത്തതായ നിന്തിരുവടിയുടെ പാ ദാരവിന്ദം സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

ദേവന്മാർ അമൃതു പാനംചെയ്യുന്നവരും ഭൂസ്പർശം ചെയ്യാത്തവരുമാണെന്നു പ്രസിദ്ധമാകുന്നു. ദേവിയുടെ തിരുമുഖചന്ദ്രങ്കൽനിന്നു ഒഴുകുന്നതായ മോഹനമായ ഗാ നാമൃതം ശ്രവിച്ചിട്ടുണ്ടായ പരമാനന്ദത്താൽ കുറഞ്ഞോ രു തൻേറടക്കുറവു ഭവിച്ചതുകൊണ്ടാണ് അവർ ഭൂതല ത്തിൽ വളരെനേരം സ്ഥിതിചെയ്തതു് അഥവാ നമസ്ക രിച്ചുകിടന്നതു്. അങ്ങിനെയുള്ളവരായ ദേവന്മാരുടെ ശ രീരങ്ങളിൽ തൃപ്പാദഘട്ടനം സംഭവിക്കരുതെന്നു കരുതി യിട്ടാണ് ദേവി, മുൻഭാഗത്തേക്കും പിൻഭാഗത്തേക്കും വളരെവേഗം ആടിക്കൊണ്ടിരിക്കുന്നതിൻെറ മദ്ധ്യത്തി ൽ ഭൂതലസാമീപ്യം വരുമ്പോഠം തൃപ്പാദം ഭൂമിയിൽ പതിപ്പിക്കാത്തതെന്നു താല്പര്യം.

43

മുനി വന്ദ്യത്വത്തെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

മഞ്ജീരപ്രസരന്മസാരസുഷമാത്രുപാ
കളിന്ദാത്മജാ
സ്വച്ഛച്ഛായനഖാംശുസഞ്ചയമയീ
ഗംഗാ ച സംഗാമുകാ;
ശോണഃ പാദരുചാം ച യശ്ച മിളിതോ
യേന ത്വദഗ്രേ തതോ
മജ്ജന്തീവ നമന്തി തത്ര മുനയ
സ്സർവ്വേപി ശർവ്വാംഗനെ!.

സാരം:—അല്ലയോ ശ്രീപാർവ്വതി! യാതൊന്നു ഹേതുവായിട്ടു നിന്തിരുവടിയുടെ പുരോഭാഗത്തിങ്കൽ, നൂപുരങ്ങളിൽ നിന്നു വ്യാപിച്ചുകൊണ്ടിരിക്കുന്ന യാതൊരു ഇന്ദ്രനീലരത്നങ്ങളുടെ പരമശോഭയുണ്ടോ അതുതന്നെയാകുന്ന സ്വരൂപത്തോടുകൂടിയ കാളിന്ദി സംഗതയായി. അതുപോലെ, നിർമ്മലകാന്തികളോടുകൂടിയ തിരുനഖങ്ങളുടെ ധവളകാന്തിസമൂഹമാകുന്ന ഗംഗയും സംഗതയായി. അതുപോലെ, നിന്തിരുവടിയുടെ പാദമൂലങ്ങളുടെ ചുവന്ന കാന്തി സമൂഹമാകുന്ന ശോണ എന്നു പേരായ നദവിശേഷവും സംഗതമായി. (ശോണശബ്ദം പുല്ലിംഗമാകുന്നു). അതു ഹേതുവായിട്ടു എല്ലാ മഹർഷിമാരും ഇവിടെ പറയപ്പെട്ടപ്രകാരം ഗംഗതുടങ്ങിയ നദികൾ സംഗമിക്കുന്ന സ്ഥലമായ നിന്തിരുവടിയുടെ പുരോഭാഗത്തിങ്കൽ മജ്ജനം ചെയ്യുന്നപോലെ നമസ്കരിക്കുന്നു.

ദേവിയുടെ തൃപ്പാദസന്നിധിയെ ഇവിടെ, കാളിന്ദി ഗംഗ ശോണ എന്നീ മൂന്നു നദികൾ കൂടിച്ചേരുന്ന ത്രിവേണിയായി വർണ്ണിച്ചിരിക്കുന്നു. കാളിന്ദിയിലെ ജലം കൃഷ്ണവർണ്ണവും ഗംഗാജലം ധവളവർണ്ണവുമാണെന്നു പ്രസിദ്ധമാണല്ലോ. അത്ഭുതബാലന്മാരായ ശ്രീകൃഷ്ണബലഭദ്രന്മാർ രണ്ടുപേരുമൊരുമിച്ച് പുഞ്ചിരിത്തൂമധു തൂകുന്ന തിരുമുഖകമലങ്ങളോടുകൂടി നന്ദഗോപരുടെ രത്നഗൃഹത്തിൽ അതികൌതുകമാകുംവണ്ണം മുട്ടുകുത്തി നടക്കുമ്പോൾ ആ കോമളകളേബരന്മാരെപ്പററി മണിപ്രവാളത്തിൽ, "നീലാളിവർണ്ണൻ ഭഗവാൻ മുകുന്ദൻ, താലാങ്കനച്ഛസ്ഫടികപ്രകാശൻ; കാളിന്ദിയും ഗംഗയുമേകഭാഗേ, മേളിച്ചകാന്തി പ്രസരം കലൻു." എന്നിങ്ങിനെ എത്ര ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ഭഗവാൻെറ അതിമധുരമായ ബാലഭാവത്തെ സ്മരിക്കുന്ന സമയത്തു മററുള്ളതെല്ലാം വിസ്മരിക്കുന്നു. മനസ്സു ആ ആനന്ദബാലനിൽ നിമഗ്നമാവുന്നു. യാതൊന്നും എഴുതുവാൻ സാധിക്കാതെ വരുന്നു. അതുകൊണ്ടു ഞാനിപ്പോൾ അതിന്നൊരുങ്ങുന്നില്ല. ശോണ അഥവാ സരസ്വതീനദിയിലെ ജലം ചുവന്ന വർണ്ണമാണെന്നും അതു അന്തർവ്വാഹിനിയാണെന്നും പറയപ്പെടുന്നു. മഹർഷിമാർ മേൽപറഞ്ഞവിധം ശോഭകളോടുകൂടിയ ദേവിയുടെ തൃപ്പാദാഗ്രത്തിൽ നമസ്കരിക്കുമ്പോൾ അവർ ത്രിവേണിയിൽ മുങ്ങുകയാണൊ എന്നു മററുള്ളവൎക്കു തോന്നുമെന്നു താല്പൎയ്യം.

44

മഞ്ജീരാപ്പിതശക്രനീലശകല-
　　ശ്രീചഞ്ചളീകാഞ്ചിതം
രാജദ്രേണുവിഭൂഷിതം പരമ-
　　ഹംസാളീഭിരാസേവിതം;
ത്വല്പാദാഗ്രസരോജമംഗുലിദള-
　　ച്ഛായാഭിരാഭാസുരം
വിഷ്വഗ്രോചി നഖാംശുജാലപയസി
　　സ്വച്ഛേ സമുച്ഛോഭതേ.

സാരം:—നൂപുരങ്ങളിൽ. പതിച്ചിരിക്കുന്ന ഇന്ദ്രനീലരത്നഖണ്ഡങ്ങളുടെ കാന്തികളാകുന്ന വണ്ടുകളെക്കൊണ്ടു മനോഹരമായി, പ്രകാശമാനങ്ങളായ പൊടികൾകൊണ്ടു അലങ്കൃതമായി, പരമഹംസന്മാരുടെ (രാജഹംസങ്ങളുടെ എന്നും) സമൂഹത്താൽ ഉപാസിക്കപ്പെട്ടതായി, തിരുവിരലുകളാകുന്ന പത്മദളങ്ങളുടെ ശോഭകൾകൊണ്ടു എല്ലാടവും പ്രകാശമാനമായിരിക്കുന്ന നിന്തിരുവടിയുടെ തൃപ്പാദങ്ങളുടെ തലപ്പാകുന്ന ചെന്താമരപ്പൂവു, നിമ്മലമായി സർവ്വത്ര പ്രകാശമാനങ്ങളായ യാതൊരു തിരുനഖങ്ങളുടെ കാന്തികളുണ്ടോ അവുകളുടെ സമൂഹമാകുന്ന ജലത്തിൽ ഉൽക്കഷേണ ശോഭിക്കുന്നു. (നിമ്മലജലത്തിൽ ഉൽകൃഷ്ടസരോജം എപ്രകാരം ശോഭിക്കുന്നുവോ അപ്രകാരം തിരുനഖശോഭാസമൂഹത്തിൽ ദേവിയുടെ തൃപ്പാദാഗ്രം പ്രകാശിക്കുന്നുവെന്നു താല്പയ്യം.)

വിധിയാംവണ്ണം സന്യസിച്ചിട്ടുള്ളവരിൽ അനുഷ്ഠാനഭേദംകൊണ്ടു, കുടീചകൻ, ബഹൂദകൻ, ഹംസൻ, പരമഹംസൻ എന്നിങ്ങിനെ നാലു തരക്കാരുണ്ടു. ജ്ഞാന

നിഷ്ഠന്മാരായ അവരിൽ ശ്രേഷ്ഠന്മാരാണ് പരമഹംസ ന്മാർ. അവക്കു, കുടുമ പൂണുനൂൽ നിത്യകമ്മം ഇങ്ങിനെ തുടങ്ങി ഉപേക്ഷിക്കാൻ പാടില്ലെന്നു നിർബ്ബന്ധിച്ചിട്ടു ള്ളതുകളെക്കൂടി ത്യജിക്കാമെന്നു വിധിയുണ്ടു. സർവ്വകമ്മ സംന്യാസം ചെയ്യത്തക്കവണ്ണം അത്രയും ജ്ഞാനനിഷ്ഠന്മാ രായി ഭവിച്ചിട്ടുള്ളവരാണു പരമഹംസന്മാരെന്നു താല്പ ര്യം. വെള്ളത്തിലെ പോളപോലെ എത്രയും വേഗ ത്തിൽ നശിക്കുന്നതായ അതിവഷ്ളായ ജഡശരീര ത്തിൽ ഏററവും അഭിമാനിച്ചുകൊണ്ടിരിക്കുന്ന ജീവവ ർഗ്ഗങ്ങൾക്കു ഇങ്ങിനെയുള്ള മഹത്തുക്കളുടെ ഉള്ളഴിഞ്ഞ അനുഗ്രഹമൊന്നല്ലാതെ നിത്യാനന്ദപ്രാപ്തിക്കു മറെറാരു മാർഗ്ഗമില്ലെന്ന പരമാത്ഥസംഗതികൂടി ഇവിടെ പറഞ്ഞു കൊള്ളട്ടെ. തിരുനഖങ്ങൾ തിരുവിരലുകൾ തുടങ്ങിയതുക ളുടെ ശോഭാവിശേഷത്തെ വർണ്ണിച്ചുകൊണ്ടു തൃപ്പാദത്തെ സ്തുതിക്കുകയാണ് ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളതു്.

45

ജ്ഞാനപ്രദത്വേന ശ്രീപാദത്തെ സ്തുതിക്കുന്നു.

മഞ്ജീരസ്വനമഞ്ജുവിഷ്കിരർവൈ
തതസംഗിനീലോപല-
ച്ഛായാത്രപതമോലവൈ നഖമിഷാ-
ദക്ഷീണ താരാഗണേ;
സന്ധ്യാരാഗനിഭസ്വകാന്തിപടലെ
ത്വല്പാദമൂലാത്മക-
പ്രത്യൂഷോപഗമെ ഹി ദേവി! ലഭതെ
ലോകഃ പ്രബോധോദയം.

സാരം:—ദേവിയുടെ തൃപ്പാദമൂലത്തെ പ്രഭാതകാലമായി വർണ്ണിക്കുന്നു. അല്ലയോ ദേവി! നൂപുരങ്ങളുടെ ശബ്ദമാകുന്ന മനോഹരമായ പക്ഷികളുടെ നിനാദത്തോടു കൂടിയതായി (പ്രഭാതത്തിൽ പക്ഷികൾ മധുരമായി ശബ്ദിക്കാറുണ്ടല്ലൊ. അതിനോടു സദൃശമാണ് ഇവിടെ നൂപുരങ്ങളുടെ മധുരധ്വനിയെന്നു താല്പര്യം. "ശിഞ്ജാനമണിമഞ്ജീരമണ്ഡിതശ്രീപദാംബുജാ" എന്ന തിരുനാമം ഇവിടെ സ്മരിക്കുന്നതു യുക്തമാണല്ലൊ). അതുപോലെ, നൂപുരങ്ങളിൽ പതിച്ചിരിക്കുന്ന രണ്ടു ഇന്ദ്രനീലരത്നങ്ങളുടെ നീലപ്രഭയാകുന്ന സ്വരൂപത്തോടുകൂടിയ അല്പം അന്ധകാരത്തോടു കൂടിയതായി (പ്രഭാതത്തിൽ കുറഞ്ഞൊരു അന്ധകാരമെ ഉണ്ടായിരിക്കയുള്ളു. അതുകൊണ്ടാണു ഇവിടെ ഇന്ദ്രനീലരത്നങ്ങളെ ബഹുവചനമായി പറയാഞ്ഞതു്), തിരുനഖങ്ങൾ എന്ന വ്യാജേന കുറഞ്ഞൊന്നു നഷ്ടമായ നക്ഷത്രങ്ങളുടെ സമൂഹത്തോടുകൂടിയതായി (പ്രഭാതത്തിൽ നക്ഷത്രങ്ങൾ സൂര്യരശ്മിയാൽ മങ്ങിത്തുടങ്ങുന്നതുകൊണ്ടു പ്രായേണ അദൃശ്യങ്ങളായി ഭവിക്കുമെങ്കിലും, ശോഭിച്ചു കാണുന്നതായ തിരുനഖസ്വരൂപങ്ങളാകുന്ന ഏതാനും ചില നക്ഷത്രങ്ങളോടുകൂടിയതായി), പ്രാതസ്സന്ധ്യയിലെ രക്തവർണ്ണത്തോടു സദൃശമായ തൻെറ (ഉള്ളം തൃപ്പാദത്തിൻെറ) ശോഭകളുടെ സമൂഹത്തോടുകൂടിയതായിരിക്കുന്ന നിന്തിരുവടിയുടെ തൃപ്പാദമൂലസ്വരൂപമാകുന്ന പ്രഭാതകാലം പ്രാപ്തമായിരിക്കും സമയത്തിങ്കൽ ജനം പ്രകൃഷ്ടമായ ജ്ഞാനത്തിൻെറ ഉദയത്തെ നിശ്ചയമായും ലഭിക്കുന്നു. അജ്ഞാനം നീങ്ങി തത്വജ്ഞാനം പ്രകാശിക്കുന്നുവെന്നു താല്പര്യം. നിദ്രയിൽനിന്നു ഉണരുന്നതുകൊണ്ടു സ്വബോധത്തെ ലഭിക്കുന്നു എന്നും അത്ഥം.

46

വിദ്യതുടങ്ങിയ അഭീഷ്ടങ്ങളെ പ്രദാനം ചെയ്യുന്നു എന്നുള്ള അവസ്ഥയെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

വിദ്യാമുക്തിരമാവധൂഷു നിതരാം
കാമാതുരാ മാനവാ-
സ്തപ്താസ്ത്വന്നഖകാന്തിചന്ദനരസൈ
രാലിപ്യ ഗാത്രം നിജം;
ത്വല്പാദാബ്ജരുചി പ്രവാളനിചിതെ
ഭൂമീതലെ ശേരതേ
നിത്യം ദേവി! ഭവൽക്കൃപാ പ്രിയസഖീ-
വിശ്വാസതഃ കേവലം.

സാരം:—അല്ലയോ ദേവി! വിദ്യാ, മുക്തി, രമാ ഇങ്ങിനെയുള്ള വനിതകളിൽ അതിയായ ഇച്ഛ ഹേതുവായിട്ടു രാഗത്തോടു കൂടിയവരായ (ഏററവും കാമികളായ) മനുഷ്യർ അതുകളെ ലഭിക്കായ്കയാൽ ദുഃഖിതന്മാരായിട്ടു (കാമസന്തപ്തന്മാരായി ഭവിച്ചുകൊണ്ടു) തൻെറ ശരീരത്തെ, നിന്തിരുവടിയുടെ തിരുനഖകാന്തികളാകുന്ന ചന്ദനദ്രവങ്ങൾകൊണ്ടു ആലേപനം ചെയ്തിട്ടു, നിന്തിരുവടിയുടെ പാദാരവിന്ദങ്ങളുടെ ചുവന്ന ശോഭകളാകുന്ന തളിരുകൾ കൊണ്ടു ആസ്തൃതമായ തൃപ്പാദസമീപത്തുള്ള ഭൂതലത്തിൽ, നിന്തിരുവടിയുടെ കരുണയാകുന്ന ഇഷ്ടസഖിയിങ്കൽ, ഇവൾതന്നെ എൻെറ താപം നശിപ്പിച്ചുകൊണ്ടുള്ള അഭീഷ്ടത്തെ പൂർത്തിയാക്കിച്ചെയ്യുമെന്നുള്ള വിശ്വാസം ഹേതുവായിട്ടുതന്നെ എപ്പോഴും ശയിക്കുന്നു.

വിദ്യാശബ്ദത്തിന്നു, ഋക്, യജ്ജുസ്സ്, സാമം എന്നീ വേദങ്ങൾ, ശിക്ഷാ കല്പം വ്യാകരണം നിരുക്തം ജ്യൌതിഷം ഛാന്ദശ്ശാസ്ത്രം എന്നീ വേദാംഗങ്ങൾ ഇങ്ങിനെ തുടങ്ങി പരമാത്ഥമായ ജ്ഞാനത്തെ തരുന്ന ശാസ്ത്രങ്ങൾ എന്നത്ഥമാകുന്നു. സാധാരണ വിദ്യകൾക്കും പറയാം. കാമസന്തപ്തന്മാരായവക്കു, ചന്ദനച്ചാറു ധരിക്കുക തളിർകിടക്കയിൽ കിടക്കുക തുടങ്ങിയ ശീതളകരങ്ങളായ ശുശ്രൂഷകൾ പ്രസിദ്ധമാണല്ലൊ. അതുപോലെ, വിദ്യാ, സമ്പത്തു്, മോക്ഷം എന്നിതുകളിൽ അതിയായ ആഗ്രഹത്തോടുകൂടിയ മനുഷ്യർ വളരെ ക്ലേശിച്ചു പരിശ്രമിച്ചിട്ടും ലഭിക്കായ്കയാൽ അതുകളുടെ സിദ്ധിക്കായി, ശുദ്ധവിദ്യാങ്കുരാകാരദ്വിജപങ്ക്തിദ്വയോജ്ജ്വലാ എന്ന സുപ്രസിദ്ധ തിരുനാമധേയത്തോടുകൂടിയ ദേവിയുടെ കാരുണ്യത്തെത്തന്നെ വിശ്വസിച്ചുകൊണ്ടു, പാദാരവിന്ദങ്ങളുടെ ചുവന്ന ശോഭകളോടും തിരുനഖങ്ങളുടെ വെളുത്ത കാന്തികളോടും കൂടിയ തൃപ്പാദസന്നിധിയിൽ സാഷ്ടാംഗം നമസ്കരിച്ചു കിടക്കുന്നുവെന്നു താല്പൎയ്യം.

47

ദുഷ്ടവിരോധിത്വേന ശ്രീപാദത്തെ സ്തുതിക്കുന്നു.

മഞ്ജീരക്വണിതൈഃ ക്ഷിപന്നിവ മുഹുഃ
　　ശ്രീമന്നഖാംശുൽഗമൈഃ
ദൈത്യേന്ദ്രം പ്രഹസന്നിവാരുണരുചാ
　　രുഷ്യന്നിവാസ്മൈ ഭൃശം;
ധീരായാം ത്വയി നിൎവ്വികാരമനസി
　　ത്വല്പാദ ഏവ സ്ഫുടം
പുഷ്ണൻ വൈരിവികാരമേഷ മഹിഷ-
　　ധ്വംസീ പരിത്രായതാം.

സാരം:—അല്ലയോ ദേവി! ധൈര്യശാലിനിയായ നിന്തിരുവടി വൈരവികാരത്തോടു കൂടാത്ത മനസ്സോടു കൂടി മഹിഷന്റെ മുമ്പിൽ വസിക്കുന്ന സമയത്തു്, നൂപുരങ്ങളുടെ നിനാദങ്ങൾകൊണ്ടു (ശബ്ദങ്ങളെക്കൊണ്ടു) മഹിഷാസുരേന്ദ്രനെ, എടാ മഹിഷ, ദുഷ്ടനായ നിന്നെ ഞാൻ ഇപ്പോൾ സംഹരിക്കുന്നുണ്ടു എന്നിങ്ങിനെ തുടങ്ങിയ പരുഷ വചനങ്ങൾകൊണ്ടു വീണ്ടും വീണ്ടും ആക്ഷേപിക്കുന്നതുപോലെ സ്ഥിതമായിട്ടു, അതുപോലെ, ശോഭയോടു കൂടിയതുകളായ തിരുനഖങ്ങളുടെ യാതൊരു ധവളകാന്തികളുണ്ടോ അതുകളുടെ ഉല്ലാസങ്ങളെക്കൊണ്ടു അതിശയേന ഹസിക്കുന്നതുപോലെയും, അപ്രകാരം, തന്റെ രക്തകാന്തികൊണ്ടു മഹിഷന്റെ നേരെ ഏററവും കോപിക്കുന്നതുപോലെയും സ്ഥിതമായിട്ടു, തന്നാൽ തന്നെ സ്പഷ്ടമാകുംവണ്ണം ശത്രുക്കൾക്കു സംഭവിക്കാവുന്ന വികാരത്തെ സ്പഷ്ടമാക്കിച്ചെയ്തുകൊണ്ടു മഹിഷനെ മർദ്ദിച്ചതായ നിന്തിരുവടിയുടെ ഈ ശ്രീപാദം ഭക്തന്മാരായ ഞങ്ങളെ എല്ലാവിധ ആപത്തുകളിൽനിന്നും രക്ഷിക്കട്ടെ.

ദേവി അവിടുത്തെ ശ്രീപാദംകൊണ്ടു മഹിഷനെ ചവിട്ടി മർദ്ദിച്ച സന്ദർഭത്തെയാണു് ഇവിടെ വർണ്ണിച്ചിട്ടുള്ളതു്. ദുഷ്ടനായ മഹിഷനെ നേരിട്ടു മുന്നിൽ കാണുക, അവന്റെ ആക്ഷേപ വചനങ്ങൾ കേൾക്കുക ഇത്യാദികൾകൊണ്ടു അസഹ്യമായ വൈരവികാരങ്ങൾ ഉണ്ടാവാമെങ്കിലും, ഇവനെത്ര നിസ്സാരൻ; തൃണപ്രായൻ എന്ന ഭാവനയോടുകൂടി ദേവി യാതൊരു ക്രോധവികാരങ്ങളോടും കൂടാത്ത മനസ്സോടുകൂടി ശത്രുവായ മഹിഷന്റെ മുമ്പിൽ സ്ഥിതിചെയ്തപ്പോൾ, ദേവിയുടെ അപ്രകാരമി

രിക്കുന്ന മഹാധൈര്യത്തെ കവി പ്രശംസിക്കുന്നു. ദേവിയെ ധൈര്യശാലിനി (ധീരാ) എന്നു പറഞ്ഞതിന്റെ ഹേതുവും ഇതു തന്നെയാണു്. ദേവി ഇപ്രകാരം വസിക്കുന്നതുകണ്ടു സഹിക്കവയ്യാതെ തൃപ്പാദം മേൽ പറഞ്ഞവിധം നൂപുരശബ്ദാദികളെക്കൊണ്ടു അതിയായി ആക്ഷേപിക്കുക, കോപിക്കുക, പ്രഹസനംചെയ്യുക തുടങ്ങിയ വൈരിവികാരത്തെ പ്രത്യക്ഷമായി പ്രകാശിപ്പിക്കുകയാണൊ എന്നു തോന്നുംവണ്ണം ഭവിച്ചുകൊണ്ടു പെട്ടെന്നു മഹിഷനെ ചവിട്ടി അരച്ചു. അത്രയും ദുഷ്ടവിരോധിതം തൃപ്പാദത്തിന്നുണ്ടെന്നു താല്പര്യം.

48

ദുഷ്ടനിഗ്രഹസാമർത്ഥ്യത്തേയും സൌഭാഗ്യഗുണത്തേയും വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ക്ഷിപ്രം ദേവി! ശിരസ്സ്വദേന മഹിഷം
പിഷ്ട്വാ തതോധഃ പദം
ദിത്സന്ത്യാം ത്വയി കണ്ഠഭഞ്ജനഭിയാ
കണ്ഠീരവെ വിദ്രുതെ;
മേദിന്യാമപി ഭീതികമ്പിതതനൌ
പ്രേമത്വരാശാലിനാ
ശർവ്വേണൈവ നിജാങ്കസീമ്നി നിഹിതം
പാദദ്വയം തേ ജയേൽ.

സാരം:—അല്ലയോ ദേവി! നിന്തിരുവടി പാദത്തിന്റെ തലപ്പുകൊണ്ടു ക്ഷണത്തിൽ മഹിഷനെ പൊടിച്ചിട്ടു അനന്തരം ആ സ്വന്തം ശ്രീപാദത്തെ താഴെ ഏതെങ്കിലുമൊരിടത്തു നിധാനം ചെയ്യാനായിക്കൊണ്ടു ഇഛിക്കുന്നതായ സമയത്തിങ്കൽ, സ്വന്തം വാഹനമായ

സിംഹം ദേവിയുടെ പാദന്യാസംകൊണ്ടു കഴുത്തു മുറിഞ്ഞെങ്കിലൊ എന്നു ഭയപ്പെട്ടു ഓടിപ്പോയ സമയത്തിങ്കൽ, ഭൂമിയും, ദേവിയുടെ പാദന്യാസം നിമിത്തം പിളൎന്നുപോകുമൊ എന്ന ഭയത്താൽ ചലിത ഗാത്രിയായിരിക്കും സമയത്തിങ്കൽ, അനുരാഗം നിമിത്തം യാതൊരു സംഭ്രമമുണ്ടൊ അതുകൊണ്ടു ശോഭിച്ചുകൊണ്ടിരിക്കുന്ന ശിവനാൽതന്നെ, മററാരാൎക്കും പാദത്തെ താങ്ങുവാനുള്ള ശക്തിയില്ലായ്കയാൽ സ്വയമേവ തന്റെ ഉത്സംഗ പ്രദേശത്തു ലാളനപൂൎവ്വകം വെക്കപ്പെട്ടതായ നിന്തിരുവടിയുടെ രണ്ടു ശ്രീപാദങ്ങൾ സൎവ്വോൽക്കൎഷേണ വൎത്തിക്കണെ. (ദേവി, ശിരസ്പദംകൊണ്ടു—പദത്തിന്റെ ശിരസ്സുകൊണ്ടു—മഹിഷനെ പേഷണംചെയ്തു എന്നു പറഞ്ഞതുകൊണ്ടു, സൎവ്വദേവന്മാരുടെ ശിരസ്സുകളെ തന്റെ പാദങ്ങളിൽ നമിപ്പിച്ചവനായ മഹിഷനെ, ദേവി അവിടുത്തെ പാദത്തിന്റെ ശിരസ്സുകൊണ്ടു നശിപ്പിച്ചു എന്നൊരു ഫലിതാൎത്ഥം സ്ഫുരിക്കുന്നു. ഇതുകൊണ്ടു, പ്രവൃത്തിക്കനുരൂപമായ ഫലം അനുഭവിക്കുമെന്നതിനെ കാണിച്ചിരിക്കുന്നു).

49

പൂൎവ്വം ദേവി! പദാംബുജേന മഹിഷ-
　　പ്രദ്ധ്വംസനാഭ്യാസതഃ
പശ്ചാൽ കുത്സിത സുംഭദൈത്യവിജയോ-
　　പ്യേവം കൃതഃ കിം ത്വയാ;
നോ ചേൽ ഭാതി കഥം കുസുംഭവിജയീ
　　പാദാബ്ജദേശോയമി-
ത്യാലാപേ ഗിരിശസ്യ തദ്വിജയതേ
　　മന്ദസ്മിതം ദേവി! തേ.

സാരം:—അല്ലയോ ദേവി! (ഇതു് ശിവൻ ദേവിയെ സംബോധന ചെയ്യുന്നതാകുന്നു) ഭവതിയാൽ പണ്ടൊരു കാലത്തു പാദാരവിന്ദംകൊണ്ടു മഹിഷന്റെ യാതൊരു സംഹാരമുണ്ടായൊ അതിന്റെ പരിചയം ഹേതുവായി ട്ടു അനന്തരം കുത്സിതനായ (നിന്ദ്യനായ) സുംഭദൈത്യ ന്റെ വിജയവും പാദപത്മം കൊണ്ടുതന്നെ ചെയ്യപ്പെട്ടു വോ. എന്താണു ഭഗവാൻ ദേവിയോടു ഇങ്ങിനെ അരു ളിച്ചെയ്തതു് എന്നാണെങ്കിൽ അതിലേക്കു പറയുന്നു. ഇ പ്രകാരം അല്ല എങ്കിൽ, ഈ പാദാബ്ജദേശം (പാദമൂ ലപ്രദേശം) കുസുംഭവിജയിയായിട്ടു എങ്ങിനെ ശോഭിക്കു ന്നു, എന്നിങ്ങിനെ ശിവൻ നമ്മസംഭാഷണം ചെയ്ത സമ്മ മയത്തിങ്കൽ അല്ലയോ ദേവി! (ഇതു കവി ദേവിയെ സം ബോധന ചെയ്യുന്നതാകുന്നു) നിന്തിരുവടിയുടെ അതിമ നോഹരമായ മന്ദസ്മിതം സവ്വോൽക്കഷേണ വത്തിക്കുന്നു.

കുസുംഭവിജയി എന്നു പറഞ്ഞിട്ടുള്ളതു് ദ്വയാത്ഥ ത്തിലാകുന്നു. കുസുംഭശബ്ദത്തിന്നു, കുത്സിതനായ സുംഭൻ എന്നും ചപ്പങ്ങമെന്നും അത്ഥം. ചപ്പങ്ങത്തിന്റെ പുഷ്പം ചായത്തിന്നു ഏററവും പററിയതും പത്മത്തേക്കാൾ ഭം ഗിയുള്ളതും അഗ്നിവണ്ണവുമാണെന്നു പറയപ്പെടുന്നു. ദേ വിയുടെ തൃപ്പാദം നിന്ദിതനായ സുംഭാസുരനെ നിഗ്രഹി ച്ചിട്ടുള്ളതും ചപ്പങ്ങപുഷ്പത്തേക്കാൾ ഭംഗിയുള്ളതുമാണെ ന്നു താല്പര്യം. കഴിഞ്ഞ ശ്ലോകംകൊണ്ടു വണ്ണിച്ചപ്രകാര മുള്ള ഗുണങ്ങളെത്തന്നെയാണു ഈ ശ്ലോകം കൊണ്ടും വ ണ്ണിച്ചിട്ടുള്ളതു്.

50

ബിഭ്രാണേന മനോജ്ഞയാവകരസം
          മഞ്ജുധ്വനിം നൂപുര-
ശ്ലേഷാലംകൃതിശാലിനാ നഖമണീ-
          ജാതപ്രസാദശ്രിയാ;
ഏകേനൈവ പദേന ദേവി! മഹിഷ-
          ധ്വംസേ മഹീയസ്തരഃ
ശ്ലോകോയം രചിതസ്ത്വയേതി വിബുധാഃ
          സംശ്ലാഘനം കുർവ്വതേ.

ഏതു കവിശ്രേഷ്ഠന്മാരും വളരെ പദങ്ങൾകൊണ്ടാണു ചെറിയ വൃത്തത്തിലുള്ള ശ്ലോകം പോലും ഉണ്ടാക്കുന്നതു്. നിന്തിരുവടിയാകട്ടെ, മഹിഷനെ വധിച്ചസമയത്തിങ്കൽ അലങ്കാരം തുടങ്ങിയ എല്ലാ കാവ്യ ഗുണങ്ങളോട്ടും കൂടിയ ഒരു പദംകൊണ്ടു എത്രയോ വലുതായ ശ്ലോകം നിർമ്മിച്ചു എന്നിങ്ങിനെ ദ്വയാർത്ഥത്തോടുകൂടി അത്യത്ഭുതമാകുംവണ്ണം ദേവന്മാർ നിന്തിരുവടിയെ പുകഴ്ത്തുന്നു എന്നർത്ഥിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു. ശ്ലോകശബ്ദത്തിന്നു യശസ്സു എന്നും പദ്യമെന്നും, പദശബ്ദത്തിന്നു ചരണമെന്നും, വാക്കു എന്നും അർത്ഥം.

സാരം:—അല്ലയോ ദേവി! നിന്തിരുവടി മഹിഷനെ ഏകമായ പദം (ചരണം) കൊണ്ടു മർദ്ദിച്ചിട്ടു നശിപ്പിച്ച സമയത്തിങ്കൽ, മനോജ്ഞമായിരിക്കുന്ന ലാക്ഷാരസത്തേയും നൂപുരങ്ങളുടെ മധുരധ്വനിയേയും ഭരിക്കുന്നതായി, നൂപുരങ്ങളുടെ ബന്ധത്താൽ ആഭരണത്തോടുകൂടിയതായി, തിരുനഖങ്ങളാകുന്ന മുത്തുരത്നങ്ങളാൽ ജാതയായ പ്രസാദശ്രീയോടുകൂടിയതായി, ഇപ്രകാരമിരിക്കു

ന്ന ഏകമായ പദം (ചരണം) കൊണ്ടു നിന്തിരുവടിയാൽ ബ്രഹ്മാണ്ഡവ്യാപിയായ ശ്ലോകം (യശസ്സ്) നിൎമ്മിക്കപ്പെട്ടു, (ശ്ലോകശബ്ദത്തിനു പദ്യം എന്ന അൎത്ഥത്തിൽ, ശൃംഗാരാദിരസസ്വരൂപത്തേയും സഹൃദയന്മാരുടെ ഹൃദയങ്ങൾക്കു ആസ്വാദ്യമായ വ്യംഗ്യവിശേഷത്തേയും ഭരിക്കുന്നതായി, ശ്ലേഷാലങ്കാരത്തോടുകൂടിയതായി, പ്രസാദം എന്നുപേരായ കാവ്യഗുണത്തിന്റെ ശോഭയോടുകൂടിയതായി, ഇപ്രകാരമിരിക്കുന്ന ഒരു പദം (വാക്ക്) കൊണ്ടു നിന്തിരുവടിയാൽ എത്രയോ വലുതായ ശ്ലോകം (പദ്യം) നിൎമ്മിക്കപ്പെട്ടു) എന്നിങ്ങിനെ ദേവന്മാർ (വിദ്വാന്മാരെന്നും) വഴിപോലെ ശ്ലാഘിക്കുന്നു.

ദേവി അവിടുത്തെ ഒരേ ഒരു തൃപ്പാദംകൊണ്ടു ദുഷ്ടനായ മഹിഷനെ നിൎദ്ദയം മൎദ്ദിച്ചു സംഹരിച്ച സമയത്തിങ്കൽ, അവിടുത്തെ പുണ്യയശസ്സു ബ്രഹ്മാണ്ഡം മുഴുവൻ വ്യാപിച്ചുവെന്നിങ്ങിനെ, സൎവ്വ ദേവന്മാരും സജ്ജനങ്ങളും പുകഴ്ത്തുന്നുവെന്നു താല്പൎയ്യം.

51

ത്വം ശംഭോൎമ്മഹിഷീ ഭവസ്യഗസുതേ!
തേനോപഹാസായ തേ
ദൈത്യോയം മഹിഷീഭവന്നുപാഗതഃ
സോയം കഥം ക്ഷമ്യതെ;
ഇത്ഥം നൂപുരനിസ്വനൈരിവ വദൻ
പാദസ്ത്വദീയോ രുഷാ
ശസ്ത്രപ്രഗ്രഹണാൽ പുരൈവ മഹിഷം
പിഷ്ണൻ പരിത്രായതാം.

സാരം:—ദേവി ആയുധമെടുക്കാതെ ശ്രീപാദംകൊണ്ടുതന്നെ മഹിഷനെ വധിച്ചതിൻെറ ഹേതു ഇപ്രകാരമാണെന്നു തീരുമാനിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു. അല്ലയോ ശ്രീപാദപ്പതി! നിന്തിരുവടി ശിവൻെറ മഹിഷിയായി ഭവിക്കുന്നു. (ദേവിയെ "മഹാകാമേശമഹിഷി" എന്നിങ്ങിനെ ലളിതാസഹസ്രനാമസ്തോത്രത്തിലും പറയുന്നുണ്ടു. മഹിഷീശബ്ദത്തിന്നു 'കൃതാഭിഷേകാ ഭാര്യ്യാ' പട്ടമഹിഷി എന്നൎത്ഥമാകുന്നു. മഹിഷസ്ത്രീ എന്നും അൎത്ഥമുണ്ടു). അതു ഹേതുവായിട്ടു ഈ മഹിഷാസുരൻ നിന്തിരുവടിയെ പരിഹസിപ്പാനായിക്കൊണ്ടു മഹിഷത്തിൻെറ (കാട്ടുപോത്തിൻെറ) രൂപത്തെ ധരിച്ചിട്ടു, (മഹിഷീഭവൻ എന്നതിന്നു മഹിഷിയായി ഭവിച്ചിട്ടു എന്നും അൎത്ഥമുണ്ടു. കാട്ടെരുമ എന്നു താല്പൎയ്യം) യുദ്ധത്തിന്നായിക്കൊണ്ടു നിന്തിരുവടിയുടെ സമീപത്തെ പ്രാപിച്ചു. യാതൊരാളെ പരിഹസിക്കണമെന്നു വിചാരിക്കുന്നുവോ അയാളുടെ സ്വരൂപം ധരിക്കുക എന്നതു് ലോകപ്രസിദ്ധമാണല്ലോ. അതു ഹേതുവായിട്ടു അപ്രകാരമിരിക്കുന്ന മഹിഷനെ ഞാൻ എങ്ങിനെ സഹിക്കും. ക്ഷണത്തിൽ സംഹരിക്കണമെന്നു സാരം. ഇപ്രകാരം, കോപത്താൽ നൂപുരശബ്ദങ്ങളെക്കൊണ്ടു പറയുന്നതുപോലെ വസിച്ചിട്ടു, നിന്തിരുവടി ആയുധമെടുക്കുന്നതിന്നു മുമ്പുതന്നെ മഹിഷാസുരനെ ചവിട്ടി അരച്ചതായ, അല്ലയോ ദേവി! നിന്തിരുവടിയുടെ ശ്രീപാദം ഞങ്ങളെ എല്ലാ ആപത്തുകളിൽനിന്നും എപ്പോഴും കാത്തു രക്ഷിക്കട്ടെ. (ശസ്ത്രപ്രഗ്രഹണാൽ പുരൈവ എന്നു പറഞ്ഞതുകൊണ്ടു, യുദ്ധത്തിന്നായി ശത്രുവിൻെറ മുമ്പിൽ എഴുന്ന

ളളി നില്ക്കുന്ന നിന്തിരുവടി ആയുധം ധരിച്ചുകൊണ്ടാ ണെന്നിരിക്കിലും മഹിഷനെ വധിക്കണമെന്നു കരുതി അതിന്നുള്ള ആയുധമെടുക്കുന്നതിന്നു മുമ്പുതന്നെ, എന്നു് അർത്ഥം ഗ്രഹിക്കുന്നതു് യുക്തമെന്നു തോന്നുന്നു).

52

ദുഷ്ടനിഗ്രഹസാമർത്ഥ്യത്തേയും സൌഭാഗ്യഗുണത്തേയും വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ദേവ്യാ പങ്കശയോദ്യ കോപി മഹിഷ-
　　ച്ഛത്മാ മഹാൻ കണ്ടകഃ
പാദേനാഹത ഇത്യമുഗ്ദ്ധഹസിതം
　　സഖ്യാ സമാവേദിതേ;
സദ്യഃ കണ്ടകശാലിനാ കരതലേ-
　　നാസാദ്യ പാദാംബുജം
ഗൃഹ്ണന്നാർത്തിവിനോദനായ ഗിരിശോ
　　ജീയാൽ പ്രിയസ്തേ ശിവേ!

സാരം:—ദേവി, പാപത്തിൽ ശയിക്കുന്നവനായ മഹിഷൻ എന്ന വ്യാജത്തോടുകൂടിയ വളരെ വലുതായ ഒരു ക്രൂരശത്രുവിനെ ഇപ്പോൾ പാദംകൊണ്ടു ഊക്കോടെ ചവിട്ടി. (ദേവി, ചേററിൽ കിടക്കുന്ന മഹിഷൻ എന്ന വ്യാജത്തോടുകൂടിയ വലുതായ ഒരു മുള്ളു് ഇപ്പോൾ പാദംകൊണ്ടു ചവിട്ടി എന്നും ഇവിടെ അർത്ഥമുണ്ടു), ഇ പ്രകാരം പ്രിയസഖി അല്പം മന്ദഹാസത്തോടുകൂടുംവണ്ണം ദ്വയാർത്ഥത്തിൽ, ശിവനോടു ഉണർത്തിച്ച സമയത്തിങ്കൽ അല്ലയോ ശ്രീപാർവ്വതി! നിന്തിരുവടിയുടെ പ്രിയതമനായ ശിവൻ തൽക്ഷണത്തിൽ തന്നെ തൃപ്പാദസന്നിധി

യെ പ്രാപിച്ചിട്ടു, വലിയ ക്രൂരശത്രുവിനെ താഡിച്ചതു കൊണ്ടുണ്ടായ വേദന തീൎക്കവാനായി, (മുള്ളുതറച്ചതുകൊണ്ടുണ്ടായ വേദനതീൎക്കവാനായിട്ടു എന്നും) രോമാഞ്ച ത്തോടുകൂടിയ (മുള്ളെടുക്കവാനായി വേറെ ഒരു മുള്ളോടു കൂടിയ എന്നും) ഹസ്തതലംകൊണ്ടു പാദാരവിന്ദത്തെ സുഖമായി തലോടുവാനും മുള്ളെടുക്കവാനുമായി ഗ്രഹിച്ച് മടിയിൽ വെക്കുന്നവനായി ഭവിച്ചുകൊണ്ടു ഉൽക്കൎഷേണ വൎത്തിക്കട്ടെ.

പങ്കത്തിൽ ശയിക്കുക എന്നതു് മഹിഷത്തിൻെറ സ്വഭാവമാകുന്നു. പങ്കശബ്ദത്തിന്നു ചളിയെന്നും പാപമെന്നും അൎത്ഥം. കണ്ടകശബ്ദത്തിന്നു, ക്ഷുദ്രശത്രു എന്നും മുള്ളു് എന്നും രോമാഞ്ചമെന്നും അൎത്ഥം.

53

ത്വല്പാദാംഗുലിപല്ലവൈരഗസുതേ!
ദേവി! സ്വയം പഞ്ചഭിഃ
പഞ്ചത്വം ഗമിതൊ മഹാസുര ഇതി
സ്വാത്മാനുരൂപം കൃതം;
ഏതൈരേവ നതോ ജനസ്ത്രിദശതാം
നീതോ മഹേശഃ പുന-
ൎല്ലക്ഷത്വം ഗമിതഃ പ്രസൂനധനുഷോ
വിസ്മാപനം തദ്ദ്വയം.

സാരം:—അല്ലയോ ശ്രീപാൎവ്വതി! കല്പലതയുടെ പുതിയ തളിരുകൾപോലെയിരിക്കുന്ന നിന്തിരുവടിയുടെ അഞ്ചു തിരുവിരലുകളാൽ തന്നാൽതന്നെ മഹിഷാസുരൻ പഞ്ചത്വത്തെ ഗമിപ്പിക്കപ്പെട്ടു. (പഞ്ചത്വം എന്നതിന്നു, ശരീരത്തിലുള്ള പഞ്ചഭൂതങ്ങളുടെ അംശങ്ങൾ അ

താതിൻെറ കാരണങ്ങളായ പൃഥിവ്യാദികളിൽ ചേൎന്നു ലയിക്കുക എന്നൎത്ഥമാകുന്നു. മരണമെന്നു താല്പൎയ്യം. അഞ്ചെന്ന സംഖ്യയായി ഭവിക്കുക എന്നും അൎത്ഥം). ഇതു തൻെറ സ്വരൂപത്തിൻെറ അഞ്ചു് എന്നുള്ള സംഖ്യയുടെ സ്വഭാവത്തിന്നു സദൃശമാകുംവണ്ണം ചെയ്യപ്പെട്ടു. അഞ്ചു തിരുവിരലുകൾകൊണ്ടു അഞ്ചായി ഭവിച്ചു എന്നുള്ളതു് യുക്തമെന്നു താല്പൎയ്യം. അതിൽ അധികമായ സംഖ്യയെച്ചെയ്യുക എന്നതാകട്ടെ ആശ്ചൎയ്യമെന്നു പറയുന്നു ഉത്തരാൎദ്ധംകൊണ്ടു. നിന്തിരുവടിയുടെ അഞ്ചു അംഗുലിപല്ലവങ്ങൾകൊണ്ടുതന്നെ, തൃപ്പാദനമസ്കാരത്തെ ചെയ്യുന്ന ജനം ത്രിദശതയെ പ്രാപിപ്പിക്കപ്പെട്ടു. (ത്രിദശത എന്നതിന്നു, ദേവത്വം എന്നും, 30 എന്ന സംഖ്യയായി ഭവിക്കുക എന്നും അൎത്ഥം). അതുപോലെ ശിവനാകട്ടെ, കാമൻെറ ലക്ഷ്യത്വത്തെ ഗമിതനായി. (ലക്ഷത്വം എന്നതിന്നു, കാമൻെറ ശരപ്രയോഗത്തിന്നു ലക്ഷ്യമായി ഭവിക്കുക എന്നുള്ളതു് എന്നും, ലക്ഷം എന്ന സംഖ്യയായി ഭവിക്കുക എന്നുള്ളതു് എന്നും അൎത്ഥം). അഞ്ചുകൊണ്ടു ത്രിദശത്വകരണവും ലക്ഷത്വകരണവുമാകുന്ന ആ രണ്ടു, അത്ഭുതജനകമാകുന്നു.

ദേവി തൃപ്പാദപത്മംകൊണ്ടു മഹാദുഷ്ടനായ മഹിഷാസുരനെ സംഹരിച്ചു. തൃപ്പാദത്തെ ശരണം പ്രാപിച്ചു നമസ്കരിക്കുന്ന ജനങ്ങൾ ദേവിയുടെ അനുഗ്രഹത്താൽ മരണധൎമ്മത്തിൽനിന്നു മോചിച്ചു് ദേവന്മാരായി ഭവിക്കുന്നു. അവർ സ്വൎഗ്ഗസുഖാദികൾ അനുഭവിക്കുന്നുവെന്നു താല്പൎയ്യം. സതീദേവി ദക്ഷൻെറ യാഗശാലയിൽവെച്ചു്, ദേഹമാകുന്ന ഹവിസ്സിനെ യോഗാഗ്നിയിൽ

വിധിയാംവണ്ണം ഹോമിച്ചതിന്നുശേഷം സന്യാസവൃത്തിയെ സ്വീകരിച്ച കാമശത്രുവായ പരമേശ്വരൻ (ശ്രീദക്ഷിണാമൂർത്തി) ദേവിയുടെ തൃപ്പാദസൌന്ദര്യത്തെക്കണ്ടു അനംഗപരവശനായി ഭവിച്ചു. അത്ഥാൽ, ദേവിയെ പാണിഗ്രഹണം ചെയ്തു, എന്നീ ചരിത്രങ്ങളെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്. ദുഷ്ടനിഗ്രഹസാമർത്ഥ്യത്തേയും ഭക്താഭീഷ്ടപ്രദത്വത്തേയും ഭർത്തൃമോഹനത്വത്തേയും വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുകയാണു ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളതു്.

54

ഗമനഭംഗിയേയും തിരുനഖശോഭയേയും ദുഷ്ടനിഗ്രഹ സാമർത്ഥ്യത്തേയും വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ബ്രാഹ്മം മാഘവനഞ്ച വാഹനമഹോ
മന്ദൈർഗ്ഗതൈർന്നിന്ദിതം
ധാവള്യേന നഖത്വിഷാ വിഹസിതോ
വാഹോപി മാഹേശ്വരഃ;
ഇത്ഥം വാഹനവൈരിതാം ഭജതി തേ
പാദസ്തതോ മന്മഹേ
കാത്യായന്യമുനാ നൃഘ്നാനി മഹിഷഃ
കാന്താന്തവാഹഭ്രമാൽ.

സാരം:—ബ്രഹ്മാവിൻെറ വാഹനമായ രാജഹംസവും ഇന്ദ്രൻെറ വാഹനമായ ഐരാവതവും തൃപ്പാദംകൊണ്ടുള്ള മന്ദഗമനങ്ങളാൽതന്നെ നിന്ദിക്കപ്പെട്ടു. മന്ദഗമനങ്ങൾ അവരെ നിന്ദിച്ചുവെന്നു താല്പര്യം. അതുപോലെ ശിവൻെറ വാഹനമായ വൃഷഭവും, തൃപ്പാദങ്ങളുടെ തിരു

നഖശോഭയാൽ തൻെറ വെളുപ്പുകൊണ്ടു പരിഹസിക്കപ്പെട്ടു. (തിരുനഖങ്ങളുടെ വെളുത്ത ശോഭ വൃഷഭത്തിൻെറ വർണ്ണത്തേക്കാൾ ശ്രേഷ്ഠമായിട്ടുള്ളതാണെന്നു സാരം). ആശ്ചര്യം, ഇപ്രകാരം അല്ലയോ ശ്രീപാർവ്വതി! നിന്തിരുവടിയുടെ ശ്രീപാദം ദേവന്മാരുടെ വാഹനങ്ങളുടെ മാത്രം ശത്രുതയെ പ്രാപിക്കുന്നു. അതു ഹേതുവായിട്ടു മഹിഷൻ (മഹിഷരൂപത്തെ ധരിച്ച അസുരൻ) അന്തകൻെറ വാഹനമായ മഹിഷമാണെന്നുള്ള ഭ്രമത്താൽ തൃപ്പാദംകൊണ്ടു വധിക്കപ്പെട്ടു എന്നു ഞങ്ങൾ വിചാരിക്കുന്നു.

നടത്തത്തിൻെറ ഭംഗിയെ വർണ്ണിക്കുന്നേടത്തു ആനയേയും അരയന്നത്തേയുമാണ് കവികൾ ഉദാഹരിക്കാറുള്ളത്. ആനകളിൽവെച്ച ഇന്ദ്രൻെറ വാഹനമായ ഐരാവതവും, അരയന്നങ്ങളിൽവെച്ച് ബ്രഹ്മാവിൻെറ വാഹനമായ രാജഹംസവും ശ്രേഷ്ഠന്മാരാകുന്നു. ദേവിയുടെ മന്ദഗമനങ്ങൾ അവരെ നിന്ദിച്ചു എന്നു പറഞ്ഞതുകൊണ്ടു, ഗമനഭംഗിയെ ഉദാഹരിക്കാൻ മറെറാരു വസ്തുവില്ലെന്നു സ്മരിക്കുന്നു. അപ്രകാരമാണെങ്കിലും 'മത്തഹംസവധൂമന്ദഗമനാ' എന്ന തിരുനാമത്തെ സ്മരിക്കുന്നതു് അനുചിതമാകയില്ലെന്നു വിശ്വസിക്കുന്നു.

55

സീമന്തപ്രകരെ സുരേന്ദ്രസുദൃശാം
സിന്ദൂരരേഖാത്മനാ
മാണിക്യദ്യുതിസംജ്ഞയൈവ മകുടീ-
കോടീഷു ദൈത്യദ്രുഹാം;
ശംഭോർമ്മൂർദ്ധ്നി ജടാഘടാരുണരുചി-
വ്യാജേന പാദപ്രഭൈ-
വൈകാ തേ പരിണാമമേതി കരുണാ-
മൂർത്തേ! ഗിരീന്ദ്രാത്മജേ!.

സാരം:— അല്ലയോ കരുണാമൂർത്തിയായുള്ളോവെ! ശ്രീപാർവ്വതി! നിന്തിരുവടിയുടെ ശ്രീപാദങ്ങളിലെ രക്തകാന്തി ഒന്നുതന്നെ ദേവേന്ദ്രസുന്ദരിമാരായ ഉർവ്വശിതുടങ്ങിയ ദേവസ്ത്രീകളുടെ സീമന്തസമൂഹത്തിൽ സിന്ദൂരരേഖാസ്വരൂപേണ രൂപാന്തരത്തെ പ്രാപിക്കുന്നു. (ദേവസ്ത്രീകൾ തലമുടി കെട്ടിവെക്കുമ്പോൾ അവരുടെ ശിരസ്സിൻെറ നടുവിൽ കാണപ്പെടുന്ന സീമന്തരേഖയിൽ അലങ്കാരാൎത്ഥമായി സിന്ദൂരം ധരിക്കുക പതിവുണ്ടു. ദേവിയുടെ ശ്രീപാദങ്ങളിൽ നമസ്കരിക്കുമ്പോൾ അവരുടെ ശിരസ്സുകളിൽ സിന്ദൂരരേഖാസ്വരൂപേണ കാണപ്പെടുന്നതു് തൃപ്പാദങ്ങളുടെ ചുവന്ന കാന്തിയാണെന്നു താല്പര്യം). അതുപോലെ, ദേവന്മാരുടെ കിരീടാഗ്രങ്ങളിൽ മാണിക്യരത്നത്തിൻെറ ശോഭ എന്നുള്ള പേരോടുകൂടിത്തന്നെ (അതേ സ്വരൂപത്തിൽ) രൂപാന്തരത്തെ പ്രാപിക്കുന്നു. (ദേവന്മാരുടെ കിരീടാഗ്രങ്ങൾ മാണിക്യം പത്മരാഗം തുടങ്ങിയ രത്നങ്ങളുടെ ചുവന്ന കാന്തികൾകൊണ്ടു പ്രശോഭിതമായിരിക്കും. അവർ ദേവിയുടെ ശ്രീപാദങ്ങളിൽ നമസ്കരിക്കുമ്പോൾ കിരീടാഗ്രങ്ങളിൽ കാണപ്പെടുന്ന രക്തവർണ്ണം തൃപ്പാദങ്ങളുടെ അരുണകാന്തിയാണെന്നു താല്പര്യം). അതുപോലെ, ശിവൻെറ ശിരസ്സിൽ ജടാസമൂഹത്തിൻെറ അരുണകാന്തി എന്ന വ്യാജേന രൂപാന്തരത്തെ പ്രാപിക്കുന്നു. (ഭഗവാൻ ദേവിയുടെ ഈൎഷ്യാകൃതമായ കോപത്തെ ശമിപ്പിക്കാനായി നമസ്കരിക്കുമ്പോൾ ഭഗവാൻെറ ജടാഭാരത്തിൽ കാണപ്പെടുന്ന അരുണവർണ്ണം ദേവിയുടെ പാദാരവിന്ദശോഭയാകുന്നു. അല്ലാതെ, ജടാഭാരത്തിൻെറ അരുണകാന്തിയല്ല എന്നു താല്പര്യം).

ദേവസ്ത്രീസമേതന്മാരായ ദേവന്മാർ 'അവ്യാജകരുണാമൂർത്തി'യായ ദേവിയെ നമസ്കരിക്കുമ്പോൾ, അവരുടെ ശിരസ്സുകളിൽ ദേവിയുടെ ശ്രീപാദപത്മങ്ങളുടെ ശോഭ വ്യാപിക്കുന്നതിനെ കവി ഈ മട്ടിൽ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ദേവന്മാർ വന്ദിക്കുന്നു എന്നുള്ള അവസ്ഥയേയും സൌഭാഗ്യഗുണത്തേയും വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുകയാണു ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളതു്.

56

നോ കേശഃ പരമാശ്രയസ്സുമനസാം
പാദാബ്ജരേണുശ്ച തേ
നോ മന്ദാരസിതാ പരം സ്മിതരുചി
ർമ്മഞ്ജീരയോശ്ച ദ്വയീ;
നോ ബാഹുഃ കലഹംസമേത്യ ജയതി
ത്വദ്യാനലീലാപ്യസൌ
നോ ശുംഭത്തരളാക്ഷമാനനമിദം
പാദാംബുജഞ്ചാംബികെ!.

സാരം:—അല്ലയോ ദേവി! നിന്തിരുവടിയുടെ തിരുമുടി കേവലം സുമനസ്സുകൾക്കു (പുഷ്പങ്ങൾക്കു) ആധാരമായി ഭവിക്കുന്നില്ല. 'ചമ്പകാശോകപുന്നാഗസൌഗന്ധികലസൽകചാ' എന്ന തിരുനാമംകൊണ്ടും മററും കേശം സുമനസ്സുകൾക്കു ആശ്രയമായി ഭവിക്കുന്നുവെന്നു പ്രസിദ്ധമാണെങ്കിലും, പറയാൻ പോകുന്ന മററൊരു വസ്തുകൂടി സുമനസ്സുകൾക്കു ആശ്രയമായി ഭവിക്കുന്നതുകൊണ്ടാണു അതുകൾക്കു പരമാശ്രയത്വമില്ല എന്നു പറഞ്ഞതു്. പിന്നെ എന്താണു ആശ്രയമായി ഭവിക്കുന്നതു് എ

ന്നാണെങ്കിൽ, പാദാരവിന്ദത്തിലെ പൊടിയും സുമന സ്സുകൾക്കു (ദേവന്മാക്കു) ആശ്രയമായി ഭവിക്കുന്നു. ഇതു പോലെ, നിന്തിരുവടിയുടെ മന്ദഹാസകാന്തി കേവലം മന്ദാരസിതയായി (മന്ദാരപുഷ്പംപോലെ ധവളമായി) ഭ വിക്കുന്നില്ല. പിന്നയോ, രണ്ടു നൂപുരങ്ങളും മന്ദാരസി തങ്ങളായി (തീക്ഷ്ണമല്ലാത്ത ആരാവത്തോടുകൂടിയതുകളാ യി) ഭവിക്കുന്നു. അപ്രകാരം, നിന്തിരുവടിയുടെ തൃക്കയ്യ് കേവലം കലഹത്തെ സംപ്രാപിച്ചിട്ടു (അസുരാദിക ളോടുകൂടെ യുദ്ധത്തെ പ്രാപിച്ചിട്ടു) ജയിക്കുന്നില്ല. പി ന്നെയൊ, നിന്തിരുവടിയുടെ ഈ ഗതിവിലാസവും കള ഹംസത്തെ പ്രാപിച്ചു ജയിക്കുന്നു. (ലളയോരഭേദം കല്പി ച്ചിട്ടാണു ഇങ്ങിനെ അത്ഥം സിദ്ധിക്കുന്നതു്). ഇതുപോ ലെ, നിന്തിരുവടിയുടെ ഈ തിരുമുഖം കേവലം ശുംഭ ത്തരളാക്ഷമായി (ശോഭിച്ചു കൊണ്ടിരിക്കുന്നതുകളും ച ഞ്ചലങ്ങളുമായ നേത്രങ്ങളോടുകൂടിയതായി) ഭവിക്കുന്നി ല്ല. പിന്നെയൊ, നിന്തിരുവടിയുടെ പാദാരവിന്ദവും ശുംഭത്തരലാക്ഷമായി (ഏററവും ശോഭിച്ചുകൊണ്ടിരി ക്കുന്ന ലാക്ഷാരസത്തോടുകൂടിയതായി) ഭവിക്കുന്നു. ഇവി ടേയും ലളയോരഭേദം കല്പിച്ചിരിക്കുന്നു.

ഈ പദ്യംകൊണ്ടു, കേശം പാദപത്മരേണു എന്നി തുകൾക്കും, സ്മിതശോഭ, രണ്ടു മഞ്ജീരങ്ങൾ ഇതുകൾക്കും, തൃക്കയ്യു, യാനലീല ഇതുകൾക്കും, തിരുമുഖം പാദാംബു ജം ഇതുകൾക്കും ശബ്ദമാത്രംകൊണ്ടു സമാനധമ്മത്തെ വണ്ണിച്ചിരിക്കുന്നു. ദേവവന്ദ്യത്വത്തേയും സൌന്ദയ്യാദി ഗുണങ്ങളേയും വണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കു കയാണു ഇവിടെ ചെയ്തിട്ടുള്ളതു്.

57

ദിഗ്ഗജവന്ദ്യത്വത്തേയും രാഗഗുണത്തേയും വൎണ്ണിച്ചു കൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

നാഥേ! താവകവാഹസിംഹചകിതാ
 സ്ത്വല്പാദമൂലെ നതാ
നൂനം ബഭ്രമുരഭ്രമുപ്രിയമുഖാ
 ദിക്കുംഭിവീരാശ്ചിരം,
നോ ചേദേഷ കഥം തദുന്നതശിര-
 സ്സിന്ദൂരസന്ദോഹജോ
രാഗസ്തേ ചരണാംബുജേ പരിണമ-
 ന്നദ്യാപി വിദ്യോതതെ.

സാരം:—അല്ലയോ സ്വാമിനി! ഐരാവതം തുടങ്ങിയ ദിഗ്ഗജ ശ്രേഷ്ഠന്മാർ ജാത്യാ ശത്രുതയുള്ള നിന്തിരുവടിയുടെ വാഹനമായ സിംഹത്തിൽനിന്നു ഭയപ്പെട്ടവരായിട്ടു, ഭയനിവൃത്തിക്കായി നിന്തിരുവടിയുടെ ശ്രീപാദമൂലങ്ങളിൽ നമസ്കരിച്ചുകൊണ്ടു വളരെ നേരം കിടന്നുരുണ്ടു നിശ്ചയം. ഇപ്രകാരം അല്ല എങ്കിൽ, ദൃശ്യമാനമായ ഐരാവതം തുടങ്ങിയ ദിഗ്ഗജങ്ങളുടെ ഉന്നതങ്ങളായ ശിരസ്സുകളിൽ അലങ്കാരാൎത്ഥം ലേപനം ചെയ്യപ്പെട്ടതുകളായ സിന്ദൂരസമൂഹങ്ങളിൽ നിന്നു ഭവിച്ചതായ രക്തിമാവു, നിന്തിരുവടിയുടെ പാദാംബുജത്തിൽ എങ്ങിനെ തൃപ്പാദരാഗരൂപതയെ പ്രാപിച്ചുകൊണ്ടു ഇപ്പോഴും ശോഭിക്കുന്നു.

ദേവിയുടെ ശ്രീപാദങ്ങളിൽ ദിഗ്ഗജങ്ങളുടെ ഉന്നതശിരസ്സുകളിൽ അലങ്കാരാൎത്ഥം ലേപനം ചെയ്യപ്പെട്ടതുകളായ സിന്ദൂരസമൂഹത്തിൽനിന്നുണ്ടായതായ രാഗം ഇ

പ്പോഴും ശോഭിച്ചു കാണുന്നതുകൊണ്ടു, ദിഗ്ഗജങ്ങൾ ദേവിയുടെ ശ്രീപാദങ്ങളിൽ ശിരസ്സു മുട്ടിച്ചുകൊണ്ടു വളരെകാലം വീണരുണ്ടിട്ടുണ്ടെന്നു നിശ്ചയിക്കാമെന്നു താല്പൎയ്യം. അതിന്നുള്ള ഹേതു മുമ്പെ പറഞ്ഞുവല്ലൊ. ദേവിയുടെ ശ്രീപാദങ്ങളിലെ സ്വാഭാവികമായ രാഗവിശേഷത്തെ, കവി ഇപ്രകാരം ഉൽപ്രേക്ഷാരീതിയിൽ വൎണ്ണിച്ചിരിക്കുന്നു. കിഴക്കു തുടങ്ങിയ എട്ടുദിക്കുകളുടെ പരിരക്ഷക്കായി ഇന്ദ്രൻ തുടങ്ങിയ ഓരോ അധിപന്മാരേയും, ഐരാവതം തുടങ്ങിയ ദിഗ്ഗജങ്ങളേയും, അഭ്രമുതുടങ്ങിയ അവരുടെ കരിണികളേയും, സൂൎയ്യൻ തുടങ്ങിയ ഗ്രഹങ്ങളേയും, നിയമിക്കപ്പെട്ടിട്ടുണ്ടു. അധികവിവരം അറിയേണ്ടവർ അമരം ദിഗ്വൎഗ്ഗം നോക്കി ഗ്രഹിച്ചുകൊൾക.

58

തല്പാദോയമജാശ്രിതശ്ച രുചിര-
സ്സ്വൎശാന്വിതോ യോഗിനാ-
മന്തസ്ഥാകൃതിരൂഷ്മഭാക് ച മഹിഷ-
പ്രദ്ധ്വംസനപ്രക്രമെ;
ഏവം ഖല്വഖിലാക്ഷരാത്മകമമും
ശൈലേന്ദ്രകന്യേ! കഥം
ഭാഷന്തേ നതവൎഗ്ഗബന്ധുമപവ-
ൎഗ്ഗാലംബനം വാ ജനാഃ.

സാരം:—അല്ലയോ ഹിമവൽ പുത്രിയായുള്ളോവെ! നിന്തിരുവടിയുടെ ഈ ശ്രീപാദം അജനാൽ (ബ്രഹ്മാവിനാൽ) ആശ്രയിക്കപ്പെട്ടതാകുന്നു. (അകാരം മുതൽ ഔകാരം വരെയുള്ള അക്ഷരങ്ങളോടു കൂടിയതുമാകുന്നു).

അതുപോലെ, മനോഹരമായ സ്വശ്ശ്രേണത്തോടു കൂടിയതു മാകുന്നു. (സുന്ദരമായ കവൎഗ്ഗം മുതൽ പവൎഗ്ഗംവരെയുള്ള അക്ഷരങ്ങളോടുകൂടിയതുമാകുന്നു). യമം നിയമം തുടങ്ങിയ അഷ്ടാംഗയോഗത്തോടു കൂടിയവരായ മുനിമാരുടെ അന്തഃകരണത്തിൽ (ഹൃദയകമലകർണ്ണികാമദ്ധ്യത്തിൽ) സ്ഥിതിചെയ്യുന്ന ആകൃതിയോടു കൂടിയതാകുന്നു. (യ ര ല വ എന്നീ അക്ഷരസ്വരൂപവുമാകുന്നു). മഹിഷാസുരന്റെ വധത്തിന്റെ ആരംഭത്തിൽ ഊഷ്മാവു (ഉഷ്ണം)പോലെ കത്തിനീറുന്നതായ പ്രതാപത്തെ ഭജിക്കുന്നതുമാകുന്നു. (ശ ഷ സ ഹ എന്നീ അക്ഷരങ്ങളെ ഭജിക്കുന്നതുമാകുന്നു). ഇപ്രകാരം ഒട്ടൊഴിയാതെയുള്ള അകാരം തുടങ്ങിയ അക്ഷരസ്വരൂപമായി, (നാശഹേതുക്കളായ സൎവ്വങ്ങളാലും അനശ്വരമായ സ്വരൂപത്തോടു കൂടിയതുമായി) തന്നെയിരിക്കുന്ന നിന്തിരുവടിയുടെ ശ്രീപാദത്തെ ജനങ്ങൾ, നതവൎഗ്ഗബന്ധുവായൊ (തവൎഗ്ഗബന്ധുവല്ലാത്തതു് എന്നു സാരം), അപവൎഗ്ഗാലംബനമായൊ (പവൎഗ്ഗാലംബനമല്ലാത്തതു് എന്നു സാരം), എങ്ങിനെയാണു പറയുന്നതു്.

അഖിലാക്ഷരസ്വരൂപമായ ദേവിയുടെ ശ്രീപാദത്തെ, നതവൎഗ്ഗബന്ധു ('ത ഥ ദ ധ ന' എന്നീ 5 അക്ഷരസ്വരൂപങ്ങളോടു കൂടാത്തതു്) എന്നും, അപവൎഗ്ഗാലംബനം ('പ ഫ ബ ഭ മ' എന്നീ 5 അക്ഷരസ്വരൂപങ്ങളോടു കൂടാത്തതു്) എന്നും, ജനങ്ങൾ എങ്ങിനെയാണു് പറയുന്നതെന്നറിയുന്നില്ല എന്നു താല്പൎയ്യം. ഈ വിരോധത്തെ പരിഹരിക്കുന്നതു് എങ്ങിനെയെന്നാൽ, നതവൎഗ്ഗബന്ധു എന്നതിന്നു, പ്രണതജനസമൂഹത്തിന്റെ

സുഹൃത്ത് എന്നും, അപവർഗ്ഗാലംബനം എന്നതിന്നു, മുക്തിയെ പ്രദാനം ചെയ്യുന്നതു് എന്നും അർത്ഥം. അഖിലാക്ഷരാത്മകമായ (‘നൈനം ഛിന്ദന്തിശസ്ത്രാണി’ എന്നുതുടങ്ങിയ ഗീതാശ്ലോകംകൊണ്ടു പറഞ്ഞിട്ടുള്ളതുപോലെ, ഒന്നുകൊണ്ടും ഒരിക്കലും നശിക്കാത്ത സ്വരൂപമായ) ശ്രീപാദം ഭക്തജനങ്ങൾക്കു ഏകബന്ധുവായിട്ടുള്ളതും, ജനനമരണസ്വരൂപമായ സംസാരബന്ധത്തിൽനിന്നു നിവൃത്തിസ്വരൂപമാകുന്ന മുക്തിയെ ദാനം ചെയ്യുന്നതുമാണെന്നു താല്പര്യം. ബ്രഹ്മവന്ദ്യത്വം മാര്ദ്ദവഗുണം മോക്ഷദാതൃത്വം ഇങ്ങിനെ തുടങ്ങിയ ഗുണങ്ങളെ വർണ്ണിച്ചുകൊണ്ടു തൃപ്പാദത്തെ സ്തുതിക്കുകയാണു ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളതു്.

അകാരം മുതൽ ഔകാരം വരെയുള്ള അക്ഷരങ്ങളെ അച്ചുകൾ (സ്വരാക്ഷരങ്ങൾ) എന്നും, ക തുടങ്ങി മ വരെയുള്ള അക്ഷരങ്ങളെ ഹല്ലുകളിൽ സ്പർശങ്ങളെന്നും, യ ര ല വ എന്നീ അക്ഷരങ്ങളെ അന്തസ്ഥങ്ങൾ എന്നും, ശ ഷ സ ഹ എന്നീ അക്ഷരങ്ങളെ ഊഷ്മാക്കളെന്നും ശാസ്ത്രകാരന്മാർ പറഞ്ഞു വരുന്നു. സ്വരാക്ഷരങ്ങൾ 14, സ്പർശങ്ങൾ 25, അന്തസ്ഥങ്ങൾ 4, ഊഷ്മാക്കൾ 4 കൂടി 47 അക്ഷരങ്ങളും, അനുസ്വാരവും വിസർഗ്ഗവും ള ക്ഷ എന്നീ രണ്ടു അക്ഷരങ്ങളുംകൂടി 51 അക്ഷരങ്ങളാകുന്നു. ള എന്ന അക്ഷരം ല കാരവും, ക്ഷ എന്നതു് ക ഷ എന്നീ അക്ഷരങ്ങൾ കൂടിയതുമാകുന്നു. അം അഃ എന്നു ഉച്ചരിച്ചു വരുന്നതിനെയാണു് അനുസ്വാരവും, വിസർഗ്ഗവുമെന്നു പറയുന്നതു്. (അനുസ്വാരചിഹ്നം ം. വിസർഗ്ഗചിഹ്നം ഃ.)

59

ദേവിയുടെ ശ്രീപാദത്തെ ഹിമാദ്രിയുടെ പാദത്തോടു സാദൃശ്യപ്പെടുത്തി വർണ്ണിച്ചു സ്തുതിക്കുന്നു.

ഉന്മീലന്നഖമണ്ഡലീഹിമകണഃ
　　ശോണപ്രഭാഗൈരികം
ബിഭ്രാണഃ പരിശോഭമാനകടകോ
　　ഭൂയോവനൈകാശ്രയഃ;
ഗായത്സിദ്ധവധൂനിഷേവിതതലഃ
　　പാദസ്ത്വദീയശ്ശിവേ!
രാജത്യേഷ ഹിമാദ്രിപാദവദിദം
　　യുക്തം ഹിമാദ്രേസ്സുതേ!.

സാരം:—അല്ലയോ ഹിമവൽ പുത്രിയായുള്ളോവെ! ശ്രീപാർവ്വതി! നിന്തിരുവടിയുടെ ഈ പാദം ഹിമാദ്രിയുടെ പാദംപോലെ ശോഭിക്കുന്നു. എന്തെല്ലാം സാദൃശ്യങ്ങൾകൊണ്ടാണ് അങ്ങിനെ ശോഭിക്കുന്നതു് എന്നാണെങ്കിൽ വിശേഷണങ്ങൾകൊണ്ടു കാണിക്കുന്നു. തിരുവിരലുകളുടെ അഗ്രങ്ങളിൽ കൂടെ ഭംഗിയിൽ പുറമേക്കു പുറപ്പെടുന്നതുകളായ തിരുനഖങ്ങളുടെ യാതൊരു സമൂഹമൊ അതാകുന്ന മഞ്ഞിൻതുള്ളികളോടു കൂടിയതായി, തൃപ്പാദമൂലത്തിൻെറ സ്വാഭാവികയായ രക്തകാന്തിയാകുന്ന ധാതുവിശേഷത്തെ ധരിക്കുന്നതായി, പരിശോഭിച്ചുകൊണ്ടിരിക്കുന്ന കടകത്തോടുകൂടിയതായി, അസംഖ്യം ജനങ്ങളുടെ രക്ഷണവിഷയത്തിൽ മുഖ്യാശ്രയമായി, (അദ്രിയുടെ വിശേഷണത്തിൽ, അനേകം വനങ്ങൾക്കു ആധാരമായി), ഗാനം ചെയ്യുന്നവരായ സിദ്ധയുവതികളാൽ സേവിക്കപ്പെട്ട തലത്തോടുകൂടിയതായിരിക്കുന്ന നിന്തിരുവടിയുടെ ഈ പാദം (ചരണം) തൻെറ പിതാവായ ഹിമവാൻെറ പാദംപോലെ ശോഭിക്കുന്നു. പുത്രിയുടെ പാദംതുടങ്ങിയ അംഗങ്ങൾക്കു പിതാവിൻെറ പാദാദികളുടെ സാദൃശ്യം ലോകത്തിൽ സ്പഷ്ടമായി

കണ്ടുവരുന്നതുകൊണ്ടു, ഹിമവൽപുത്രിയായ നിന്തിരു വടിയുടെ പാദത്തിന്നു ഹിമവല്പാദസാദൃശ്യം ഉചിതമായി ഭവിക്കുന്നുവെന്നു താല്പൎയ്യം.

ഹിമവൽപുത്രി എന്നതിന്നു, ഹിമവൽ പൎവ്വതത്തിൻെറ അധിദേവൻെറ പുത്രി എന്നും, കടകശബ്ദത്തിന്നു, ലക്ഷണയാന്തഃപുരമെന്നും അദ്രിനിതംബമെന്നും, തലശബ്ദത്തിന്നു, തൃപ്പാദത്തിൻെറ മൂലഭാഗമെന്നും ഹിമാദ്രിയുടെ പാദത്തിൻെറ പുറംഭാഗമെന്നും അൎത്ഥം. ഹിമാദ്രിയുടെ പാദം എന്നതു്, ഹിമവാൻെറ സമീപത്തിലായി ഹിമവാനോടു തൊട്ടുകിടക്കുന്ന മറെറാരു ചെറിയ പൎവ്വതമാകുന്നു. ചരണമെന്നും അൎത്ഥം. തൃപ്പാദതിരുനഖങ്ങളുടെ ശോഭ, ഉള്ളം തൃപ്പാദത്തിൻെറ ശോഭ, തൃപ്പാദാലങ്കാരശോഭ, സൎവ്വരക്ഷകത്വം, സിദ്ധാംഗനാസേവ്യത്വം ഇങ്ങിനെയുള്ള പലേ ഗുണങ്ങളേയും വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുകയാണു ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളതു്.

60

ദിൿപാലന്മാരുടെ ഭക്തിവിഷയത്വത്തേയും അവരെക്കുറിച്ചുള്ള പ്രസാദാശ്രയത്വത്തേയും വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ദിക്പാലൈൎദ്ദശഭിഃ പൃഥക്പൃഥഗയം
    ത്വല്പാദയോരൎപ്പിതോ
ദൃശ്യോ ഭക്ത്യനുരാഗ ഏവ ദശധാ
    ശോണാംഗുലിശ്രീമിഷാൽ;
പാദാഭ്യാമപി താൻ പ്രതിപ്രകടിതാ
    നൂനം പ്രസാദാങ്കുരാ
ദൃശ്യന്തേ നഖകാന്തിപങ്ക്തിദശക-
    വ്യാജേന ശൈലാത്മജേ!.

സാരം:—അല്ലയോ ശ്രീപാർവ്വതി! പത്തു ദിക്പാലന്മാർ നിന്തിരുവടിയുടെ ശ്രീപാദങ്ങളിൽ വെവ്വേറെ സമപ്പിച്ചിരിക്കുന്ന ഭക്തിയാകുന്ന അനുരാഗം (പ്രേമത്തിൻെറ അപരപയ്യായമായ രാഗം) തന്നെ, ചുവന്ന തിരുവിരലുകളുടെ ശോഭകളെന്ന വ്യാജത്താൽ പത്തുപ്രകാരത്തിൽ കാണപ്പെടുന്നു. അതുപോലെ, നിന്തിരുവടിയുടെ ശ്രീപാദങ്ങൾകൊണ്ടും, ദിക്പാലന്മാരെക്കുറിച്ചു പ്രകാശിതങ്ങളായ പ്രസാദങ്ങളുടെ പുതിയ മുളകൾ തന്നെ പത്തു തിരുനഖകാന്തികളുടെ സമൂഹത്തിൻെറ വ്യാജത്താൽ കാണപ്പെടുന്നു.

മേലെയുള്ള ദിക്കുകളുടെ അധിപനായ ബ്രഹ്മാവിനേയും, താഴെയുള്ള ദിക്കുകളുടെ അധിപനായ ആദിശേഷനേയും ചേത്തുകൊണ്ടാണു് 10 ദിക്പാലന്മാർ എന്നു ഇവിടെ പറഞ്ഞിട്ടുള്ളതു്. ദേവിയുടെ തൃപ്പാദതിരുവിരലുകളുടെ രക്തകാന്തികളെ, ഇന്ദ്രാദിദിക്പാലന്മാർ തൃപ്പാദങ്ങളിൽ സമപ്പിച്ചിരിക്കുന്ന അവരുടെ ഭക്തിയാകുന്ന അനുരാഗമായിട്ടും, തിരുനഖങ്ങളുടെ വെളുത്ത കാന്തി സമൂഹത്തെ, വിത്തു മുളച്ചതുപോലെ അവരെക്കുറിച്ചു പ്രകാശിപ്പിച്ചിട്ടുള്ള പ്രസാദാങ്കുരങ്ങളായും വണ്ണിച്ചിരിക്കുന്നു. ഇനി 10 പദ്യങ്ങൾകൊണ്ടു പത്തു ദിക്പാലന്മാരുടെ നമസ്കാരത്തേയും പ്രാത്ഥനയേയും വണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

61

കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞപ്രകാരം ദിക്പാലന്മാക്കു ദേവിയുടെ ശ്രീപാദങ്ങളിലുള്ള ഭക്തിയെ സാധിക്കാനായിക്കൊണ്ടു ആഗ്രഹത്തോടുകൂടി ആദ്യമായി, വഷത്തിന്നും ശത്രു സംഹാരത്തിന്നും സ്വന്തമായി അധികാരം സിദ്ധിച്ചിട്ടുള്ള കിഴക്കെദിക്കിൻെറ അധിപനായ ദേവേന്ദ്രൻെറ പ്രാത്ഥനയെ വണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

മേഘാനാം കുലിശസ്യ ചാപ്രതിഹതാ
ധാരാഃ ക്രമന്താം ചിരം
നോ നശ്യേന്മദദാനവാരിവിഭവോ
നാകസ്യ നാഗസ്യ ച;
പുത്രോയം മമസൈനികാശ്ച ദധതാം
നിത്യം ജയന്തസ്സുഖം
ത്വല്പാദാംബുജപാതിനഃ സുരപതേ-
രിത്ഥം ജയന്ത്യർത്ഥനാഃ.

സാരം:—അല്ലയോ ദേവി! മേഘങ്ങളുടേയും വജ്രായുധത്തിൻേറയും ധാരകൾ യാതൊരു പ്രതിബന്ധങ്ങളും കൂടാത്തതുകളായിട്ടു വളരെകാലം പ്രവർത്തിക്കട്ടെ. (മേഘങ്ങൾ അവിച്ഛിന്നധാരകളോട്ടുകൂടി ഭൂമിയിൽ വർഷിക്കുമാറാകണെ എന്നും, അതിമൂർച്ഛയുള്ള വജ്രായുധംകൊണ്ടു യാതൊരു പ്രയാസവുംകൂടാതെ ശത്രുക്കളെ സംഹരിക്കാറാകണെ എന്നും ഇതിൻെറ താല്പര്യം). അതുപോലെ, സ്വർഗ്ഗത്തിൻേറയും ഗജത്തിൻേറയും മദദാനവാരിവിഭവം നാശത്തെ പ്രാപിക്കരുതെ. [സ്വർഗ്ഗത്തിൻെറ മദദാനവാരിവിഭവം എന്നതു്, പുണ്യാധിക്യം നിമിത്തം ഇന്ദ്രൻെറ ഭരണത്തിൻ കീഴിൽ സ്വർഗ്ഗവാസികളായി ഭവിക്കുകയാൽ ഹർഷത്തോട്ടുകൂടിയ ദാനവാരികളെക്കൊണ്ടുള്ള (ദേവന്മാരെക്കൊണ്ടുള്ള) സമ്പത്സമൃദ്ധിയും, ഗജത്തിൻെറ മദദാനവാരിവിഭവം എന്നതു്, ഇന്ദ്രൻെറ സ്വന്തം വാഹനമായ ഐരാവതത്തിന്നു സ്വാഭാവികമായിട്ടുള്ള ആരോഗ്യവിശേഷത്താലൊ ഭക്ഷണാദികളെക്കൊണ്ടോ ഉണ്ടായ മദത്താൽ (ഗർവ്വിനാൽ) ഭവിച്ച മദജലങ്ങളുടെ

സമ്പത്തുമാകുന്നു. സ്വർഗ്ഗത്തിന്നു ദേവന്മാർ നിമിത്തമുണ്ടായിട്ടുള്ള സമൃദ്ധികളും, ഐരാവതത്തെ സംബന്ധിച്ച മദജാലധാരകളും നാശം ഭവിക്കാതിരിക്കണെ എന്നു് താല്പര്യം]. എൻെറ ജയന്തൻ എന്നുപേരായ ഈ പുത്രൻ എപ്പോഴും സുഖത്തെ ധരിക്കട്ടെ. ജയന്തൻ എന്നും സുഖത്തോടുകൂടി ഭവിക്കട്ടെ എന്നു താല്പര്യം. സൈന്യങ്ങളും ജയത്തെ പ്രാപിച്ചവരായി ഭവിച്ചുകൊണ്ടു എപ്പോഴും സുഖത്തെ ധരിക്കട്ടെ. ഇപ്രകാരമുള്ളതുകളായ, നിന്തിരുവടിയുടെ ശ്രീപാദപത്മങ്ങളിൽ സാഷ്ടാംഗം വീണു നമസ്കരിക്കുന്നവനായ ദേവേന്ദ്രൻെറ യാചനകൾ സർവ്വോൽക്കർഷേണ വൎത്തിക്കുന്നു.

62

അനന്തരം അഗ്നികോണിൻെറ (കിഴക്കുതെക്കുമൂലയുടെ) അധിപനായ അഗ്നിദേവൻെറ പ്രാൎത്ഥനയെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ആജ്യാസക്തകരൈർദ്വിജന്മഭിരഹം
ഹൂയേയ നോ ദാനവൈഃ
സ്വാഹാരോചിതമസ്തു പാൎശ്വമനിശം
താദൃക്ച ഹവ്യം ലഭൈ;
രക്ഷാവാനിതി ഭൃതിമാനിതി ച മേ
ശബ്ദപ്രസിദ്ധ്യാ ശിവേ!
നോപേക്ഷ്യോഹമിതി ത്വദംഘ്രിനമനെ
ജീയാസുരഗ്നേൎഗ്ഗിരഃ.

സാരം:—അല്ലയോ ശ്രീപാർവ്വതി! ഹോമത്തിന്നായിക്കൊണ്ടു പ്രവൃത്തമായി ജൂഹു ധരിച്ച ഹസ്തത്തോടുകൂടിയവരായ ബ്രാഹ്മണരാൽ അടിയൻ ഹുതനായി ഭവിക്കാണെ, (സ്വധർമ്മനിഷ്ഠയോടുകൂടിയവരായ ബ്രാഹ്മണർ നെയ്യു മുതലായ വസ്തുക്കളെ ഹോമിക്കുന്നതുകൊണ്ടു അടിയൻ തൃപ്തനായി ഭവിക്കണെ എന്നു താല്പര്യം. 'ഗോബ്രാഹ്മണേഭ്യശ്ശുഭമസ്തുനിത്യം, ലോകാസ്സമസ്താസ്സുഖിനോ ഭവന്തു' എന്നിങ്ങിനെ ഭക്തന്മാർ ഉച്ചരിച്ചുവരുന്നതിൻെറ തത്വം ഈ വക സന്ദർഭങ്ങളിൽ ചിന്തിക്കാവുന്നതാണു). യുദ്ധത്തിൽ സന്നദ്ധഹസ്തന്മാരായ അസുരന്മാരാൽ അടിയൻ വിളിക്കപ്പെടാതിരിക്കണെ. ശത്രുക്കളായ അസുരന്മാരുടെ ബാധ കൂടാത്തവനായി ഭവിക്കണെ എന്നു സാരം. അതുപോലെ, അടിയൻെറ പാർശ്വം (കക്ഷത്തിൻെറ കീഴ്ഭാഗമായ വാരിപ്രദേശം) എപ്പോഴും സ്വാഹാ എന്നു പേരായ അടിയൻെറ പ്രിയതമയാൽ ശോഭിതമായി ഭവിക്കണെ. അടിയൻ എപ്പോഴും ധർമ്മപത്നീസമേതനായി ഭവിക്കണെ എന്നു സാരം. അതുപോലെ, അടിയൻ സ്വാഹാ എന്ന ശബ്ദത്താൽ ശോഭിതമായ ദേവാന്നത്തേയും പ്രാപിക്കുമാറാകണെ. വിധിയാംവണ്ണം ഹോമിച്ചതായ ദേവാന്നത്തെ ഭക്ഷിക്കുന്നവനായി ഭവിക്കണെ എന്നു താല്പര്യം. (ദേവന്മാക്കു ഹവിസ്സിനെ ദാനം ചെയ്യുന്നതു് സ്വാഹാ എന്ന ശബ്ദോച്ചാരണത്തോടുകൂടി വേണമെന്നു വിധിയുണ്ടു. അതേവിധമാണു് അനുഷ്ഠിച്ചു വരുന്നതു്. വേദവിഹിതങ്ങളായ യജ്ഞാദികർമ്മങ്ങളും, ശ്രവണകീർത്തനാദികളായ മുഖ്യ ഭാഗവത ധർമ്മങ്ങളും എന്നാണൊ ലോകത്തിൽ തീരെയില്ലാതെയായി ഭവിക്കുന്നതു്, അധർമ്മം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചതായ അന്നു വിഷ്ണുഭഗവാൻ കല്ക്കിയായി അവതരിച്ചു് ദുഷ്ടസംഹാരം ചെയ്യുമെന്നു പറയുന്നതായ ഭാഗവതത്തിൽ ബ്രഹ്മനാരദ

സംവാദത്തിലെ "യർഹ്യാലയേഷ്വപി സതാം ന ഹരേഃ കഥാഃ സ്യുഃ, പാഖണ്ഡിനോ ദ്വിജജനാ വൃഷലാ നൃദേവാഃ; സ്വാഹാ സ്വധാ വഷഡിതി സ്മ ഗിരോ നയത്ര, ശാസ്താ ഭവിഷ്യതി കലേർഭഗവാൻ യുഗാന്തേ" എന്ന ശ്ലോകമാണ് ഈ സന്ദർഭത്തിൽ ഓർമ്മവരുന്നത്. വിധിയാംവണ്ണമുള്ള കർമ്മാനുഷ്ഠാനങ്ങൾക്കും ലോകത്തിൻെറ ക്ഷേമത്തോടുകൂടിയ നിലനില്പിന്നും തമ്മിൽ വലിയ ബന്ധമുണ്ടെന്നുള്ള സംഗതിയാണ് ഇതുകൊണ്ടു പ്രകാശിപ്പിച്ചിട്ടുള്ളത്. അധികം വിസ്തരിക്കുന്നില്ല. അഗ്നിഭഗവാൻ ദേവിയോടു വീണ്ടും അപേക്ഷിക്കുന്നു. അടിയനു രക്ഷാവാൻ എന്നും ഭൂതിമാൻ എന്നും ഇപ്രകാരമുള്ള ശബ്ദത്താൽ പ്രഖ്യാതിഹേതുവായിട്ടു നിന്തിരുവടിയാൽ അടിയൻ ഉപേക്ഷിക്കപ്പെടുവാൻ യോഗ്യനല്ലാത്തവനായി ഭവിക്കുന്നു. ഇപ്രകാരമുള്ളതുകളായ, നിന്തിരുവടിയുടെ തൃപ്പാദനമസ്കാരസമയത്തിൽ അഗ്നിയുടെ പ്രാർത്ഥനാ വചനങ്ങൾ സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

രക്ഷാവാൻ എന്നതിന്നു, ചാണകം ചുട്ട ഭസ്മത്തോടു കൂടിയവൻ എന്നും രക്ഷണത്തോടു കൂടിയവൻ എന്നും അർത്ഥം. ഭൂതിമാൻ എന്നതിന്നു, മേൽപറഞ്ഞ പ്രകാരമുള്ള ഭസ്മത്തോടും ഐശ്വര്യത്തോടും കൂടിയവൻ എന്നർത്ഥം. അല്ലയോ, ദേവി നിന്തിരുവടി മാത്രം ശരണമായിട്ടുള്ളവനും നിന്തിരുവടിയുടെ പ്രസാദത്താൽ ലഭിച്ചിട്ടുള്ള ഐശ്വര്യത്തോടു കൂടിയവനുമായ അടിയനെ നിന്തിരുവടി ഒരിക്കലും ഉപേക്ഷിക്കരുതെ. നിന്തിരുവടി ഉപേക്ഷിച്ചാൽ അടിയന്നു രക്ഷയും ഐശ്വര്യവും ഭവിക്കുന്നില്ല എന്നു ഇതിൻെറ താല്പര്യം.

ഭസ്മത്തിൻെറ പര്യായമായ രക്ഷാ എന്ന പദത്തിന്നു്, അന്തകനിൽ നിന്നുകൂടി രക്ഷിക്കുന്നതു" എന്നും, ഭൂതി എന്ന പദത്തിന്നു ഐശ്വര്യത്തെ ചെയ്യുന്നതു" എന്നും അർത്ഥം. രോഗനാശകത്വം തുടങ്ങി വേറെയും പല ഗുണങ്ങളെ ചെയ്യുന്നതാകയാൽ ഭസ്മം വളരെ മാഹാത്മ്യമുള്ള വസ്തുവാണെന്നു പ്രസിദ്ധമാകുന്നു. ഈശ്വരപ്രീതി, ആരോഗ്യം, സമ്പത്തു്, വിശുദ്ധി തുടങ്ങി അനവധി ഗുണങ്ങൾ സിദ്ധിക്കുന്നതായ സദാചാരവിഷയത്തിൽ, ഈശ്വരപ്രസാദമായ വിഭൂതി ധരിക്കുന്ന കാര്യത്തിൽ പ്രത്യേകിച്ചും, ഋഷീശ്വരന്മാരുടെ അനന്തരസന്താനങ്ങളായ ഭാരതീയരിൽ മിക്കപേരും ഇന്നു വിമുഖരായിത്തീൻ, കേവലം ശരീരഭ്രമത്താൽ സന്മാൎഗ്ഗഭ്രഷ്ടരായി ജീവിതം വ്യത്ഥമാക്കിത്തീൎത്തു അധഃപതിക്കുന്ന കാര്യത്തിൽ സജ്ജനങ്ങൾ പരിതപിക്കുന്നു. അവരവക്കു ശ്രേയസ്സരങ്ങളായി വിധിച്ചിട്ടുള്ള കൎമ്മങ്ങളെ അവരവർ അനുഷ്ഠിക്കാതിരുന്നാൽ ധൎമ്മഹാനി വരുന്നതുകൊണ്ടു സുഖത്തിന്നുള്ള മാൎഗ്ഗമില്ലാതെയായി ഭവിക്കുന്നുവെന്നുള്ളതാണു് ദുഃഖഹേതു. ആകയാൽ സ്വധൎമ്മാനുഷ്ഠാനവിഷയത്തെപ്പററി സ്വല്പമെങ്കിലും വിവരിക്കുന്നതു സന്ദർഭോചിതമെന്നു കരുതി, അതിനെ ആത്മപരമായി ശ്രീനാരദമഹൎഷി പുത്രവിരഹത്താൽ ദുഃഖിതനായ ഉത്താനപാദമഹാരാജാവിനോടു ഉപദേശിക്കുന്നതായിട്ടു ചുരുക്കത്തിൽ താഴെ എഴുതുന്നു.

അല്ലയോ ജീവാത്മാവാകുന്ന ഉത്താനപാദമഹാരാജാവെ! ഈശ്വരമായാമോഹിതനായ അവിടുന്നു രാജസബുദ്ധിയാകുന്ന സുരുചിയിൽ അത്യാസക്തനായി ഭവിച്ചുകൊണ്ടു് ഈശ്വരവിശ്വാസമാകുന്ന ബാലനായ ധ്രുവനെ ഉപേക്ഷിച്ചു്, നിരീശ്വരത്വമാകുന്ന ഉത്തമൻ എന്നു വിളിക്കപ്പെടുന്ന കിടാവിനെ ലാളിക്കുന്നു. രാജസബുദ്ധിയും നിരീശ്വരത്വവുമാകുന്ന സുരുചിയും ഉത്തമനും അധൎമ്മതല്പരന്മാരാകയാൽ അങ്ങയെ അഹങ്കാരിയാക്കിത്തീൎത്തു നരകത്തിൽ പതിപ്പിക്കുന്ന വിരോധികളും, സാത്വികബുദ്ധിയും ഈശ്വരവിശ്വാസവുമാകുന്ന സുനീതിയും, ധ്രുവനും ധൎമ്മതല്പരന്മാരാകയാൽ ശുഭമായ കാര്യത്തിൽ പ്രവൃത്തിപ്പിച്ചു ശാശ്വതമായ സുഖത്തെ പ്രാപിപ്പിക്കുന്ന സുഹൃത്തുക്കളുമാകുന്നു. തത്വമറിയാതെ അസ്ഥാനത്തു സ്നേഹബഹുമാനാദികൾ ചെയ്യുന്നതു് ദുഃഖഹേതുവായി ഭവിക്കുന്നുവെന്നു മനസ്സിലാക്കുക. ദുസ്സംഗമാകുന്ന വ്യാഘ്രത്തിൽനിന്നു ധൎമ്മബോധമാകുന്ന കാമ

ധേനുവിനെ ജാഗ്രതയായി പാലിക്കുക. വിവേകമാകുന്ന ബന്ധുവിനോടുകൂടി ആലോചിച്ചല്ലാതെ യാതൊരു കാര്യവും ചെയ്കയില്ലെന്നു ശപഥം ചെയ്യുക. "ആവശ്യമുള്ളതറിയാതെ കളിച്ചുവെന്നാൽ, ചാവുന്ന നേരമറിയാം മറിമായമെല്ലാം" ഇങ്ങിനെ തുടങ്ങി സജ്ജനങ്ങൾ ലോകഹിതത്തെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ള സദുപദേശങ്ങളുടെ സാരത്തെച്ചിന്തിച്ച്, അടുത്ത ഭാവിയിൽ ഈശ്വരാനുഗ്രഹത്താൽ എല്ലാവിധ സുഖങ്ങളേയും ചെയ്യത്തക്കവണ്ണം യോഗ്യനായി ഭവിക്കുമെന്നു സത്യം ചെയ്തു പറയാവുന്ന ഈശ്വരവിശ്വാസമാകുന്ന ധ്രുവനേയും സൽഗുണനിധിയായ സാത്വികബുദ്ധിയാകുന്ന സുനീതിയേയും സ്വാഗതം ചെയ്തു ലാളിക്കുക. ഉത്തമർ (നിരീശ്വരത്വം) അങ്ങയുടെ സജ്ജനസംസർഗ്ഗമാകുന്ന ശത്രുവിന്റെ ക്രോധാഗ്നിയിലും, ഉത്തമന്റെ മാതാവായ സുരുചി (രാജസബുദ്ധി) അങ്ങയുടെ നിഷ്ഠയോടുകൂടിയ ഈശ്വരഭജനമാകുന്ന ദാവാഗ്നിയിലും പതിച്ചു കാലധർമ്മത്തെ ഗമിക്കുമെന്നതു് ദൈവകല്പിതമെന്നു കരുതി സന്തോഷിയ്ക്കുക. അധർമ്മം വർദ്ധിയ്ക്കുമ്പോൾ അതിനെ നശിപ്പിച്ച് ധർമ്മത്തെ രക്ഷിയ്ക്കാനായി ആശ്ചര്യമായൊരു ഈശ്വരശക്തി, ആർഷഭൂമിയായ ഭാരതത്തിൽ ശാശ്വതമായി സ്ഥിതി ചെയ്യുന്നുണ്ടെന്നുള്ളതു് ഭാഗവതാദികളിൽ സ്പഷ്ടമാക്കിയിട്ടുള്ളതിനെ ഇവിടെ ഗ്രഹിച്ചുകൊൾക. അത്രയുമല്ല, അങ്ങയുടെ ഉത്തമമായ ഈ ഭൗതിക ശരീരം (മൺകുടത്തോടു സദൃശമായ മനുഷ്യദേഹം) അല്പകാലത്തിനുള്ളിൽ ഭൂതിയായി ഭവിക്കുമെന്നുകൂടി ശുദ്ധാത്മാവായ അവിടുന്നു ധരിക്കുക. മഹാനുഭാവനായ അവിടുന്നു ഗതാനുഗതികന്യായത്തെ വിട്ടു് ഇവ്വിധം സാരാസാരവിവേകത്തോടുകൂടി സ്വധർമ്മത്തെ ആചരിച്ച് (പ്രാതസ്സ്നാനം, ഭസ്മധാരണം, തിരുനാമകീർത്തനാദികളായ ഈശ്വരാരാധനം, സജ്ജനസംസർഗ്ഗം ഇങ്ങിനെ തുടങ്ങി ശ്രേയസ്കരങ്ങളായി വിധിച്ചിട്ടുള്ള കർമ്മങ്ങളെ ഈശ്വരപ്രീതിക്കായി ശ്രദ്ധയോടുകൂടെ അനുഷ്ഠിച്ച്) അധിക താമസം കൂടാതെ ദുഃഖം തുടങ്ങിയ മാലിന്യങ്ങളിൽനിന്നു മോചിച്ച് തേജസ്വിയായി ഭവിക്കുക. പ്രവൃത്തി വിപരീതമായാൽ ഫലം വിപരീതമാവുമെന്നു വേറെ പറയേണ്ടതില്ലല്ലൊ. ഇങ്ങിനേ തുടങ്ങിയ സാരോപദേശങ്ങൾകൊണ്ടു ജീവാത്മാവാകുന്ന ഉത്താനപാദ മഹാരാജാവിനു കൃത്യബോധത്തെച്ചെയ്തു് അനുഗ്രഹത്തെ നൽകാനായി, ആത്മബോധമാകുന്ന ശ്രീനാരദമഹർഷി വിനയമാകുന്ന വീണാഗാനത്തോടുകൂടി ഈശ്വരകാരുണ്യമാകുന്ന നഭസ്സിൽനിന്നു വേഗത്തിൽ അവതരിക്കുമെന്നു വിശ്വസിക്കട്ടെ.

63

തെക്കെ ദിക്കിന്റെ അധിപനായ ധൎമ്മരാജാവി ന്റെ പ്രാൎത്ഥനയെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തു തിക്കുന്നു.

ത്വത്ഭക്താഘമബുദ്ധിപൂൎവ്വലിഖിതം
സ്യാച്ചേൽ ക്ഷമേഥാഃ ശിവേ!
കാന്തസ്തേ മയി രോഷവാൻ കുരു പുന-
സ്തസ്യാൎദ്രഭാവം ശനൈഃ;
ദേവി! ത്വം മഹിഷാഭിഹന്ത്രി! ചകിതം
ത്രായസ്വ മേ വാഹനം
കാലസ്യേതി ജയന്തി തേ പദനതൌ
ലോലസ്യ സംപ്രാൎത്ഥനാഃ.

സാരം:—നിന്തിരുവടിയുടെ ഭക്തന്മാരുടെ പാപ ത്തെ അടിയൻ ബുദ്ധിപൂൎവ്വമല്ലാതെ എഴുതിയിട്ടുണ്ടെ ങ്കിൽ എന്നാൽ അല്ലയോ ശ്രീപാൎവ്വതി! നിന്തിരുവടി ആ അപരാധത്തെ ക്ഷമിക്കണെ. ശിവൻ അന്തകരിപു വാണെന്നുള്ളതിനെ ചിന്തിച്ചു ഭയപ്പെട്ടുകൊണ്ടു വീണ്ടും അപേക്ഷിക്കുന്നു. നിന്തിരുവടിയുടെ പ്രിയതമനായ പ രമശിവൻ അടിയനെക്കുറിച്ചു കോപത്തോടുകൂടിയവനാ യി ഭവിക്കുന്നു. നിന്തിരുവടിയാകട്ടെ സാവധാനത്തിൽ സമാധാനവാക്കുകൾകൊണ്ടു സ്വാമിയുടെ കോപത്തെ ശമിപ്പിച്ച് അടിയന്റെ പേരിൽ ദയയുള്ളവനാക്കിച്ചെ യ്യണെ. അല്ലയോ മഹിഷമൎദ്ദിനിയായുള്ളോവെ! ദേവി! ഭയപ്പെട്ടവനായ അടിയന്റെ വാഹനത്തെ നിന്തിരുവ ടി രക്ഷിക്കണെ. ഇപ്രകാരമുള്ളതുകളായ, നിന്തിരുവടി യുടെ ശ്രീപാദനമസ്കാരത്തിൽ അതിയായ ശ്രദ്ധാഭക്തി കളോടുകൂടിയ ശ്രീധൎമ്മരാജാവിന്റെ കുറഞ്ഞൊന്നു ഉള്ളു ത്ഭവിച്ചുകൊണ്ടുള്ള പ്രാൎത്ഥനകൾ സൎവ്വോൽക്കൎഷേണ വ ൎത്തിക്കുന്നു.

മനഃപൂർവ്വമായി ചെയ്യുന്ന തെററിനു ശിക്ഷ നൽക ണം. അറിയാതെ സംഭവിക്കുന്ന തെററിനെ ക്ഷമിക്കണം ഇങ്ങിനെയുള്ള നിയമത്തെ അടിസ്ഥാനപ്പെടുത്തിയാണ് ധർമ്മരാജാവു ദേവിയോടു ഭക്തന്മാരുടെ ഏതെങ്കിലുമൊ രു പാപത്തെ അറിയാതെ എഴുതിയിട്ടുണ്ടെങ്കിൽ അതി നെ ക്ഷമിക്കണെ എന്നു പ്രാർത്ഥിച്ചതു്. ജീവികളുടെ പു ണ്യപാപങ്ങളെ കണക്കെഴുതുന്നതു് ചിത്രഗുപ്തനല്ലെ. ഇക്കാര്യത്തിൽ ധർമ്മരാജാവിനു എന്തപരാധമാണു ഭ വിക്കുക എന്നാണെങ്കിൽ, സൈന്യങ്ങൾ ജയിച്ചാൽ രാജാവു ജയിച്ചു എന്നു പറയുന്നതുപോലെ, ചിത്രഗു പ്തൻ എഴുതുന്നതിൻെറ കർത്തൃത്വം അദ്ദേഹത്തിൻെറ സ്വാമിയായ ധർമ്മരാജാവിങ്കലാണു ഭവിക്കുന്നതെന്നു താ ല്പര്യം. തിരുനാമം ജപിക്കുക, സ്തുതിക്കുക തുടങ്ങിയ അ നുഷ്ഠാനങ്ങളോടുകൂടെ തൃപ്പാദത്തെ ഭജിക്കുന്ന ഭക്തന്മാരു ടെ സർവ്വവിധ ചുമതലകളും വഹിക്കുന്നതു് ജഗദംബിക യായ ദേവിയാകുന്നു. അവരെപ്പററി യാതൊരധികാരവും അന്തകനില്ല. അതുനിമിത്തമാണു്, ഭക്തന്മാരുടെ മാ ഹാത്മ്യത്തെ നല്ലവണ്ണം ധരിച്ചിട്ടുള്ള ശ്രീധർമ്മരാജാവു ആദ്യമായി ഭക്തന്മാരെസ്സംബന്ധിച്ച കാര്യത്തെപ്പററി പ്രത്യേകം പ്രാർത്ഥിച്ചതു്. സംശയമുള്ളവർ ശ്രീമത്ഭാഗവ തത്തിൽ അജാമിളോപാഖ്യാനം നോക്കുക. ഭക്തദ്രോഹം ചെയ്തുകൊണ്ടു ഈശ്വരനെ വാഴ്ത്തുന്നവർക്കു് ഈശ്വരങ്കൽ നിന്നു രക്ഷ കിട്ടുകയില്ലെന്നുള്ള സംഗതി അംബരീഷോ പാഖ്യാനത്തിൽ ദുർവ്വാസാവിൻെറ ചരിത്രംകൊണ്ടു വ്യ ക്തമായിട്ടുണ്ടു. ഈശ്വരനേയും ഈശ്വരഭക്തന്മാരെയും രണ്ടായി സങ്കല്പിക്കരുതെന്നുമാത്രമല്ല ഈശ്വരൻ ഭക്ത

ന്മാരെ അധികം ബഹുമാനിക്കുന്നതുകൊണ്ടു ഈശ്വരഭക്തന്മാരെ പൂജിക്കുന്നതു് അധികം ശ്രേഷ്ഠമാണെന്നുതന്നെ ഭഗവാൻ അരുളിച്ചെയ്തിട്ടുണ്ടു. "മൽഭക്തപൂജാഭ്യധികാ സർവ്വഭൂതേഷു മന്മതിഃ" (ഭാഗവതം). ത്വൽഭക്താഘലം രോഷവാൻ ഇത്യാദി പദങ്ങൾ നോക്കുമ്പോൾ മാർക്കണ്ഡേയന്റെ കാര്യത്തിൽ തനിക്കു സംഭവിച്ച അബദ്ധത്തെച്ചിന്തിച്ചു അല്പം ഭയത്തോടുകൂടിയാണു് ധർമ്മരാജാവു പ്രാർത്ഥിക്കുന്നതെന്നുകൂടി സ്മരിക്കുന്നു.

ദേവിക്കു മഹിഷാസുരന്റെ നേരെ നിത്യവൈരിത്വമുള്ളതിനാൽ, മഹിഷവംശത്തിൽ ജനിച്ചവനായതുകൊണ്ടു തന്നെയും നിഗ്രഹിക്കുമോ എന്നതാണു ധർമ്മരാജാവിന്റെ വാഹനമായ മഹിഷത്തിന്നുള്ള ഭയം. അതിനെ സൂചിപ്പിച്ചുകൊണ്ടാണു് മഹിഷാഭിഹന്ത്രി! എന്ന സംബോധന ചെയ്തിട്ടുള്ളതു്.

64

നിരൃതികോണിന്റെ (തെക്കുപടിഞ്ഞാറു മൂലയുടെ) അധിപനായ നിരൃതിയുടെ പ്രാർത്ഥനയെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ധർമ്മാചാരപരോഽഹമിത്യവമതോ
　　രക്ഷോഭിരേകാന്തതോ ‌യെ-
ർമ്മഹ്യം ദേവി! വിനിന്ദിതാം ദിശമദു-
　　ർജ്ജാതിദ്വിഷശ്ചാമരാഃ;
ദൈവാദിത്യഭയച്യുതോ വിശരണോ
　　രക്ഷ്യോഽഹമിത്യാദയ-
സ്ത്വല്പാദപ്രണതൌ ജയന്തി നിരൃതേ-
　　രത്യാകുലാഃ പ്രാർത്ഥനാഃ.

സാരം:—അല്ലയോ ദേവി! അടിയൻ സുകൃതാനുഷ്ഠാനമാകുന്ന പ്രധാനത്തോടുകൂടിയവനായി ഭവിക്കുന്നു. അതു ഹേതുവായിട്ടു, ഒരേ വംശക്കാരായ രാക്ഷസന്മാർ (ദുഷ്ടാചാരപരന്മാർ) അടിയനെ അവമാനിച്ചു. സ്വജാതിയിൽനിന്നു പുറത്താക്കിയെന്നു താല്പൎയ്യം. അതുപോലെ, ജന്മനാ രാക്ഷസരെ ദ്വേഷിക്കുന്നവരായ ദേവന്മാരും അടിയനായിക്കൊണ്ടു കുത്സിതയായിരിക്കുന്ന ദിക്കിനെ (മൂത്രപുരീഷാദികളുടെ വിസൎജ്ജനത്തിന്നു വിധിച്ചിരിക്കുന്ന ദിക്കിന്റെ പാലകനായി ഭവിക്കുക എന്നുള്ളതിനെ) ദാനം ചെയ്തു. ദേവന്മാരും, ജാതിദ്വേഷത്താൽ സ്വജനങ്ങളും അടിയനെ ഉപേക്ഷിച്ചുവെന്നു സാരം. മുജ്ജന്മകൎമ്മദോഷത്താൽ ഇപ്രകാരം സ്വജനങ്ങളായ രാക്ഷസന്മാരിൽ നിന്നും ദേവന്മാരിൽനിന്നും ഭ്രഷ്ടനായി, അതു ഹേതുവായിട്ടുതന്നെ അനാഥനായിരിക്കുന്ന അടിയൻ തിരുവടിയാൽ രക്ഷിക്കപ്പെടുവാൻ യോഗ്യനായി ഭവിക്കുന്നു. എല്ലാംകൊണ്ടും കഷ്ടത്തിലായ അടിയനെ രക്ഷിക്കുന്നതു് നിന്തിരുവടിക്കു ഏററവും ഉചിതമായി ഭവിക്കുന്നുവെന്നു താല്പൎയ്യം. ഇങ്ങിനെ തുടങ്ങിയതുകളായ, നിന്തിരുവടിയുടെ ശ്രീപാദനമസ്കാരത്തിൽ നിരൃതി എന്നു പേരായ ദിക്പാലന്റെ അതിദീനകളായ പ്രാൎത്ഥനകൾ സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു.

65

പടിഞ്ഞാറെ ദിക്കിന്റെ അധിപനായ വരുണന്റെ പ്രാൎത്ഥനയെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

മല്പുത്ര്യാ മമ വാ മുകുന്ദഗൃഹതാ-
ഭാഗ്യം ന സംക്ഷീയതാം
മാഹം പായിഷി കുംഭജേന മുനിനാ
കല്പാന്തസൂൎയ്യേണ വാ;
ദേഹ്യാ മേ സുരവാഹിനീദയിതതാ
സാധു ത്വയാ രക്ഷ്യതാം
ത്വല്പാദാംബുജപാതിനോ ജലപതേ-
രിത്ഥം ജയന്ത്യൎത്ഥനാഃ.

സാരം:—അല്ലയോ ദേവി! അടിയന്റെ പുത്രിയുടേയും അടിയന്റേയും മുകുന്ദന്റെ ഗൃഹതയിലുള്ള യാതൊരു ഭാഗ്യത്തെ, അഥവാ, മുകുന്ദന്റെ ഗൃഹതയാകുന്ന ഭാഗ്യത്തെ തിരുവടി നശിപ്പിക്കരുതെ. (സമുദ്രപുത്രിയായ ലക്ഷ്മീദേവിക്കു വിഷ്ണുവിന്റെ പത്നിയായി ഭവിക്കുക എന്നുള്ളതിന്നും, സമുദ്രമായ വരുണന്നു വിഷ്ണു തങ്കൽ ശയിക്ക ഹേതുവായിട്ടു വിഷ്ണുവിന്റെ ഭവനമാവുക എന്നുള്ളതിന്നും ഹേതുവായി ഭവിച്ചിട്ടുള്ള സൽക്കൎമ്മഫലം, അഥവാ, ഗൃഹശബ്ദത്തിന്നു കളത്രമെന്നും ഭവനമെന്നുമുള്ള അൎത്ഥത്തിൽതന്നെ വിഷ്ണുവിന്റെ കളത്രമായി ഭവിക്കുക എന്നുള്ളതും ഭവനമായി ഭവിക്കുക എന്നുള്ളതുമാകുന്ന ഭാഗ്യം, ദേവിയുടെ അനുഗ്രഹംകൊണ്ടു സിദ്ധിച്ചതായതുകൊണ്ടു അതു എന്നും നിലനില്ക്കണെ എന്നു താല്പൎയ്യം. സമുദ്രത്തിന്നും വരുണന്നും തമ്മിൽ അഭേദം കല്പിച്ചുകൊണ്ടാണു വൎണ്ണിക്കുന്നതു്). അഗസ്ത്യമഹൎഷിയൊ

പ്രളയകാലത്തിലെ സൂര്യനൊ, അഥവാ അവർ രണ്ടുപേരുമൊരുമിച്ചുകൊണ്ടോ അടിയനെ പാനം ചെയ്യരുതെ. അടിയനെ സംബന്ധിച്ചതായ രണ്ടു പ്രകാരത്തിൽ സുരവാഹിനിയുടെ ദയിതനാവു എന്നുള്ളതു് (ദേവനദീപതിത്വവും ദേവസേനാപതിത്വവും) നിന്തിരുവടിയാൽ വഴിപോലെ രക്ഷിക്കപ്പെടട്ടെ. അടിയന്നു ഇപ്പോളുള്ളതായ ശ്രേയസ്സമൃദ്ധി നശിക്കാതേയും യാതൊരാപത്തും സംഭവിക്കാതേയും നിന്തിരുവടി കാരുണ്യത്തോടുകൂടി കാത്തുരക്ഷിക്കണെ എന്നു താല്പര്യം. ഇപ്രകാരമുള്ളതുകളായ, നിന്തിരുവടിയുടെ ശ്രീപാദപത്മങ്ങളിൽ വീണുനമസ്കരിക്കുന്നവനായ വരുണന്റെ പ്രാർത്ഥനകൾ സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

അഗസ്ത്യമഹർഷി പണ്ടൊരിക്കൽ സമുദ്രജലത്തെ ആചമനംചെയ്തു് വററിച്ച കഥ പ്രസിദ്ധമാണല്ലൊ. 'അംഗുഷ്ഠമാത്രതനവേ കലശോത്ഭവായ, വിന്ധ്യാചലോത്തമ വിജൃംഭണനാശനായ; വാതാപി സപ്തമകരാലയ ഭോജനായ, തസ്മൈനമോ ഭഗവതേ മുനിപുംഗവായ' എന്ന ശ്ലോകം ചൊല്ലി അഗസ്ത്യമഹർഷിയെ നമസ്കരിക്കുക പതിവുണ്ടു. ഇതിൽനിന്നു അദ്ദേഹത്തിന്റെ മാഹാത്മ്യങ്ങൾ വ്യക്തമാവുന്നുണ്ടല്ലൊ. ദ്വാദശാദിത്യന്മാർ ഒന്നിച്ചു ചേരുന്നതായ പ്രളയകാലത്തിലെ സൂര്യൻ സമുദ്രജലത്തെ നാമാവശേഷമാക്കിത്തീർക്കുമെന്നു പുരാണങ്ങളിൽ വർണ്ണിച്ചുകാണുന്നുണ്ടു. അതിനാൽ അവർ രണ്ടുപേരും സമുദ്രത്തിന്റെ വിരോധികളായി ഭവിക്കുന്നു. എത്ര വലിയവർക്കും നാശം സംഭവിക്കുക എന്നതു്

പ്രകൃതിയിലെ നിയമമാകുന്നു. ഇക്കാര്യത്തിൽ തന്നെ ക്കാൾ പ്രബലനായ ശത്രു ഭവിക്കുക എന്നതും ലോകസ്വഭാവമാകുന്നു. ശ്രീകൃഷ്ണഭഗവാനെ രാജസൂയമഹായജ്ഞത്തിലെ അഗ്രാസനത്തിലിരുത്തി ആനന്ദബാഷ്പങ്ങളോടുകൂടെ തൃപ്പാദം കഴുകിച്ച് അഗ്രപൂജചെയ്തു ശ്രീധർമ്മപുത്രമഹാരാജാവു 'അജാതശത്രു'വായി ഭവിച്ചകാര്യത്തിൽ അത്ഭുതപ്പെടുന്നു.

66

വായുകോണിൻെറ (പടിഞ്ഞാറു വടക്കുമൂലയുടെ) അധിപനായ വായുവിൻെറ വിനയത്തോടുകൂടിയ പ്രാർത്ഥനയെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

വിശ്വപ്രാണമയീ ത്വമേവ മമ തു
പ്രാഹുർജ്ജഗൽപ്രാണതാം
സർവ്വസ്യാപി സദാഗതിർഹി ഭവതീ
മാമേവ മാഹുർജ്ജനാഃ;
ലജ്ജാപാദകമീദൃശം ജനനി! നഃ
കിം കർമ്മഹേ പാഹിമാ-
മിത്യേവം പവനസ്യ തേ പദനതൌ
വാചോ ജയന്ത്യാകുലാഃ.

സാരം:—അല്ലയോ ലോകമാതാവെ! പരമാത്മത്തിൽ നിന്തിരുവടിതന്നെ എല്ലാ പ്രാണികളുടേയും—ജഗത്തിൻെറ—ശക്തിസ്വരൂപിണിയായി ഭവിക്കുന്നു. ജനങ്ങളാകട്ടെ അടിയന്നു ജഗൽപ്രാണതയെ (ജഗത്തുകളുടെ പ്രാണനാവു എന്നുള്ളതിനെ) അതിശയേന പറയുന്നു. (വായുവിന്നു ജഗൽപ്രാണൻ എന്ന പര്യായം കോശാദികളിൽ

ളിൽ പ്രസിദ്ധമാണെന്നു താല്പര്യം). അതുപോലെ നിന്തിരുവടി സർവ്വജീവികൾക്കും സദാഗതിയായി (എപ്പോഴും ആശ്രയമായി) ഭവിക്കുന്നു. ജനങ്ങൾ അടിയനെ സദാഗതിയെന്നു പറയുന്നു. (വായുവിന്നു സദാഗതി എന്ന പര്യായവും പ്രസിദ്ധമാണ്. എപ്പോഴും സഞ്ചരിക്കുന്നവൻ എന്നൎത്ഥം). ഇവ്വിധം നിന്തിരുവടിയെപ്പററി പറയുവാൻ ഉചിതമായിരിക്കുന്ന ശബ്ദങ്ങളെ അടിയനിൽ പ്രയോഗിക്കുക എന്നതു് നിന്തിരുവടിയുടെ ഭക്തന്മാരായ ഞങ്ങൾക്കു ലജ്ജാകരമായി ഭവിക്കുന്നു. ഞങ്ങൾ എന്തു ചെയ്യുന്നു. ജനങ്ങൾ ഇങ്ങിനെ പറയുന്നതു് യുക്തമല്ല എന്നു താല്പര്യം. നിന്തിരുവടി അടിയനെ രക്ഷിക്കണെ. ഇ പ്രകാരമുള്ളതുകളായ, നിന്തിരുവടിയുടെ ശ്രീപാദനമസ്കാരസമയത്തിൽ വായുവിൻെറ ദീനകളായ പ്രാൎത്ഥനാവചനങ്ങൾ സർവ്വോൽക്കൎഷേണ വൎത്തിക്കുന്നു.

67

വടക്കെ ദിക്കിൻെറ അധിപനായ വൈശ്രവണൻെറ പ്രാൎത്ഥനയെ വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ശംഖോല്ലാസി ഗളോജ്ജ്വലേ! സമകരേ!
പത്മേന കുന്ദസ്മിതേ!
പാദാഗ്രാദ്ധൃതകച്ഛപേ! മുഖമഹാ-
പത്മേ! മുകുന്ദാശ്രിതേ! ;
ഇത്യസ്മന്നിധിഗാത്രി! നീലനയനേ!
ചച്ചാത്മികേ! പാഹി മാ-
മിത്ഥം പാദനതിഃ ശിവേ! വിജയതേ
സഖ്യുഃ കുബേരസ്യ തേ.

സാരം:—"മഹാപത്മം, പത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, ഖൎവ്വം" ഇതുകൾ വൈശ്രവണൻെറ നിധികളുടെ നാമധേയങ്ങളാകുന്നു. പുല്ലിംഗശബ്ദങ്ങളാണു്. ഈ ഒമ്പതുനിധികളെ അതിവാത്സല്യത്തോടുകൂടി പരിപാലിക്കുന്ന വൈശ്രവണൻ ദയാനിധിയായ ദേവിയെ നിധിസ്വരൂപിണിയായി ദ്വയാൎത്ഥത്തിൽ വൎണ്ണിച്ചുകൊണ്ടു സ്തുതിക്കുന്നു. അവനവന്നു അതിപ്രിയമായി യാതൊരു വസ്തുവുണ്ടോ അതോടുകൂടിയതായി സ്തുതിമുതലായതു ചെയ്യുക എന്ന ലോകസ്വഭാവത്തെ അനുസരിച്ചാണു വൎണ്ണിക്കുന്നതു്. സുഖഗ്രഹണാൎത്ഥം നിധിപക്ഷത്തിലുള്ള അൎത്ഥത്തെ വരയിട്ടു വേറെ ചേൎക്കുന്നു. എല്ലായിടത്തും ശിവേ! എന്ന സംബോധന ചേൎത്തുകൊണ്ടു അൎത്ഥംപറയാം. നാമപാരായണ പ്രീതയായ ദേവിക്കു അതു ഏററവും പ്രീതികരമായി ഭവിക്കുമല്ലോ.

**സാരം:-**

വലംപിരി ശംഖംപോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന തൃക്കഴുത്തുകൊണ്ടു ശോഭമാനയായ ശിവേ!

പങ്കജത്തോടു സദൃശങ്ങളായ ഹസ്തങ്ങളോടുകൂടിയ ശിവേ!

മുല്ലപ്പൂവുപോലെ ധവളവും മനോഹരവുമായ മന്ദസ്മിതത്തോടുകൂടിയ ശിവേ!

**നിധിപക്ഷത്തിൽ,**

ശംഖം എന്നു പേരായ നിധികൊണ്ടു പ്രകാശമാനയായ തൃക്കഴുത്തുകൊണ്ടു ശോഭിച്ചുകൊണ്ടിരിക്കുന്ന ശിവേ!

പത്മം എന്നു പേരായ നിധികൊണ്ടു സാധുക്കളായ ഹസ്തങ്ങളോടുകൂടിയ ശിവേ', സമകരാ എന്നതിന്നു, മകരം എന്നു പേരായ നിധിയോടുകൂടിയ ശിവേ!

സ്മിതത്തിൽ കുന്ദം എന്നു പേരായ നിധിയോടുകൂടിയ ശിവേ!

തൃപ്പാദങ്ങളുടെ ഉപരിഭാഗംകൊണ്ടു തന്റെ സാദൃശ്യത്താലുള്ള സൌന്ദര്യം ഹേതുവായിട്ടു പൂജിക്കപ്പെട്ട കൂർമ്മത്തോടുകൂടിയ ശിവേ!

പാദാഗ്രംകൊണ്ടു ആദരേണ സ്വീകരിക്കപ്പെട്ട കച്ഛപം എന്നു പേരായ നിധിയോടുകൂടിയ ശിവേ!

(ദേവിയുടെ പുറവടികൾ കൂർമ്മത്തിന്റെ പുറംഭാഗത്തിനേക്കാൾ മനോഹരമായിരിക്കുന്നുവെന്നു താല്പര്യം. 'പാദാഗ്രം ഭ്രാന്തിമജ്ജൽപ്രണതജനമനോ മന്ദരോദ്ധാരകൂർമ്മം' എന്നിങ്ങിനെ നാരായണീയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഇവിടേയും ഗ്രഹിച്ചുകൊൾക)

മഹാപത്മംപോലെ ഇരിക്കുന്ന തിരുമുഖത്തോടുകൂടിയ ശിവേ!

തിരുമുഖമാകുന്ന മഹാപത്മം എന്നു പേരായ നിധിയോടുകൂടിയ, അഥവാ, തിരുമുഖത്തിൽ മഹാപത്മം എന്നു പേരായ നിധിയുള്ള ശിവേ!

അല്ലയോ വിഷ്ണുവിനാൽ സേവിക്കപ്പെട്ട ശിവേ!

മുകുന്ദം എന്നു പേരായ നിധിയോടുകൂടിയ ശിവേ!

നീലങ്ങളായ തൃക്കണ്ണുകളോടുകൂടിയ ശിവേ!

തൃക്കണ്ണുകളിൽ നീലം എന്നു പേരായ നിധിയുള്ള ശിവേ!

ചന്ദനാദികളെക്കൊണ്ടുള്ള കുറിക്കൂട്ടു ശരീരത്തിലുള്ള—തിരുമേനിയിൽ കളഭമണിഞ്ഞിട്ടുള്ള—ശിവെ! അഥവാ, ചർച്ചികാരൂപെ എന്നും പറയാം. 'ചർച്ചികാ ഭൈരവീ തഥാ' (അമരം)

ആത്മാവിൽ ചർച്ച എന്നു പേരായ നിധിയോടുകൂടിയ ശിവേ!

ഇവിടെ പറയപ്പെട്ടപ്രകാരം ഞങ്ങളുടെ ശംഖം, പത്മം തുടങ്ങിയ നിധികൾ ശരീരത്തിലുള്ള ശിവേ!

ഞങ്ങളുടെ നിധിസ്വരൂപമാകുന്ന ഗാത്രത്തോടുകൂടിയ ശിവേ!

ഇപ്രകാരം ഭവിച്ച അല്ലയോ ശ്രീപാർവ്വതി! നിന്തിരുവടി അടിയനെ രക്ഷിക്കണെ. ഇങ്ങിനെയുള്ള പ്രാൎത്ഥനാവചനങ്ങളോടുകൂടിയ, നിന്തിരുവടിയുടെ സഖാവായ വൈശ്രവണന്റെ തൃപ്പാദനമസ്കാരം സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു. ('കുബേരസ്ത്ര്യംബകസഖാ' അമരം). നവനിധിപതിയായ വൈശ്രവണൻ ദേവിയെ തന്റെ നിധിസ്വരൂപിണിയായി വൎണ്ണിച്ചതുകൊണ്ടും, വൈശ്രവണനെ ദേവിയുടെ സഖാവെന്നു പറഞ്ഞതുകൊണ്ടും, അദ്ദേഹം ശ്രീമദാന്ധനല്ലെന്നും ദേവിയുടെ ശ്രീപാദങ്ങളിൽ വിനയ ഭക്തിയോടുകൂടിയവനാണെന്നും സൂചിക്കുന്നു.

68

ഈശാനകോണിന്റെ (വടക്കുകിഴക്കുമൂലയുടെ) അധിപനായി ദിക്പാലന്മാരുടെയിടയിൽ ഗണിക്കപ്പെട്ടുന്ന ശിവൻ ദേവിയെ ആശ്വസിപ്പിച്ചുകൊണ്ടു ചെയ്യുന്ന പ്രാൎത്ഥനയും, അതുകൊണ്ടു ദേവിയുടെ സൌഭാഗ്യാതിശയത്തേയും വൎണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

സന്നാമേഷു ഭവല്പദാംബുജനഖച്ഛായാം
ജടാസംഗിനീം
ഗംഗേത്യാളിജനാ വദന്തി വിതഥം
മാ ഭ്രമ്മുധാ കോപിനീ;
ദൃഷ്ടിൎമ്മയ്യയി! നീയതാം പരുഷമ-
പ്യേകം വചോ ദീയതാ-
മീശാനസ്യ ഭവാനി! തേ പദനതാ-
വിത്ഥം ജയന്ത്യൎത്ഥനാഃ.

സാരം:—അല്ലയോ പ്രിയേ! ഭവതിയുടെ ഈൎഷ്യാകൃതമായ കോപത്തെ ശമിപ്പിക്കാനായിക്കൊണ്ടുള്ള എ

ൻെറ നമസ്കാരങ്ങളിൽ, ജടയിൽ സംഗിക്കുന്നതായ (പ്രതിഫലിക്കുന്നതായ) ഭവതിയുടെ പാദപത്മനഖരത്നങ്ങളുടെ വെളുത്ത ശോഭയെ, സഖീജനങ്ങൾ അസത്യമായിട്ടു വർണ്ണസാദൃശ്യത്താൽ ഗംഗ എന്നിങ്ങിനെ ഭവതിയോടു പറയുന്നു. ഭ്രാന്തകളായ സഖികളുടെ വാക്കിൽ വിശ്വസിച്ചുകൊണ്ടു ഭവതി വെറുതെ എൻെറ നേരെ കോപിക്കരുതു്. ആകയാൽ കോപമുപേക്ഷിച്ച 'സ്വഭാവമധുര' യായ ഭവതി എന്നിൽ ദൃഷ്ടിയെ പ്രാപിപ്പിക്കണെ. ഒരു കണ്ണുകൊണ്ടെങ്കിലും എന്നെ നോക്കണെ എന്നു താല്പര്യം. നിഷ്ഠുരമായിട്ടെങ്കിലും കുറഞ്ഞൊന്നു എന്നോടു സംസാരിക്കണെ. ഇവ്വിധമുള്ളതുകളായ അല്ലയോ ശിവവല്ലഭയായുള്ളോവേ! പ്രിയതമനായ ശിവൻെറ, നിന്തിരുവടിയുടെ ശ്രീപാദനമസ്കാരത്തിലുള്ള പ്രാർത്ഥനാവചനങ്ങൾ സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

69

മേലെയുള്ള ദിക്കിൻെറ അധിപനായ ബ്രഹ്മാവിൻെറ പ്രാർത്ഥനയെ വർണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

നാഭീതോഭവമാദിതസ്ത്വ ബലാൽ
പശ്ചാദഭീതോസ്മ്യഹം
ത്ര്യക്ഷേണ ത്രിമുഖീകൃതോപി ചതുരാ-
സ്യോഹം തവൈവ സ്തവൈഃ;
ത്വം വിശ്വാത്മതയോപജന്യ ന പുനഃ
സ്രഷ്ടാരമാഖ്യാഹി മാ-
മിത്ഥം ദേവി! ജയന്തി തേ പദനതൌ
വാണീപതേർവ്വാണയഃ.

സാരം —അല്ലയോ ദേവി! അടിയൻ പ്രപഞ്ചസൃഷ്ടിക്കുമുമ്പു വിഷ്ണുവിൻെറ തിരുനാഭിദേശത്തിൽനിന്നു ജാതനായി. അപ്പോൾ അടിയൻ ഭയത്തോടു കൂടാത്തവ

നായി ഭവിച്ചില്ല. വിഷ്ണുവിൻെറ കൺമലങ്ങളിൽനിന്നു ജനിച്ചവരായ മധുകൈടഭന്മാരാകുന്ന രണ്ടു അസുരന്മാർ അടിയനെ നിഗ്രഹിക്കാൻ വന്നതുകൊണ്ടു ഭയത്തോടു കൂടിത്തന്നെ ഭവിച്ചു (നാഭീതോഭവമാദിതഃ എന്നതിൻെറ അൎത്ഥമാണു ഇവിടെ പറഞ്ഞതു്). അടിയൻ നിന്തിരുവടിയെ സ്തുതിച്ചതിന്നു ശേഷം നിന്തിരുവടിയുടെ സാമൎത്ഥ്യത്താൽ ഭയത്തോടുകൂടാത്തവനായി ഭവിക്കുന്നു. (വിഷ്ണുഭഗവാൻ യോഗനിദ്രയിൽനിന്നു ഉണൎന്നു മധുകൈടഭന്മാരെ നിഗ്രഹിച്ചതുകൊണ്ടു ബ്രഹ്മാവു അവരിൽ നിന്നുള്ള ഭയം തീൎന്നവനായിയെന്നുമാത്രമല്ല, ഇപ്പോഴും ഭയത്തോടുകൂടാതെ വസിക്കുന്നതും ദേവിയുടെ വൈഭവത്താലാണെന്നു താല്പൎയ്യം). അതുപോലെ, ശിവൻ അടിയനെ മൂന്നു മുഖങ്ങളോടുകൂടിയവനാക്കിച്ചെയ്തുവെങ്കിലും നിന്തിരുവടിയുടെ സ്തോത്രങ്ങൾ കൊണ്ടുതന്നെ ചതുരാസ്യനായി (സമൎത്ഥങ്ങളായ മുഖങ്ങളോടുകൂടിയവനായി, അഥവാ നാലുമുഖങ്ങളോടുകൂടിയവനായി) ഭവിച്ചു. നിന്തിരുവടിതന്നെ സൎവ്വ സ്വരൂപേണ ഭവിച്ചിട്ടു അടിയനെ ലോകസൃഷ്ടികൎത്താവു എന്നു പറയരുതെ. നിന്തിരുവടിതന്നെയാകുന്നു സൎവ്വലോകസൃഷ്ടിയെ ചെയ്യുന്നതു്. അടിയനല്ല എന്നു താല്പൎയ്യം. ഇപ്രകാരമുള്ളതുകളായ, അല്ലയോ ദേവി! നിന്തിരുവടിയുടെ ശ്രീപാദനമസ്കാരസമയത്തിൽ ബ്രഹ്മാവിൻെറ പ്രാൎത്ഥനാവചനങ്ങൾ സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു. (ശിവൻ ബ്രഹ്മാവിൻെറ ശിരച്ഛേദം ചെയ്തതിന്നു മുമ്പും അതിന്നുശേഷവും ബ്രഹ്മാവു ചതുരാസ്യനാണെന്നുള്ളതു് അദ്ദേഹത്തിൻെറ സ്തുതിയിൽനിന്നു സ്പഷ്ടമാവുന്നുണ്ടു. സംശയം തോന്നുന്ന ഭാഗം കല്പഭേദത്തെ ആശ്രയിച്ചു പരിഹരിക്കേണ്ടതാകുന്നു):

70

താഴെയുള്ള ദിക്കിന്റെ അധിപനായ ആദിശേഷമൂർത്തിയുടെ പ്രാത്ഥനയെ വണ്ണിച്ചുകൊണ്ടു ശ്രീപാദത്തെ സ്തുതിക്കുന്നു.

ആശീരസ്തി മുഖേ വിഡംബയതി മാം
ഭൂയോപി ചാശീസ്പൃഹാ
ഭോഗാസ്സന്തി സഹസ്രധാ പുനരഹം
ഭോഗാൻ കഥം പ്രാത്ഥയേ;
ശേഷോഹം സ്പൃഹയാമ്യശേഷസുഖമി-
ത്യേതച്ച ഹാസാസ്പദം
നാഥേ! ചിന്തയ സവ്വമിത്യഹിപതേ-
സ്തല്പാദപാതോ ജയേൽ.

സാരം:—അടിയന്റെ മുഖത്തിൽ ആശിസ്സ ഭവിക്കുന്നു. പിന്നെയും ആശിസ്സിലുള്ള ആഗ്രഹം അടിയനെ പരിഹാസയോഗ്യനാക്കിത്തീക്കുന്നു. (ആശീഃ എന്ന പദത്തിന്നു ആശിസ്സ എന്നു ഭാഷ; ആശീർവ്വാദം എന്നും പാമ്പിന്റെ വിഷപ്പല്ലു എന്നും അത്ഥം). ആശിസ്സ സിദ്ധിച്ചിട്ടും, വീണ്ടും ആശിസ്സിനെ ആഗ്രഹിക്കുന്നതു് പരിഹാസകാരണമാണെന്നു താല്പൎയ്യം. ഭോഗങ്ങളെ (ധനങ്ങളെ) പ്രാത്ഥിക്ക എന്നാണെങ്കിൽ പറയുന്നു. അടിയന്നു അനേകപ്രകാരത്തിൽ ഭോഗങ്ങൾ ഭവിക്കുന്നു. അസംഖ്യം ഭോഗങ്ങൾ സിദ്ധിച്ചതിന്നുശേഷം ഭോഗങ്ങളെ എങ്ങിനെ പ്രാത്ഥിക്കുന്നു. സിദ്ധിച്ചതിനെ പിന്നെയും പ്രാത്ഥിക്കുന്നതു് യോഗ്യമല്ല എന്നു താല്പൎയ്യം. (ഭോഗശബ്ദത്തിന്നു, ധനമെന്നും ഫണമെന്നും അത്ഥം). ആശിസ്സ

കൾകൊണ്ടു ലഭിക്കുന്നതായ ധനാദികളേയോ, അഥവാ, അങ്ങിനെയുള്ള ധനാദികൾ നിമിത്തമുണ്ടാവുന്ന സുഖത്തേയോ മാത്രം പ്രാൎത്ഥിക്കുന്നതുകൊണ്ടെന്താണ്, അശേഷസുഖത്തെ പ്രാൎത്ഥിക്ക എന്നാണെങ്കിൽ പറയുന്നു. ശേഷനായ (അനന്തനായ) അടിയൻ അശേഷസുഖത്തെ ഇച്ഛിക്കുന്നു എന്നിങ്ങിനെയുള്ള അശേഷസുഖപ്രാൎത്ഥനയും പരിഹാസകാരണമായി ഭവിക്കുന്നു. ശേഷൻ ശേഷസുഖത്തെ പ്രാൎത്ഥിക്കുകയല്ലാതെ അശേഷസുഖത്തെ പ്രാൎത്ഥിക്കുന്നതു ഉചിതമല്ലെന്നു താല്പൎയ്യം. (അശേഷസുഖം എന്നതിന്നു, ഒട്ടൊഴിയാതെയുള്ള സൌഖ്യമെന്നും ശേഷനല്ലാത്തവൻെറ സുഖമെന്നും അൎത്ഥം). അതു ഹേതുവായിട്ടു അല്ലയോ സ്വാമിനി! നിന്തിരുവടിതന്നെ അടിയന്നു പ്രാൎത്ഥിക്കാൻ യോഗ്യമായതെല്ലാം ആലോചിക്കണേ. അടിയന്നാകട്ടെ, ഇവിടെ പറഞ്ഞതുപോലെ ഉചിതമായ പ്രാൎത്ഥന എന്താണെന്നു തോന്നായ്കയാൽ നിന്തിരുവടിതന്നെ ആലോചിച്ച് അരുളിച്ചെയ്യണെ എന്നു താല്പൎയ്യം. ഇങ്ങിനെയുള്ള പ്രാൎത്ഥനാവചനങ്ങളോടുകൂടി ആദിശേഷമൂൎത്തി നിന്തിരുവടിയുടെ ശ്രീപാദപത്മങ്ങളിൽ ദണ്ഡുപോലെ വീണു നമസ്കരിക്കുന്നു. ആദിശേഷൻെറ അപ്രകാരമുള്ള നമസ്കാരം സൎവ്വോൽക്കഷേണ വൎത്തിക്കട്ടെ.

71

അനന്തരം താനുണ്ടാക്കിയ 70 പദ്യങ്ങൾകൊണ്ടു ദേവീപാദഗുണവിശേഷത്തെ പ്രദൎശിപ്പിക്കാനായിക്കൊണ്ടു പദ്യശബ്ദത്തിൻെറ അവയവാൎത്ഥത്തോടുകൂടി, ഭക്തന്മാൎക്കു ഈ സ്തോത്രപഠനാദികളുടെ ഫലമായി ഭവിച്ചിട്ടുള്ള മംഗളസമ്പത്തിദാനത്തെ പ്രാൎത്ഥിച്ചുംകൊണ്ടു സ്തോത്രത്തെ അവസാനിപ്പിക്കുന്നു.

പാർവ്വത്യാഃ പദമത്ര ദൃശ്യമിതി വാ
പാദൈഭവത്യേന വാ
സാധുത്വാത്തദുപാസ്തയേ ഹിതതയാ
പദ്യാന്യമൂനി സ്ഫുടം;
സൈഷാ മുക്തിപുരീഗിരീന്ദ്രതനയാ-
ഭക്തേന നാരായണേ-
നാബദ്ധാ ഖലു സപ്തതിസ്ത്രിശതു വഃ
കല്യാണഹല്ലോഹലം.

സാരം:—അടിയനാൽ ഉണ്ടാക്കപ്പെട്ട, യൽസംവാഹനലോഭിനഃ എന്നുതുടങ്ങി, പാർവ്വത്യാഃ പദമത്ര എന്നതുവരെയുള്ള ഇതുകൾ പദ്യങ്ങളാകുന്നു. പദ്യശബ്ദത്തിന്റെ അവയവാൎത്ഥങ്ങളെ വിവരിച്ചുകൊണ്ടു പറയുന്നു. ഈ പദ്യങ്ങൾ പഠിക്കുന്നവൎക്ക ശ്രീപാൎവ്വതിയുടെ പദം ദൎശിക്കാനായിക്കൊണ്ടു ശക്യമാകുന്നു എന്നതുഹേതുവായിട്ടോ, 2. ശ്രീപാർവ്വതിയുടെ പാദങ്ങളെ പ്രതിപാദിക്കുന്നതുകളാവു എന്നതു ഹേതുവായിട്ടോ, 3. ശ്രീപാർവ്വതിയുടെ പാദപ്രാപ്തിയെച്ചെയ്യുന്നതുകളാവു എന്നതു ഹേതുവായിട്ടോ, 4. ശ്രീപാർവ്വതിയുടെ പാദോപാസനത്തിന്നായിക്കൊണ്ടു ഹിതങ്ങളാവു എന്നതു ഹേതുവായിട്ടോ വ്യക്തമാകുംവണ്ണം പദ്യനാമങ്ങളായി ഭവിക്കുന്നു. ഇതുകൊണ്ടു ഈ സ്തോത്രത്തിൽ ഘടിപ്പിച്ചിട്ടുള്ള പദ്യങ്ങൾക്ക ദേവീപാദപ്രത്യക്ഷപ്രയോജകത്വം, തൽഗുണബോധകത്വം, തൽപ്രാപ്തി ഹേതുത്വം, തദുപാസനാസാധകത്വം എന്നിതുകളെയാണു പറയപ്പെട്ടിട്ടുള്ളതു്.

മുക്തിക്ഷേത്രനിവാസിനിയായ ശ്രീപാൎവ്വതിയിൽ ഭക്തിയോടുകൂടിയ നാരായണനാൽ (നാരായണഭട്ടതിരിപ്പാടു എന്ന സുപ്രസിദ്ധമഹാകവിയാൽ) നിബദ്ധയായ, ഇവിടെ പറയപ്പെട്ട പ്രകാരം അനന്തൎത്ഥപദ്യങ്ങളോടു കൂടിയ ഈ ശ്രീപാദസപ്തതി സ്തോത്രം (70 പദ്യസ്വരൂപമാകയാൽ സപ്തതി) ഭക്തന്മാരായ നിങ്ങൾക്കായിക്കൊണ്ടു മംഗളങ്ങളുടെ ഫല്ലോഫലത്തെ നിശ്ചയമായും ദാനം ചെയ്യട്ടെ.

ഫല്ലോഫലം എന്നതു്, പ്രാപിക്കുന്ന വിഷയത്തിൽ ഞാൻമുമ്പെ ഞാൻമുമ്പെ എന്നിങ്ങിനെ ബദ്ധപ്പാടിനെ ഉണ്ടാക്കുന്ന അഹങ്കാരമാകുന്നു. ശ്രീകൃഷ്ണൻ ഗോപകുമാരന്മാരോടുകൂടി വൃന്ദാവനത്തിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ വല്ല സംഗതിവശാലും ഭഗവാൻ കുറഞ്ഞൊന്നു ദൂരെയായാൽ ഗോപന്മാരെല്ലാവരുംകൂടി, എനിക്കു മുമ്പെ ശ്രീകൃഷ്ണനെ തൊടണം ഞാൻ മുമ്പെ ശ്രീകൃഷ്ണനെ തൊടും എന്നു പറഞ്ഞുകൊണ്ടു ഭഗവാന്റെ സമീപത്തിലേക്കു ഓടിയെത്താറില്ലെ അതുപോലെ, പ്രസ്തുത സ്തോത്രപഠനാദികളെച്ചെയ്യുന്ന ഭക്തന്മാരായ നിങ്ങൾക്കു, അൎത്ഥപുത്രമിത്രകളത്രാദികൾകൊണ്ടുള്ള സൎവ്വവിധമായ ഐഹികസൌഖ്യങ്ങളും അവസാനത്തിൽ മുക്തിയും അതുകൾക്കുവേണ്ടി ക്ലേശിക്കാതെ തന്നെ ദേവിയുടെ പ്രസാദത്താൽ തൽക്ഷണം സിദ്ധിക്കട്ടെ എന്നു താല്പൎയ്യം. പരമഭക്തനായ മഹാകവി ഇപ്രകാരമുള്ള പ്രാൎത്ഥനയോടുകൂടി, ലോകാനുഗ്രഹത്തിന്നായി രചിച്ചതായ ശ്രീപാദസപ്തതി എന്നുപേരായ പ്രസ്തുത സ്തോത്രത്തെ, ദേവിയുടെ ശ്രീപാദപത്മങ്ങളിൽ സമൎപ്പിക്കുകയും ചെയ്തു.

ശ്രീമഹാദേവ്യൈനമഃ

# മൂക്കോല ഭഗവതിയുടെ കേശാദിപാദാന്തസ്തുതി.

സിന്ദൂരംപോലെ അരുണവൎണ്ണമായിരിക്കുന്ന തേജസ്സിന്റെ മദ്ധ്യത്തിലായി, ദേവിയുടെ സ്വരൂപം ഹൃദയത്തിൽ പ്രകാശിക്കണെ എന്നിങ്ങിനെ കവി ദേവിയോടു പ്രാൎത്ഥിക്കുന്നു.

സിന്ദൂരാരുണമുജ്ജ്വലന്നയനയോ-
രാനന്ദസന്ദോഹനം
വിശ്വവ്യാപി മനോരമം കലയതാം
സന്താപവിദ്ധ്വംസനം;
തേജോമണ്ഡലമാത്മനി സ്ഫുരതു മേ
ഭൂയസ്തദന്തൎഗ്ഗതം
ലാവണ്യായതനം സ്വരൂപമപി തേ
മൂക്കോലസംസ്ഥേ! ശിവേ!. 1

കോടി സൂര്യപ്രകാശമുള്ളതും സുവൎണ്ണമയവുമായ കിരീടത്തേയും, കല്ലുകപ്പൂമാലയണിഞ്ഞിട്ടുള്ള തിരുമുടിക്കെട്ടിനേയും ധ്യാനിക്കുന്നു.

ഉദ്യൽഭാസ്കരകോടി സുപ്രഭമന-
ൎഘാനേകരത്നാവലീ-
രാജച്ചന്ദ്രകലാവിരാജിമകുടം
ഹൈമം നിസൎഗ്ഗോജ്ജ്വലം;
ആനീലം പൃഥുകുഞ്ചിതാഗ്രമമലം
കല്പപ്രസൂനാഞ്ചിതം
സ്നിഗ്ദ്ധം തേ കബരീഭരഞ്ച കലയേ
മൂക്കോലസംസ്ഥേ! ശിവേ!.

കുറുനിരകളാംകൊണ്ടു അലംകൃതമായ തിരുനെററിയിൽ ശോഭിക്കുന്ന കസ്തൂരീ തിലകത്തേയും, കാമൻെറ വില്ലിനെ വെല്ലുന്നതായ രണ്ടു പുരികക്കൊടികളേയും, മുത്തുരത്നശോഭിതമായ നാസാപുടത്തേയും ധ്യാനിക്കുന്നു.

അദ്ധേന്ദുപ്രതിമെ ലലാടഫലകേ
നീലാളകാലങ്കൃതേ
കസ്തൂരീതിലകം വിലാസചതുരം
ചാനംഗചാപോപമം;
ഭ്രൂവല്ലീയുഗളം സമുന്നതമതി-
സ്വച്ഛഞ്ച നാസാപുടം
രാജന്മൌക്തികരത്നമംബ! കലയേ
മുക്തിസ്ഥലസ്ഥേ! ശിവേ!. 3

അഞ്ജനം ധരിച്ച ഭംഗി കൂടിയതും കടാക്ഷലേശത്താൽ ആശ്രിതന്മാരുടെ സവ്വസന്താപങ്ങളെ കളയുന്നതുമായ നിന്തിരുവടിയുടെ രണ്ടു തൃക്കണ്ണുകളം അനാഥനായ അടിയനിൽ പതിപ്പിക്കണെ എന്നു പ്രാത്ഥിക്കുന്നു.

ലീലാചഞ്ചലമഞ്ജനാഞ്ചിതമദീ-
നാലോക ലീലാലവ-
പ്രദ്ധ്വസ്താനതഭൂരിതാപനികരം
വിസ്തീണ്ണമത്യായതം;
സ്നിഗ്ദ്ധശ്യാമളപക്ഷ്മപങ്ക്തിനയന-
ദ്വന്ദ്വം ദയാവാരിധേ!
ദീനേ പാതയ മയ്യനന്യശരണേ
മുക്തിസ്ഥലസ്ഥേ! ശിവേ! 4

തൃക്കാതുകളിൽ അണിഞ്ഞിട്ടുള്ള രത്നകുണ്ഡലങ്ങളുടെ ശോഭയോടുകൂടിയതായി പവിഴക്കണ്ണാടി പോലെയുള്ള തൃക്കവിൾത്തടങ്ങളും, അധരങ്ങളും, ദന്തപങ്ക്തി, ചിബുകം ഇതുകളെ ധ്യാനിക്കുന്നു.

ഗണ്ഡൌ വിദ്രുമദർപ്പണാതിവിമലൌ
ഗോരോചനാലങ്കൃതൌ
കർണ്ണോത്ഭാസിതരത്നകുണ്ഡലരുചാ
വിഭ്രാജിതൌ കോമളൌ;
ബന്ധൂകപ്രസവാരുണാധരപുടം
കുന്ദാഭദന്താവലീ-
വിഭ്രാജച്ചിബുകഞ്ച ദേവി! കലയേ
മുക്തിസ്ഥലസ്ഥേ! ശിവേ!. 5

കിരീടാദികളുടെ ശോഭയോടുകൂടിയ തിരുമുഖചന്ദ്രങ്കൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന പുഞ്ചിരിച്ചന്ദ്രികയെ ധ്യാനിക്കുന്നു.

ഭാസ്വദ്രത്നകിരീടകുണ്ഡലയുഗ-
ഗ്രൈവേയകോത്ഭാസിതേ
വക്ത്രേന്ദൌ നിജകാന്തിദൂഷിതപരി-
ഷ്കാരേ മനോനന്ദനേ;
രാജന്തീം സ്മിതചന്ദ്രികാം നതജനാ-
ന്തസ്താപനിർമ്മൂലിനീം
നിത്യം ചേതസി ഭാവയാമി വരദേ!
മുക്തിസ്ഥലസ്ഥേ! ശിവേ! 6

മംഗല്യസൂത്രം ധരിച്ചിട്ടുള്ളതും, മനോഹരസ്വരത്തോടുകൂടിയതുമായ തൃക്കഴുത്തിനെ ധ്യാനിക്കുന്നു.

കസ്തൂരീഘനസാരകുങ്കുമമുഖൈ-
രാലേപനൈരഞ്ചിതം
ഗ്രൈവേയൈശ്ച നിരന്തരം മണിമയൈ-
ർമ്മംഗല്യസൂത്രോജ്ജ്വലം;
രേഖാഭിസ്തിസൃഭിസ്തഥാ വിലസിതം
ചാരുസ്വരം ബന്ധുരം
കണ്ഠം തേ കലയാമി ഗീതനിപുണേ!
മുക്തി സ്ഥലസ്ഥേ! ശിവേ!. 7

രത്നമോതിരം തുടങ്ങിയ ആഭരണങ്ങളണിഞ്ഞു ശോഭിയ്ക്കുന്നവയും, കരിമ്പിൻവില്ല്, പുഷ്പബാണം, പാശം, തോട്ടി എന്നിതുകളെ ധരിച്ചിട്ടുള്ളതുകളും, ശരണാഗതന്മാർക്ക അഭയത്തെ നല്കുന്നവയുമായ തൃക്കൈകൾ അടിയന്റെ ശിരസ്സിൽ വെയ്ക്കണെ എന്നപേക്ഷിയ്ക്കുന്നു.

കേയൂരാദിവിചിത്രഭൂഷണധരാൻ
രത്നാംഗുലീയപ്രഭാ-
രാജല്പാണിതലാൻ ധൃതൈക്ഷവധനുഃ-
പുഷ്പേഷുപാശാങ്കുശാൻ;
ആനമ്രാഭയദാൻ ശിരീഷമൃദുലാ-
നാലേപനൈരഞ്ചിതാൻ
ബാഹൂൻ മൂർദ്ധ്നി മേ നിധേഹി സദയം
മുക്തിസ്ഥലസ്ഥേ! ശിവേ!. ൮

തൃക്കഴുത്തിലണിഞ്ഞു ശോഭിച്ചുകൊണ്ടിരിക്കുന്ന രത്നമയമായ പതക്കം, തിരുമാറിടത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന മുത്തുമാല, സ്വർണ്ണമാല, രത്നമാല, അതിസൌരഭ്യമുള്ള പുഷ്പമാല ഇതുകളേയും ധ്യാനിക്കുന്നു.

നിഷ്കം ബാഹുലതാന്തരെ മണിഗണൈ-
രാകീർണ്ണമത്യുത്ഭുതം
ഹാരം ചാപി മനോഹരം മണിമയീം
മാലാം തഥാ കാഞ്ചനീം;
രാജീവോല്പലചമ്പകാദികുസുമൈഃ
ക്ലുപ്താമഹീനശ്രിയം
മാലാം സൌരഭശാലിനീം ച കലയേ
മുക്തിസ്ഥലസ്ഥേ! ശിവേ!. 9

വെളുപ്പും, ചുവപ്പും കൂടികലൎന്ന നിറത്തിൽ അതിനേൎമ്മയുള്ള പട്ടുവസ്ത്രംകൊണ്ടു മറയ്ക്കപ്പെട്ടതായ പീനങ്ങളായ സ്തനങ്ങളേയും, കൃശമായ മദ്ധ്യത്തേയും, രോമാളിയേയും ധ്യാനിക്കുന്നു.

വൃത്തൌ കുങ്കുമഭൂഷിതൌ നിരുപമൌ
പീനൌ സ്തനൌ സംഹതൌ
തുംഗൌ കോമള സൂക്ഷ്മപാടലപട-
പ്രച്ഛാദിതാവുജ്ജ്വലൌ;
മദ്ധ്യം ചാപി കൃശം വലിത്രയയുതം
വക്ഷോജഭാരാനതം
തന്വീം രോമലതാഞ്ച ദേവി! കലയേ
മുക്തിസ്ഥലസ്ഥേ! ശിവേ!. 10

ശോഭിച്ചുകൊണ്ടിരിക്കുന്ന തിരുനാഭിയേയും, തൃക്കടിപ്രദേശത്തു ധരിച്ചിട്ടുള്ള ചുവന്ന പട്ടുവസ്ത്രത്തേയും അതിന്നു മീതെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന കാഞ്ചി തുടങ്ങിയ ആഭരണങ്ങളേയും, മനോഹരങ്ങളായ തുത്തുടകളേയും ധ്യനിക്കുന്നു.

ആവർത്താഭ മമന്ദശോഭമമലം
നിമ്നം ച നാഭീബിലം
കാഞ്ചീദാമനിബദ്ധരത്ന വിലസ-
ത്സിന്ദൂരവർണ്ണാംശുകം;
വിസ്തീർണ്ണം രശനാപദം കനകരം-
ഭാഭാവൃത്രു കോമളാ-
വൂരൂ ചാരുതരൌ ച ദേവി! കലയേ
മൂകാംബികേ! ശിവേ!. 11

തിരുമുട്ടുകൾ, മുഴങ്കാലുകൾ, നൂപുരങ്ങൾ, പുറവടികൾ ഇതുകളെ ധ്യാനിക്കുന്നു.

ജാനുദ്വന്ദ്വമിഭേന്ദ്രകുംഭസുഷമാ
ചോരഞ്ച ജംഘായുഗം
ചേതോജന്മനിഷംഗ സൌഭഗഹരം
വൃത്തഞ്ച നാത്യായതം;
മഞ്ജീരഞ്ച മനോഭിരാമനിനദം
രത്നപ്രഭാഭാസുരം
കൂർമ്മാഭം പ്രപദഞ്ച ദേവി! കലയേ
മൂകാംബികേ! ശിവേ!. 12

ഇനി നാലു പദ്യങ്ങളാം കൊണ്ടു പാദാരവിന്ദത്തെ സ്തുതിക്കുന്നു. ശോഭിച്ചുകൊണ്ടിരിക്കുന്ന തിരുവിരലുകളോടും, തിരുനഖങ്ങളോടുംകൂടിയതും, കല്പലതയുടെ തളിരുപോലെ ഭംഗിയുള്ളതും, ലാക്ഷാരസമണിഞ്ഞിട്ടുള്ളതുമായ പാദാരവിന്ദത്തെ അടിയൻ ധ്യാനിക്കുന്നു.

സ്നിഗ്ദ്ധസ്വച്ഛതരാംഗുലീ ദളതതി-
ച്ഛായാവിരാജന്നഖ-
പ്രാലേയാംശുമരീചിധൂതവിനമ-
ത്താപാന്ധകാരോദയം;
കാന്തം കല്പലതാപ്രവാളസുഭഗം
ലാക്ഷാരസാരഞ്ജിതം
പാദാബ്ജം തവ ഭാവയാമി വരദേ!
മുക്തിസ്ഥലസ്ഥേ! ശിവേ!. 13

ഭക്തന്മാരുടെ ഹൃദയങ്ങളിൽ സമർപ്പിച്ചിട്ടുള്ളതും അവരുടെ സർവ്വവിധമായ ദുഃഖങ്ങളെ നശിപ്പിച്ച് അഭീഷ്ടങ്ങളെ കൊടുക്കുന്നതും, സജ്ജനങ്ങളെല്ലാവരും സേവിച്ചുകൊണ്ടിരിയ്ക്കുന്നതുമായ പാദാരവിന്ദത്തെ അടിയൻ ധ്യാനിക്കുന്നു.

ഭക്താനാം ഹൃദയേഷു ഭൂരികൃപയാ
ന്യസ്തം തദന്തർഗ്ഗതം
ഗാഢം താപതമോ നിഹത്യ ശിശിരീകുർവ്വൽ
പ്രകാശാധികം;
ആനന്ദാമൃതവർഷി കാമവരദം
യൽസേവ്യമാനം ബുധൈ-
സ്തത്തേ പാദസരോജമംബ! കലയേ
മുക്തി സ്ഥലസ്ഥേ! ശിവേ!. 14

സുരഥൻ എന്നു പേരായ രാജാവു മനുവായി ഭവിച്ചതും, സമാധി എന്നു പേരായ വൈശ്യൻ പരമജ്ഞാനിയായി ഭവിച്ചതും, മഹാവിഷ്ണു മോഹിനീവേഷംപൂണ്ടു ശിവനെ മോഹിപ്പിച്ചതും, ദേവിയുടെ പാദാരവിന്ദത്തെ സേവിച്ചതുകൊണ്ടാകുന്നു. അങ്ങിനെയുള്ള പാദാരവിന്ദത്തെ അടിയൻ ധ്യാനിക്കുന്നു.

രാജാ ചൈത്രകുലോത്ഭവസ്സുരഥോ
യത്സേവയാഭൂന്മനുഃ
വൈശ്യസ്സോപി സമാധിരാപ മതിമാൻ
ജ്ഞാനം പരൈർദ്ദുർല്ലഭം;
യോഷാമൂർത്തിരമൂമുഹൽ സ്മരരിപും
ദേവോപി നാരായണഃ
തത്തേ പാദസരോജമംബ! കലയേ
മുക്തിസ്ഥലസ്ഥേ! ശിവേ!. 15

ദേവിയുടെ പാദാരവിന്ദത്തിലെ ഒരു പൊടി ശിരസ്സിൽ ധരിക്കാനായിക്കൊണ്ടു ബ്രഹ്മാദികൾപോലും പലവിധത്തിലുള്ള തപസ്സുചെയ്യുന്നു. അങ്ങിനെയുള്ള പാദാരവിന്ദത്തെ തിരുവടി കാരുണ്യത്തോടുകൂടെ നൂപുരധ്വനിയോടുകൂടുംവണ്ണം ദീനനായ അടിയൻെറ ശിരസ്സിൽ വെയ്ക്കണെ എന്നു പ്രാർത്ഥിക്കുന്നു.

യല്ലാംസും കമലാസനപ്രഭൃതയോ
ദേവാ മുനീന്ദ്രാസ്തഥാ
വോഢും മൂർദ്ധ്നി ന കുർവ്വതേ യതധിയഃ
കിം കിം തപോ ദുഷ്കരം;
തൽ പാദാംബുജ മാനതസ്യ സതതം
ദീനസ്യ മേ മസ്തകേ
കുജന്നൂപുരമർപ്പയാംബ! കൃപയാ
മുക്തിസ്ഥലസ്ഥേ! ശിവേ!. 16

യാതൊരാളാണൊ ശ്രദ്ധയോടുകൂടെ പതിവായി രണ്ടു സന്ധ്യകളിലും ഈ സ്തോത്രം ചൊല്ലുന്നതു അല്ലയോ ദേവി! നിന്തിരുവടി അങ്ങിനെയുള്ള ഭക്തൻെറ പേരിൽ സന്തോഷിച്ചു് സൎവ്വവിധമായ ക്ലേശങ്ങളെ നശിപ്പിച്ചു എന്നും നശിയ്ക്കാത്തതായ ഭക്തി കൊടുക്കണെ എന്നു പ്രാൎത്ഥിയ്ക്കുന്നു.

നിത്യം യേന ശിവാംഗവൎണ്ണനമിദം
 സ്തോത്രം ദ്വയോസ്സന്ധ്യയോഃ
പദ്യൈഷ്ഷോഡശഭിഃ കൃതം കൃതധിയാ
 മൎത്ത്യേന സങ്കീൎത്ത്യതെ;
തസ്യ പ്രീതമനാഃ പരേശമഹിഷി!
 ത്വം ദേവി! താപത്രയം
നിൎദ്ധൂയാശു വിധേഹി ഭക്തിമചലാം
 മുക്തിസ്ഥലസ്ഥേ! ശിവേ!. 17

സമാപ്തം

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 294 Acc. No. 19650

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M294
NAR-S

19650

നാരായണൻ ഭട്ടതിരിപ്പാട്
മേല്പത്തൂർ

ശ്രീ പാദസപ്തതി

KOTTAYAM PUBLIC LIBRARY

Call No M294 Acc. No 19650

Author നാരായണൻ ഭട്ടതിരിപ്പാട്
മേല്പത്തൂര്

Title ശ്രീ പാദസപ്തതി